
മടിക്കൈ
ഗ്രാമപഞ്ചായത്ത്



സമഗ്ര വികസന രേഖ

അധികാരം ജനങ്ങളിലേക്ക്



ഇന്ത്യ ജീവിക്കുന്നത് ഗ്രാമങ്ങളിലാണ്.

- ഗാന്ധിജി

151-5

ഉള്ളടക്കം

മടിക്കൈ ഗ്രാമ പഞ്ചായത്ത് പൊതുവിവരം

1. ഭൂപ്രകൃതി
2. മൃഗസംരക്ഷണം
3. വ്യവസായം
4. കൃഷി, ജലസേചനം
5. സഹകരണം വിഭവ സമാഹരണം
6. പട്ടിക ജാതി പട്ടിക വർഗം ക്ഷേമം
7. വിദ്യാഭ്യാസം
8. കുടിവെള്ളം, പൊതുജനാരോഗ്യം
9. ഗതാഗതം ഊർജ്ജം
10. സാമൂഹ്യക്ഷേമം പാർപ്പിടം
11. സംസ്കാരം
12. വനിത

ഉപസംഹാരം.


വികസന റിപ്പോർട്ട് പിന്നിൽ പ്രവർത്തിച്ചവർ

1. കവിണിശ്ശേരി കുഞ്ഞിരാമൻ മാസ്റ്റർ	(കെ.ആർ.പി)
2. സി. ശാരദ	(കെ.ആർ.പി)
3. വി.വി. രമേശൻ	(കെ.ആർ.പി)
4. ബി.ബാലൻ.	(കൺവീനർ)
5. ടി. ഭാസ്കരൻ	(ഡി.ആർ.പി)
6. പി. രവീന്ദ്രൻ	(ഡി.ആർ.പി)
7. വി.വി. നാരായണൻ. കൃഷി ഓഫീസർ	(ഡി.ആർ.പി)
8. ടി.വി. കുഞ്ഞാമൻ.	(ഡി.ആർ.പി)
9. പി.ഓമന	(ഡി.ആർ.പി)
10. ടി. നാരായണി ടീച്ചർ	(ഡി.ആർ.പി)
11. വി. ടി. രത്നാകൻ	(ഡി.ആർ.പി)
12. എം. രാജൻ കറുകവളപ്പ്.	(ഡി.ആർ.പി)
13. ശാന്ത ടീച്ചർ	(ഡി.ആർ.പി)
14. പി. വി. അമ്പു	(പഞ്ചായത്ത് സെക്രട്ടറി)

ഭരണ സമിതി അംഗങ്ങൾ




ശ്രീമതി. ബേബി ബാലകൃഷ്ണൻ
പ്രസിഡൻറ്



എൻ. കൃഷ്ണൻ
സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ




ശ്രീമതി. പി. ലക്ഷ്മി, വാർഡ് - 2




കെ. നാരായണൻ, വാർഡ് - 4



വി. രാമകൃഷ്ണൻ, വാർഡ് - 5




കെ. കൊട്ടൻ, വാർഡ് - 7



ശ്രീമതി. ടി. വി. രമണി, വാർഡ് - 8



വി. വി. നാരായണി, വാർഡ് - 9



എം. ശങ്കരൻ വാഴക്കോട്, വാർഡ് - 10


മുൻ പഞ്ചായത്ത് പ്രസിഡണ്ടുമാർ



വടക്കൻതോട്ടത്തിൽ അമ്പാടി



മടിക്കൈ കുഞ്ഞിക്കണ്ണൻ



കെ. വി. കുമാരൻ



കെ. എം. കുഞ്ഞിക്കണ്ണൻ

പൊതുവിവരങ്ങൾ

പഞ്ചായത്തിന്റെ പേര്	:	മടിക്കൈ ഗ്രാമ പഞ്ചായത്ത്
ഉൾപ്പെടുന്ന റവന്യൂ വില്ലേജുകൾ	:	അമ്പലത്തുകര, മടിക്കൈ
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	:	മടിക്കൈ
ബ്ലോക്ക് പഞ്ചായത്ത്	:	കാഞ്ഞങ്ങാട്
ജില്ല പഞ്ചായത്ത് ഡിവിഷൻ	:	അജാനൂർ
താലൂക്ക്	:	ഹോസ്ദുർഗ്
ജില്ല	:	കാസർഗോഡ്
അസംബ്ലി മണ്ഡലം	:	ഹോസ്ദുർഗ്
പാർലമെന്ററി മണ്ഡലം	:	കാസർഗോഡ്
വിസ്തീർണ്ണം	:	51.81 ച: കി. മി.
ജനസംഖ്യ	:	19352 (1991 ലെ സെൻസസ്)
		പുരുഷൻ : 9331
		സ്ത്രീകൾ: 10021
വാർഡുകളുടെ എണ്ണം	:	10
പ്രസിഡന്റിന്റെ പേര്	:	പി. ബേബി ബാലകൃഷ്ണൻ
വൈസ് പ്രസിഡന്റിന്റെ പേര്	:	ബി. ബാലൻ

(95 ഒക്ടോബർ 2 മുതൽ 96 ഒക്ടോബർ 28 വരെ)

ഭരണപരമായ ചരിത്രം

പഞ്ചായത്ത് രൂപീകരണം	:	1938 (മടിക്കൈ 1, 2 ഗ്രാമം)
പ്രസിഡന്റ്	:	എ.സി. ചാത്തുക്കുട്ടി നായർ
വൈസ് പ്രസിഡന്റ്	:	കെ.കോരൻ നായർ

1947 പ്രസിഡന്റ് എ.സി. ചാത്തുക്കുട്ടി നായരുടെ നിര്യാണത്തെതുടർന്ന് 5.10.1947ന് കെ.കോരൻ നായരുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വെച്ച് വൈസ് പ്രസിഡന്റ് കെ.കോരൻ നായരെ തെരെഞ്ഞെടുത്തു. 1950 വരെയുള്ള ആദ്യകാലത്ത് കല്യാൺഭവനവും പിന്നീട് കീക്കാൻകോട്ടുള്ള വാടകകെട്ടിടത്തിലാണ് പഞ്ചായത്ത് ആസ്ഥാനം പ്രവർത്തിച്ചിരുന്നത്.

1950 വരെ അധികാരത്തിലുണ്ടായിരുന്ന മടിക്കൈ പഞ്ചായത്ത് ഭരണസമിതിയംഗങ്ങൾ

1. എ.സി. ചാത്തുക്കുട്ടി നായർ (പ്രസിഡന്റ്)
2. കെ.കോരൻ നായർ (വൈസ് പ്രസിഡന്റ്)
3. മനിയേരി ചിണ്ടൻ നായർ
4. വി. ശങ്കരൻ കോമരം
5. എം. കൃഷ്ണൻ ജ്യോത്സ്യൻ
6. കല്ലുള്ളൻ വൈദ്യർ
7. പി.വി. ചിണ്ടൻ
8. ചെറുവായി .കോരൻ

ഈ ഭരണസമിതിയിൽ അംഗമായിരുന്ന കല്ലുള്ളൻ വൈദ്യർ 1957 ൽ നടന്ന പൊതുതെരെഞ്ഞെടുപ്പിൽ നീലേശ്വരം ദ്വയാംഗ നിയോജകമണ്ഡലത്തിൽ നിന്ന് ശ്രീ. ഇ.എം.എസിനോടൊപ്പം ഐക്യകേരളനിയമസഭയിലേക്ക് തെരെഞ്ഞെടുക്കപ്പെടുകയുണ്ടായി.

17.4.1950ൽ മടിക്കൈയിൽ ജനകിയപഞ്ചായത്ത് നിലവിൽ വന്നു. പ്രസ്തുത പഞ്ചായത്തിന്റെ ആസ്ഥാനം കീക്കാംകോട്ട് നിന്നും തലയത്തേക്ക് മാറ്റി.

1950 മുതൽ 1953 വരെ പ്രസിഡന്റ് കനിംകുണ്ടിൽ അപ്പു കാരണവർ
വൈസ് പ്രസിഡന്റ് നാരചൗക്കർ
1953 മുതൽ 1963 വരെ പ്രസിഡന്റ് വടക്കൻതോട്ടത്തിൽ അമ്പാടി.
വൈസ് പ്രസിഡന്റ് പുതിയോടൻ കുഞ്ഞമ്പു.
1963 മുതൽ 1973 വരെ പ്രസിഡന്റ് കെ. കുഞ്ഞിക്കണ്ണൻ
വൈസ് പ്രസിഡന്റ് കെ. എം. കുഞ്ഞിക്കണ്ണൻ
1973 മുതൽ 1984 വരെ പ്രസിഡന്റ് കെ. എം. കുഞ്ഞിക്കണ്ണൻ
വൈസ് പ്രസിഡന്റ് കെ.പി. രയിരു.
1988 മുതൽ 1995 വരെ പ്രസിഡന്റ് കെ.വി. കുമാരൻ
വൈസ് പ്രസിഡന്റ് കെ. കുഞ്ഞിരാമൻ.

1995 ഒക്ടോബർ 2ന് നിലവിലുള്ള പഞ്ചായത്ത് ഭരണസമിതി അധികാരമേറ്റെടുത്തു.

അതിരുകൾ :
- വടക്ക് : പുല്ലൂർ പെരിയ പഞ്ചായത്ത്, അജാനൂർ പഞ്ചായത്ത്
- തെക്ക് : നിലേശ്വരം പഞ്ചായത്ത്, കിണാനൂർ കരിന്തളം പഞ്ചായത്ത്
- പടിഞ്ഞാറ് : കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി, അജാനൂർ പഞ്ചായത്ത്
- കിഴക്ക് : കിണാനൂർ കരിന്തളം പഞ്ചായത്ത്, കോടോം ബേളൂർ പഞ്ചായത്ത്

ജനകീയമുന്നേറ്റത്തിലൂടെ ജനകീയാസൂത്രണമെന്ന രീതിയിലുടെ ആസൂത്രണ പ്രക്രിയയിൽ ഒരു നവസമീപനമാണ് നാം കൈക്കൊള്ളുന്നത്. ഭാരതത്തിന്റെ ഇതര സംസ്ഥാനങ്ങൾക്കൊട്ടാകെ മാതൃകയാണ് നമ്മുടെ ജനകീയാസൂത്രണപ്രസ്ഥാനം. നാളിതുവരെ നടപ്പിലാക്കിയ പഞ്ചവത്സരപദ്ധതികൾ ലക്ഷ്യം പൂർത്തീകരിക്കുന്നതിൽ പൂർണ്ണമായും വിജയമായിരുന്നുവെന്ന് പറയുകവയ്യ. നാടിന്റെ വികസന പ്രശ്നങ്ങളെന്തെന്ന് മനസ്സിലാക്കുന്നതിലുണ്ടായ വീഴ്ചയാണ് ഇതിന് പ്രധാന കാരണം. ഇതൊഴിവാക്കുകയാണ് നാടിന്റെ വികസനം നാട്ടുകാരാൽ നടപ്പാക്കുന്നതിലുടെ ലക്ഷ്യമാക്കുന്നത്.

കക്ഷിരാഷ്ട്രീയത്തിന്നതീതമായ പ്രവർത്തനങ്ങളാണ് ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി മടിക്കൈ പഞ്ചായത്തിലും നടന്നത്. വൻ ജനപങ്കാളിത്തത്തോടെയുള്ള ഗ്രാമസഭകൾ പഞ്ചായത്തിലെമ്പാടും നടന്നുകഴിഞ്ഞു. ജീവിതാനുഭവങ്ങളിലുടെ സ്വായത്തമാക്കിയ അറിവുകളും തങ്ങളുടെ പ്രശ്നങ്ങളും ഗ്രാമസഭകളിൽ പൊന്തിവന്നു. നമ്മുടെ ജില്ലയിൽ നടന്ന ഗ്രാമസഭകളിൽ ഏറ്റവും കൂടുതൽ ജനപങ്കാളിത്തമുള്ള ഗ്രാമസഭ, നമ്മുടെ പഞ്ചായത്തിലെ 9 ാം വാർഡ് ഗ്രാമസഭയാണെന്നത് വളരെ ശ്രദ്ധേയമാണ്. ചർച്ചകളിൽ ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങളേയും വിലയിരുത്തലുകളേയും അടിസ്ഥാനമാക്കി തയ്യാറാക്കിയ റിപ്പോർട്ടാണിത്.

പഴയ ദക്ഷിണകർണ്ണാടകയിൽപ്പെട്ട കാസർഗോഡ് താലുക്കിലെ ദേശീയപ്രസ്ഥാനത്തിന്റേയും കർഷകപ്രസ്ഥാനത്തിന്റേയും കളിത്തൊട്ടിലാണ് മടിക്കൈ. പ്രകൃതി സൗന്ദര്യം കനിഞ്ഞരുളി വൈവിധ്യ മേഖലകളിൽ വികസനസാധ്യതകളേറെയുള്ള കുന്നും മലകളും കാടും കാട്ടരുവികളും നിറഞ്ഞു, "കമ്മ്യൂണിസ്റ്റ്കാരുടെ മോസ്ക്കോ" എന്ന പേരിൽ അറിയപ്പെടുന്ന മടിക്കൈ ഹോസ്ദുർഗ് താലുക്കിലാണ്. ദേശീയപ്രസ്ഥാനത്തിലും കർഷകപോരാട്ടങ്ങളിലും നേതൃത്വ പരമായ പങ്കുവഹിച്ച വലിയഒരു ചരിത്ര പശ്ചാത്തലം ഈ ഗ്രാമത്തിനുണ്ട്. ഗ്രാമസമ്പത്തിന്റെ വലുപ്പം അറിഞ്ഞുള്ള ഫ്യൂഡൽ വ്യവസ്ഥയുടെ തിക്തഫലം പണ്ടുമുതലേ അനുഭവിച്ചവരായിരുന്നു മടിക്കൈയിലെ ജനങ്ങൾ. പണ്ടുകാലംമുതൽക്ക് തന്നെ ഈ പഞ്ചായത്തിലെ എരിക്കുളത്ത് വലിയ തോതിൽ മൺപാത്രനിർമ്മാണം ഉണ്ടായിരുന്നു. മൺപാത്രം എന്ന് അർത്ഥമാക്കുന്ന മട്ക്ക എന്ന കർണ്ണാടകഭാഷ പദത്തിൽ നിന്നാണ് മടിക്കൈ എന്ന പേര് ഉണ്ടായതെന്നാണ് പൊതുവെ അംഗീകരിച്ചിരിക്കുന്നത്. മടിക്കൈയുടെ പേരുമായി ബന്ധപ്പെട്ട് മറ്റുപലഐതീഹ്യങ്ങളും ഉണ്ട്.

ഇന്ത്യൻ ദേശീയതയുടെ ആദ്യഘട്ടത്തിൽ 1920കളിൽ മടിക്കൈയിൽ കോൺഗ്രസിന്റെ സന്ദേശം ജനങ്ങൾക്കിടയിൽ എത്തിക്കുന്നതിൽ നേതൃത്വപരമായ പങ്കുവഹിച്ച വ്യക്തിയായിരുന്നു എ.സി.കണ്ണൻ നായർ. മടിക്കൈയിൽ ദേശീയപ്രസ്ഥാനം വളർത്തിയെടുക്കുന്നതിൽ നേതൃത്വം നല്കിയ മറ്റു വ്യക്തികളാണ് എൻ.സി.കണ്ണൻ മാസ്റ്റർ, ദാസപ്പൻമാസ്റ്റർ എന്നിവർ. മടിക്കൈയിൽ കെ.പി.സി.സി.യുടെ ആദ്യസെൽ രൂപീകരിച്ച് പ്രവർത്തനം ആരാഭിച്ചത് 1923ൽ ആലംമ്പാടി മാധവപട്ടേരി, കക്കോത്ത് പത്മനാഭ കക്കോത്തായർ, രാമ പട്ടേരി, കെ.കോരൻ നായർ എന്നിവരുടെ നേതൃത്വത്തിലാണ് കോൺഗ്രസ് പ്രസ്ഥാനത്തിന്റെ തൃമൂർത്തികൾ എന്നറിയപ്പെടുന്നത് ചാർത്താങ്കൽ രാമൻ, കുടുക്ക് വളപ്പിൽ കൊട്ടൻ, ആലംമ്പാടി ശംഭു ജോത്സ്യർ എന്നിവരാണ്.

1937ൽ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായാണ് മടിക്കൈയിൽ സാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാനം വളർന്നുവന്നത്. ഇതിന് തുടക്കം കുറിച്ചത് ചുള്ളിക്കാൽ എന്ന സ്ഥലത്ത് ഒരു വായന ശാല സ്ഥാപിച്ചുകൊണ്ടായിരുന്നു. സംഘടിത തൊഴിലാളി

കർഷകപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് മുമ്പു തന്നെ ഇവിടെയുള്ള കർഷകർ അവകാശം സംരക്ഷിക്കാനുള്ള സമരങ്ങൾ ആരംഭിച്ചിരുന്നു. 1938 കാലത്ത്തന്നെ ജന്മിക്ക് ഭൂമിയൊഴിപ്പിക്കാൻ കഴിയാത്ത സ്ഥതി മടിക്കൈയിൽ ഉണ്ടായിരുന്നു. അത്ര ശക്തമായി കർഷകസംഘം മടിക്കൈയിൽ വളർന്നുവന്നിരുന്നു. കോടതിവിധി ഉണ്ടായിട്ടും ജന്മിക്ക് ഭൂമി കൈവശപ്പെടുത്താനോ മറ്റാർക്കെങ്കിലും മാറ്റിക്കൊടുക്കാനോ സാധിച്ചിരുന്നില്ല.

1946ലെ കരിവെള്ളൂർ കേസിന് മുമ്പ് മടിക്കൈയിലും രണ്ടുകേസുകൾ ഉണ്ടായി. ഒന്ന് എ.കെ.ജി. യുടെ നേതൃത്വത്തിൽ പോലീസിനെ ആക്രമിച്ചു എന്ന കേസ്, രണ്ട്, കെ.മാധവന്റെ നേതൃത്വത്തിൽ മടിക്കൈയിൽ സമാന്തര ഗവൺമെന്റ് ഉണ്ടാക്കി എന്ന കേസ്, 1948ൽ മടിക്കൈ മേക്കാട്ട് M.S.P. ക്യാമ്പ് സ്ഥാപിച്ച് പോലീസ് കിരാതമായ നരവേട്ട ആരംഭിച്ചു. നിരപരാധികളെ അടക്കം പിടിച്ച് കൊണ്ടുപോയി ക്യാമ്പിലിട്ട് ക്രൂരമായി മർദ്ദിച്ച് "മോസ്ക്കോ റോഡ്" വെട്ടി തിരിച്ചയക്കുന്ന പതിവായിരുന്നു.

സ്വാതന്ത്ര്യലബ്ധിയെതുടർന്നുള്ള വർഷങ്ങളും നമ്മുടെ പഞ്ചായത്തിൽ ശാന്തമായല്ല കടന്നുപോയത്. പ്രസിദ്ധമായ കൽക്കത്താതീസീസിനെ തുടർന്നുണ്ടായ കമ്മ്യൂണിസ്റ്റ് വേട്ടയാടലിലൂടെ ഭരണകൂടം സൃഷ്ടിച്ച ഭീകരാന്തരീക്ഷം ഈ പഞ്ചായത്തിന്റെചരിത്രത്തിൽ സഹനത്തിന്റെയും ചെറുത്ത് നില്പിന്റെയും ഒരു പുതിയ അദ്ധ്യായം എഴുതിചേർത്തു.

1948-52 കാലഘട്ടത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകരെയും അനുഭാവികളെയും കാത്തുരക്ഷിക്കാൻ വേണ്ടി കൊടിയ മർദ്ദനം സഹിച്ച സ്ത്രീയാണ് എരിക്കുളം കാരിച്ചിയമ്മ. ഇവരുടെ വീടാണ് രഹസ്യകേന്ദ്രമായി പ്രവർത്തിച്ചിരുന്നത്. മൂന്ന് വർഷം പോലീസിനേയും നാട്ടുകാരെയും വെട്ടിച്ച് അവർ ഈ രഹസ്യ കേന്ദ്രം സുക്ഷിച്ചു. മേക്കാട്ടുള്ള M.S.P. കേമ്പിൽ പിടിച്ചുകൊണ്ടുപോയി 7 ദിവസം തുടർച്ചയായി മർദ്ദിച്ച് അവശയാക്കിയിട്ട് പോലും ഒളിവിലുള്ളവരെ പറ്റിയോ, രഹസ്യതപാലിനെപറ്റിയോ ഒരക്ഷരവും അവർ പറഞ്ഞിരുന്നില്ല.

അയിത്തവും ജന്മിമേധാവിത്വവും, കൊളോണിയൽ ഭരണവും അവസാനിക്കുകയും, ജീവിതത്തിന്റെ നാനാതുറകളിൽ പുതിയ മാറ്റങ്ങൾ പ്രാവർത്തികമാവുകയും ചെയ്ത അഭൂതപൂർവ്വമായ മുന്നേറ്റമാണ് ഈ നൂറ്റാണ്ടിൽ നമ്മുടെ സാമൂഹിക സാംസ്ക്കാരിക ചരിത്രത്തിലുണ്ടായത്.

ജാതിക്കെതിരായ പോരാട്ടങ്ങളിൽ കർഷക പ്രസ്ഥാനം നമ്മുടെ പഞ്ചായത്തിൽ വഹിച്ച പങ്കു വളരെ വലുതാണ്. എഴുത്താശാന്മാരിൽ നിന്നുമാരംഭിച്ചനമ്മുടെ വിദ്യാഭ്യാസ ചരിത്രം സാർവ്വത്രികവിദ്യാഭ്യാസത്തിൽ ഇന്നെത്തി നിൽക്കുമ്പോൾ 1922 ൽ ആരംഭിച്ച മടിക്കൈ എലിമെന്ററി സ്കൂളിൽ (മേക്കാട്ട്) സ്കൂളിൽ നിന്നു തുടങ്ങി, ഇന്ന് 3 ഹൈസ്കൂളടക്കം 10 സ്കൂളുകൾനമുക്ക് ഈ പഞ്ചായത്തിലുണ്ട്.

ദേശീയ സ്വാതന്ത്ര്യസമരപരമ്പരകളിൽ അവിസ്മരണീയ പങ്കു വഹിച്ച കാസർഗോഡ് ജില്ലയിലെ മടിക്കൈ സമ്രാജ്യത്വ ശക്തികളെ മുട്ടുകുത്തിച്ച ജനമുന്നേറ്റത്തിന്റെ ചരിത്രവും കൊളോണിയൽ ഭരണാധികാരികളെ അമ്പരപ്പിച്ച സന്നദ്ധപ്രവർത്തന പാരമ്പര്യവും കൈമുതലായുള്ള നമ്മുക്ക് കക്ഷിരാഷ്ട്രീയത്തിനതീതമായി കുട്ടായ്മയിലൂടെ പുതിയ വെല്ലുവിളികളെ നേരിടാനുള്ള മുന്നേറ്റത്തിന് നേതൃത്വം നൽകാൻ കഴിയുമെന്നതിൽ സംശയമില്ല.

1. ഭൂപ്രകൃതി



ഭൂമിശാസ്ത്ര പരമായി വടക്കെ ഇടനാടിൽ ഉൾപ്പെടുന്ന പ്രദേശമാണ്. മടിക്കൈ. ഭൂവിസ്തൃതി 51.81 ച.കി.മി. ആണ്. വടക്ക് പുല്ലൂർ പെരിയ പഞ്ചായത്ത്, അജാനൂർ പഞ്ചായത്ത്, തെക്ക് നീലേശ്വരം പഞ്ചായത്ത്. കോടോം-ബേളൂർ പഞ്ചായത്ത് പടിഞ്ഞാറ് കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി അജാനൂർ പഞ്ചായത്ത് എന്നിവയാണ് അതിരുകൾ.

മൊത്തം ഭൂവിസ്തൃതിയുടെ 25.7% കൃഷിയോഗ്യമല്ലാത്ത തരിശുഭൂമിയാണ്. 0.019% പുഴയും തോടും ഉൾപ്പെടുന്ന പുറംപോക്ക് പ്രദേശമാണ്. 74.28% ഭൂമി കൃഷി യോഗ്യമാണ്. കൃഷിയോഗ്യമായ ഭൂമിയുടെ 74% കൃഷി നടത്തുന്നുണ്ട്. ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ ഉയർന്ന സമതലം, ചെറുചരിവ്, സമതലം, താഴ്ന്ന സമതലം, തോടുകൾ എന്നിങ്ങനെ അഞ്ചായി തിരിക്കാവുന്നതാണ്.

ഇതിൽ 300-ഓളം ച.കി.മി. ഉയർന്ന സമതലങ്ങളാണ്. സമുദ്രനിരപ്പിൽ നിന്നും 150 മീറ്റർ ഉയരത്തിലുള്ള മൈലാട്ടിക്കുന്നാണ് എറ്റവും ഉയരംകൂടിയ പ്രദേശം. മൈത്താണിക്കുന്ന്, അള്ളാംകോട്ട് പാറ, ആനക്കല്ലിന്റെ പള്ള വലിയ പാറ എന്നിവ പ്രധാന കുന്നുകളാണ്.

പഞ്ചായത്ത് പകൃതി സമ്പത്ത് കൊണ്ട് അനുഗ്രഹീതമായിരുന്നു. എന്നാൽ കാർഷിക മേഖലയിലുണ്ടായ മുന്നേറ്റം പ്രകൃതി സമ്പത്ത് നഷ്ടപ്പെടാൻ ഇടയാക്കിയിട്ടുണ്ട്. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളുടെ പേരുകൾതന്നെ അറിയപ്പെടുന്നത് അവിടെ കണ്ടുവരുന്ന ജീവികളുമായി ബന്ധപ്പെട്ടാണ്. മൈലാട്ടിക്കുന്ന്, അള്ളാംകോട് പാറ, ആനക്കല്ലിന്റെ പള്ള, കുരങ്ങനാടി എന്നീ സ്ഥലങ്ങൾ ഉദാഹരണങ്ങളാണ്. എന്നാൽ ഇന്ന് പ്രകൃതി സമ്പത്ത് തീർത്തും അന്യം നിന്നുപോയി എന്നുപറയാൻ കഴിയില്ല. ചില പ്രദേശങ്ങളിൽ ഇന്നും പ്രകൃതി കനിഞ്ഞ് നൽകിയ സമ്പത്ത് നഷ്ടപ്പെടാതെ കാത്തുസൂക്ഷിക്കുന്നുണ്ട്. 10-ാം വാർഡിലെ കക്കട്ടിൽ 6-ാം വാർഡിലെ തലക്കാനം കൊച്ചി എന്നിവ ഉദാഹരണങ്ങളാണ്.

ജലസമ്പത്ത് കൊണ്ട് അനുഗ്രഹീതമാണ് പഞ്ചായത്ത്. മാനൂരി മുതൽ അരയി വരെ പഞ്ചായത്തിന്റെ നെടുകെ ഒഴുകുന്ന 15കി.മി. നീളമുള്ള ചാലും 6 തോടുകളും പഞ്ചായത്തിനെ ഫലഭൂയിഷ്ഠമാക്കി ഒഴുകുന്നു.

ക്രമ നമ്പർ	തോടുകളും ചാലുകളും	ദൂരം കി.മി.
1	മാന്തരി - അരയി	15.K.M
2	കാരക്കോട് - മണക്കടവ്	6.K.M
3	വാഴക്കോട് - മൂക്കുണ്ട്	4.K.M
4	വെരളം - മോലോത്തുംകാൽ	3.K.M
5	വെരളം - നാര	1.5.K.M
6	കക്കാട്ട് - കാനത്തുമൂല	1.5.K.M
7	നാര - കുളിക്കുന്നക്കുണ്ട്	1.K.M
8	കോങ്കോട്ട് - കരുമക്കൈ	1.5.K.M

(അവലംബം കൃഷിഭവൻരേഖ)

ശരാശരി മെച്ചപ്പെട്ട മഴലഭിക്കുന്ന പ്രദേശമാണിത്. ഡിസംബർ മുതൽ ഏപ്രിൽ വരെയുള്ള മാസങ്ങൾ ഒഴികെ മറ്റെല്ലാ മാസങ്ങളിലും ഏറ്റക്കുറച്ചിലുടെ മഴലഭിക്കാറുണ്ട്. മണ്ണിന്റെ ജല സംഗ്രഹണ ശേഷി ഉയർത്താനും മഴവെള്ളം സംഭരിച്ച് നിർത്താനും ഒഴുകി പാഴായിപ്പോകുന്നത് തടയാനും ഫലപ്രദമായ സംവിധാനങ്ങൾ നിലവിലില്ല. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലെയും ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. രൂക്ഷമായ വരൾച്ച പലപ്പോഴും പഞ്ചായത്തിലെ കാർഷിക വിളകളെ സാരമായി ബാധിക്കുന്നു. മടിക്കൈ പഞ്ചായത്തിന്റെ ഭൂരിഭാഗവും ചരൽ മണ്ണ് ഉൾപ്പെടുന്നതാണ്. കളിമണ്ണ്, ചെളികലർന്ന മണ്ണ്, പശിമരാശി മണ്ണ് എന്നിവയും കാണപ്പെടുന്നു പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 19352 ആണ്. ഇതിൽ 10021സ്ത്രീകളുമാണ്. 9331 പുരുഷൻമാരുമാണ്. കാർഷിക മേഖലയിൽ നിന്നുള്ള വരുമാനത്തെ ആശ്രയിച്ച് കഴിയുന്നവരാണ് ഭൂരിഭാഗവും. കാർഷികരംഗത്തെ മൊത്തം മുരടിപ്പ് നമ്മുടെ ഗ്രാമത്തെയും ബാധിച്ചിട്ടുണ്ട് എന്ന് പറയാം കൃഷി അനാദായകരമായി തീർന്നതോടെ ആ രംഗത്ത് തൊഴിലെടുക്കുന്നവരും കൃഷിക്കാരും ഒരുപോലെ പ്രതിസന്ധിയിലാണ്.

2. മൃഗ സംരക്ഷണം

കർഷക ഗ്രാമമായ മടിക്കൈ പഞ്ചായത്തിൽ കൃഷിയുടെ അവിഭാജ്യ ഘടകമായിരുന്നു കന്നുകാലി വളർത്തൽ ഉഴവു മാടുകൾ എന്ന നിലയിലും വണ്ടി വലിക്കുന്നതിനും, പാലുൽപാദിപ്പിക്കുന്നതിനും മാത്രമല്ല കൃഷിക്കാവശ്യമായ ജൈവ വളങ്ങളുടെ മുഖ്യ സ്രോതസ്സും കന്നുകാലികളായിരുന്നു. ജന്മിമാരുടെ കുടുംബങ്ങളിൽ കന്നുകാലികളെ സംരക്ഷിക്കാനായി പ്രത്യേകം ആളുകളെ തന്നെ നിയമിക്കാറുണ്ടായിരുന്നു. കാലികളെ ഇളക്കി മേയ്ക്കുന്ന പതിവാണ് അന്നുണ്ടായിരുന്നത്. ഇന്നും ചില സ്ഥലങ്ങളിൽ കാലികളെ ഇളക്കിമേയ്ക്കുന്ന പതിവുണ്ട് പശു, കാള, എരുമ, ആട് എന്നിവയാണ് ഇവിടുത്തെ പ്രധാന വളർത്തുമൃഗങ്ങൾ. വളർത്തുപക്ഷി പ്രധാനമായും കോഴിയാണ്.

വളർത്തു മൃഗങ്ങളും പക്ഷികളും

പശു നാടൻ	1747
പശു സങ്കരയിനം	132
കാള	57
എരുമ	100
കോഴി	8002

(അവലംബം :- 1987ലെ കന്നുകാലി സെൻസസ്)

ഇപ്പോഴും നമ്മുടെ പഞ്ചായത്തിൽ നാടൻ പശുക്കളാണ് കൂടുതലായിട്ടുള്ളത്. കാരണം സങ്കരയിനം പശുക്കളുടെ മേന്മയെക്കുറിച്ചും അവയെ വളർത്തുമ്പോൾ ശ്രദ്ധിക്കേണ്ടകാര്യങ്ങളെ കുറിച്ചും കർഷകർക്ക് അറിവുനൽകാൻ പറ്റിയ സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ചത് തന്നെ ഈ അടുത്ത കാലത്ത് മാത്രമാണ്.

പണ്ടുകാലങ്ങളിൽ എല്ലാ ജന്മികുടുംബങ്ങളിലും കാളവണ്ടികൾ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് നമ്മുടെ പഞ്ചായത്തിൽ കേവലം ഒരു കാളവണ്ടി മാത്രമാണ് അവശേഷിക്കുന്നത്. വയൽ ഉഴുന്നതിന് ഇന്നും കാളകളെതന്നെയാണ് കൂടുതലും ഉപയോഗിക്കുന്നത്. ആധുനിക മൃഗ ചികിത്സാരീതി ഗ്രാമത്തിൽ ലഭ്യമാകുന്നതിനു മുമ്പ് കർഷക കാരണവൻമാരും, നാട്ടു ചികിത്സാ വിദഗ്ദ്ധൻമാരും ആണ് പച്ചമരുന്നുകൾ ഉപയോഗിച്ച് കൊണ്ടുള്ള മൃഗചികിത്സ നടത്തിവന്നിരുന്നത്. അപൂർവം ചിലർ കാഞ്ഞങ്ങാട്ടും നീലേശ്വരത്തും ഉള്ള മൃഗാശുപത്രികളുടെ പ്രവർത്തനവും ഉപയോഗപ്പെടുത്തിയിരുന്നു.

പഞ്ചായത്തും മൃഗാശുപത്രി സ്ഥാപിതമായത് 1996 ഫിബ്രുവരി 18ന് ചാളക്കടവിൽ ആണ്. ഈ സ്ഥാപനത്തിന്റെ പ്രവർത്തനം പഞ്ചായത്തിന്റെ മുഴുവൻ ഗ്രാമങ്ങളിലേക്കും ലഭിക്കാൻ പര്യാപ്തമല്ല. പുതുതായി തുടങ്ങിയ ഈ ആശുപത്രിയിൽ തന്നെ വൈദ്യുതി, റഫ്രിജറേറ്റർ, സ്റ്റെറിലേസർ, ട്രീവിസ് ക്രിത്രിമ ബീജദാനം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒന്നും തന്നെയില്ല. പഞ്ചായത്തിൽ ഉൾപ്പെട്ട അമ്പലത്തുകര വില്ലേജിൽ തീയ്യർ പാലത്തും മടിക്കൈ വില്ലേജിൽ എരിക്കുളത്തും ഉള്ള ഐ.സി.ഡി.പി. ഉപകേന്ദ്രങ്ങൾ ആവശ്യമായ ജീവനക്കാർ ഇല്ലാത്തതിനാൽ അടച്ചിട്ടിരിക്കുകയാണ്. കൂലോം റോഡിലുള്ള കേന്ദ്രം മാത്രമാണ്. മൃഗാശുപത്രിക്കു പുറമെ ഈ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്ന മൃഗ സംരക്ഷണ സ്ഥാപനം.

കാർഷിക മേഖലയിൽ നെൽ വയലുകൾക്ക് നേരിട്ട ശോഷണം വൈക്കോലിന്റെ ലഭ്യതക്ക് സാരമായ കുറവു വരുത്തി. മാർക്കറ്റിൽ ലഭിക്കുന്ന കാലിത്തീറ്റകളുടെ അമിതവിലയും, ശാസ്ത്രീയമായ തീറ്റപ്പുൽകൃഷിയുടെ അഭാവവും കൂടിയായപ്പോൾ ഗ്രാമത്തിൽ കന്നുകാലി വളർത്തൽകർഷകർക്ക് ലാഭകരമല്ലാതായി. ഇടക്കാലത്ത് ആരംഭിച്ച ക്ഷീര വ്യവസായ സഹകരണ സംഘത്തിന്റെ പ്രവർത്തനം നിലച്ചു പോയതോടെ ക്ഷീര വിപണന രംഗത്ത് അനുഭവപ്പെട്ട മാന്ദ്യം അത്യുൽപാദന ശേഷിയുള്ള പശുക്കളുടെ വ്യാപനം കുറയാൻ കാരണമായി. ഇന്ന് ഗ്രാമത്തിൽ ഒരു ലിറ്റർ പാലിന് കർഷകർക്ക് കിട്ടുന്ന ശരാശരി വില 7.50 രൂപയാണ്. മിൽമാ പാലിന്റെ വിലയുമായി താരതമ്യം ചെയ്യുമ്പോൾ ഇത് വളരെ തുച്ഛമാണ്. ഇതിൽനിന്നുതന്നെ ക്ഷീര വ്യവസായ സഹകരണസംഘത്തിന്റെ ആവശ്യകത മനസ്സിലാ

ക്കാവുന്നതാണ്.

അമ്പലത്തുകര വില്ലേജിൽപ്പെട്ട 4,5,10 വാർഡുകളിൽ അലഞ്ഞുതിരിയുന്ന പട്ടികൾ മനുഷ്യർക്കും മൃഗങ്ങൾക്കും ഒരുപോലെ ഭീഷണി ഉയർത്തുന്നു. മറ്റു വാർഡുകളിൽ പട്ടിശല്യം പൊതുവെ കുറവാണ്.

ശാസ്ത്രീയ രീതിയിലുള്ള പശുവളർത്തൽ, ആടുവളർത്തൽ, ഇറച്ചികോഴി വളർത്തൽ മുട്ടക്കോഴി വളർത്തൽ തുടങ്ങി ആധുനിക മൃഗ സംരക്ഷണ പരിപാടികൾ ഈ പഞ്ചായത്തിൽ ഇന്നും അന്യമാണ്. ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി നമ്മുടെ വിവിധ ഗ്രാമ സഭകളിൽനിന്നും ഈ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി ഉയർന്നു വന്ന നിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.

1. തൊഴിലില്ലാത്ത യുവജനങ്ങൾക്ക് മൃഗ സംരക്ഷണത്തിൽ പരിശീലനം കൊടുത്ത് ആടു വളർത്തൽ കോഴി വളർത്തൽ പശു വളർത്തൽ, പന്നി വളർത്തൽ എന്നിവ നടത്താൻ വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കണം.

2. സങ്കരയിനം പശുക്കളെ വിതരണം ചെയ്യണം.

3. സഹകരണാടിസ്ഥാനത്തിൽ കോഴി വളർത്തൽ കേന്ദ്രങ്ങൾ തുടങ്ങണം.

4. കർഷകർക്ക് കോഴിവളർത്തലിൽ പരിശീലനവും ധനസഹായവും ലഭ്യമാക്കണം.

5. വൈക്കോൽ ലഭ്യത ഉറപ്പു വരുത്തണം.

6. തീറ്റപുൽകൃഷിക്കു വേണ്ട സഹായങ്ങൾ ചെയ്ത് കൊടുക്കണം.

7. പശുവളർത്തൽ ലാഭകരമാക്കണം.

8. പഞ്ചായത്തിലെ മൃഗാശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

9. തീയ്യർ പാലം വെറ്റിനറി സബ്സെന്റർ തുറന്ന് പ്രവർത്തിപ്പിക്കണം.

10. ബങ്കളത്ത് വെറ്റിനറി സബ് സെന്റർ പുതുതായി ആരംഭിക്കണം.

11. എരിക്കുളത്തുള്ള ഐ.സി.ഡി.പി. ഉപകേന്ദ്രം തുറന്ന് പ്രവർത്തിപ്പിക്കണം.

12. കൂലോം റോഡിൽ പാൽ സൊസൈറ്റി സ്ഥാപിക്കണം.

13. പുത്തക്കാലിൽ പാൽ സൊസൈറ്റി സ്ഥാപിക്കണം.

14. ബങ്കളത്ത് ക്ഷീര വ്യവസായ യൂണിറ്റ് സ്ഥാപിക്കണം.

15. പഞ്ചായത്തിൽ കാലിത്തീറ്റ ഫാക്ടറി ആരംഭിക്കണം.

16. പേപ്പട്ടിയെ നിയന്ത്രിക്കണം - വളർത്തുന്ന പട്ടികൾക്ക് ലൈസൻസ് വേണം. - അലഞ്ഞുതിരിയുന്ന പട്ടികളെ നശിപ്പിക്കണം.

സാധ്യകൾ

1. പ്രദേശികമായി ലഭ്യമാക്കാവുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് കൊണ്ട് സഹകരണാടിസ്ഥാനത്തിൽ കാലിത്തീറ്റ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കാവുന്നതാണ്.

2. പഞ്ചായത്ത് പുറം പോക്ക് സ്ഥലങ്ങൾ തീറ്റപ്പുൽ കൃഷിക്കുവേണ്ടി ലേല വ്യവസ്ഥയിൽ ഉപയോഗിക്കാം.

3. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്ഷീര സഹകരണ സംഘങ്ങളുടെ രൂപീകരണം.

4. വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കൽ - മിനി ഡയറി യൂണിറ്റുകൾ - ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾ - ആടുവളർത്തൽ യൂണിറ്റുകൾ എന്നിവ ആരംഭിക്കാം.

5. പഞ്ചായത്തിലെ എല്ലാ വളർത്ത് നായകൾക്കും പ്രതിരോധ കുത്തിവെപ്പ് ഏർപ്പെടുത്തുകയും ലൈസൻസ് ഏർപ്പെടുത്തുകയും ചെയ്യാവുന്നതാണ്. അലഞ്ഞുതിരിയുന്ന പട്ടികളെ നശിപ്പിക്കാനും കഴിയണം.

6. മൃഗാശുപത്രിക്ക് പ്രഥമികവും ആധുനികവുമായ സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനു വേണ്ടി മൃഗാശുപത്രി വികസന സമിതി രൂപീകരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കണം

3. വ്യവസായം



മടിക്കൈ പഞ്ചായത്ത് 51.81 ച.കി.മി. വിസ്തീർണ്ണവും 20000ത്തോളം ജനസംഖ്യയുമുള്ള സാമ്പത്തികമായും വ്യാവസായികമായും പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ്. മടിക്കൈ ഗ്രാമപഞ്ചായത്തിൽ ഇപ്പോൾ കാര്യമായ വ്യവസായങ്ങൾ ഒന്നും തന്നെയില്ല. ഏതാനും ചെറുകിട വ്യവസായ യൂണിറ്റുകൾ ഒഴികെ കാര്യമായി വ്യവസായങ്ങൾ ഒന്നും തന്നെയില്ല. പാരമ്പര്യ കുടിൽ വ്യവസായങ്ങളായ മൺപാത്ര നിർമ്മാണം, ഈറ്റ ഉപയോഗിച്ചുള്ള കുട്ട നിർമ്മാണം, കൈത ഉപയോഗിച്ചുള്ള പായ നിർമ്മാണം എന്നിവയും സഹകരണ മേഖലയിലുള്ള ദിനേശ് ബീഡി യൂണിറ്റും, കുടിൽ വ്യവസായമായി നടക്കുന്ന ബീഡി വ്യവസായവും, കല്ലുകൊത്ത് വ്യവസായവും കരിങ്കൽ ക്വാറികളുമാണ് പരമ്പരാഗതമായി തുടർന്നു വരുന്നത്. ആധുനിക രീതിയിൽ മടിക്കൈ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ട് ചെറുകിട വ്യവസായ യൂണിറ്റുകളാണ് ബെസ്കോട്ടും, സ്റ്റോൺക്രഷറും കൂടാതെ ഒരു ഖാദി വില്ലേജ് ഇന്റസ്ട്രീസിന്റെ യൂണിറ്റും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

I പാരമ്പര്യ കുടിൽ വ്യവസായങ്ങൾ

1. മൺപാത്ര നിർമ്മാണം:- എരിക്കുളത്ത് ഏകദേശം 200ഓളം കുടുംബങ്ങൾ ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഭൂരിഭാഗവും സ്ത്രീകളാണ്. എന്നാൽ ഈ വ്യവസായം ഇപ്പോൾ തകർച്ചയെ നേരിടുകയാണ്. ഈ വ്യവസായത്തിന് ആവശ്യമായ ഊർജ്ജം ഉൽപാദിപ്പിക്കുന്നത് വിറകിൽ നിന്നാണ്. വിറകിന്റെ കടുത്ത ദൗർലഭ്യവും വിപണനത്തിന്റ അസൗകര്യവും ഈ വ്യവസായത്തെ പ്രതിസന്ധിയിലാക്കുന്നു. മൺ പാത്രങ്ങളോടുള്ള ജനങ്ങളുടെ താല്പര്യം കുടിവരികയാണ്. ലോഹപാത്രങ്ങൾ ഉപയോഗിക്കുന്നത് കൊണ്ടുള്ള ദോഷ വശങ്ങളെ കുറിച്ച് ജനങ്ങളെ കൂടുതൽ ബോധവാൻ മാരാക്കേണ്ടതുണ്ട്.

നിർദ്ദേശം:-

1. മണ്ണ് സംസ്കരിച്ചെടുക്കുന്നതിന് ആധുനിക യന്ത്രങ്ങൾ എത്തിച്ച് കൊടുക്കുക.

2. ആവശ്യമുള്ള വൈദ്യുതി ലഭ്യമാക്കുക.

3. ആധുനിക രീതിയിലുള്ള ചൂളനിർമ്മിക്കുവാൻ വേണ്ടുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

4. ഉൽപന്നങ്ങൾ വർദ്ധിച്ച് വരുന്ന ആവശ്യങ്ങൾ ക്കനുസരിച്ച് ആധുനിക വൽക്കരിക്കുക. ഇതിനാവശ്യമായ പരിശീലനം ലഭ്യമാക്കുക.

5. വിപണന സൗകര്യം ഏർപ്പെടുത്തുക.

II. 1. പായ നെയ്ത്, കുട്ട മടയൽ :- ഏകദേശം 300 ഓളം കുടുംബങ്ങൾ ഈ മേഖലയെ ആശ്രയിച്ചുകഴിയുന്നവയാണ്. ഈ പഞ്ചായത്തിൽ അന്യം നിന്ന് പോകാറായ ഒരു കുടിൽ വ്യവസായമാണ് പായനെയ്ത്, കുട്ട മടയൽ എന്നിവ. ഇതിന്റെ പ്രധാന കാരണം അസംസ്കൃത വസ്തുക്കളായ ഈറ്റ, കൈത എന്നിവയുടെ ദൗർലഭ്യമാണ്. ഈ രംഗത്ത് നിന്നും തൊഴിലളികൾ കൊഴിഞ്ഞുപോവുകയും ഉൽപാദനവും വിപണനവും കുറഞ്ഞുവരികയും ചെയ്യുന്നു. ഈ വ്യവസായത്തിനാവശ്യമായ കൈത, ഈറ്റ എന്നിവ ഈ പഞ്ചായത്തിനുള്ളിൽ തന്നെ ലഭ്യമാക്കാനാവശ്യമായ പദ്ധതിക്ക് രൂപം നൽകുകയാണ് വേണ്ടത്. പഞ്ചായത്തിനുള്ളിൽ ഒഴുകുന്ന തോടുകളുടെയും പുഴകളുടെയും ഇരുകരകളിലും ഇവ വച്ചു പിടിപ്പിക്കുകയാണെങ്കിൽ കരയിടിച്ചിൽ മണ്ണൊലിപ്പ് എന്നിവ തടയാനും കഴിയും.

2. ബീഡി വ്യവസായം:- ഏകദേശം 3000ത്തോളം തൊഴിലാളികൾ ബീഡി നിർമ്മാണ രംഗത്ത് ജോലിചെയ്യുന്നുണ്ട്. അതിൽ 75% സ്ത്രീകളാണ്. ഇതിൽ തന്നെ സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന നാലോളം യൂണിറ്റുകളും പ്രവർത്തിക്കുന്നു. അതുകൂടാതെ സ്വകാര്യ കമ്പനി ഏജന്റുമാരുടെ കീഴിൽ ജോലിചെയ്യുന്നവരും ഉണ്ട്. എന്നാൽ ഈ മേഖല തകർച്ചയെ നേരിടുകയാണ്. പുകവലി ക്കെതിരെയുള്ള ബോധവൽക്കരണവും വിപണിയിൽ വിലകുറഞ്ഞയിനം സിഗരറ്റുകളുടെ കടന്നുകയറ്റവും ബീഡി വ്യവസായത്തെ കാര്യമായി ബാധിച്ചിട്ടുണ്ട്. തൊഴിലാളികളെ ഈ മേഖലയിൽനിന്ന് മറ്റു മേഖലകളിലേക്ക് പുനരധിവസിപ്പിക്കേണ്ടിയിരിക്കുന്നു. ദിനേശ് ബീഡി ആവിഷ്കരിച്ച വൈവിധ്യവൽക്കരണം നമ്മുടെ പഞ്ചായത്തിലും പ്രാവർത്തികമാക്കാൻ

സാധിക്കും.

താഴെ പറയുന്ന മേഖലകളിൽ തൊഴിൽ കണ്ടെത്തുന്നതിന് പദ്ധതി തയ്യാറാക്കാവുന്നതാണ്.

1. കശുവണ്ടി സംസ്കരണം :-

നമ്മുടെ പഞ്ചായത്തിൽ വൻതോതിൽ ലഭ്യമാകുന്ന കശുവണ്ടി സഹകരണാടിസ്ഥാനത്തിൽ ശേഖരിച്ച് അവ ഉപയോഗിച്ച് ഈ പഞ്ചായത്തിൽ തന്നെ സംസ്കരിക്കുതിനുള്ള ഒരു യൂണിറ്റ് ആരംഭിക്കുകയും അതോടൊപ്പം കശുമാങ്ങയിൽനിന്നും സ്കാഷ് നിർമ്മിക്കുന്നതിനുള്ള യൂണിറ്റ് തുടങ്ങുകയും ചെയ്താൽ സ്ത്രീ തൊഴിലാളികൾക്ക് കൂടി ഉപകരിക്കുന്ന ഒരു സംരംഭമാക്കാൻ സാധിക്കും (ജാം, സ്കാഷ്, പിക്കിൾസ് എന്നിവ കശുമാങ്ങയിൽ നിന്ന് ഉൽപാദിപ്പിക്കാവുന്നതാണ്). കശുവണ്ടിയുടെ പരിപ്പും അതിന്റെ പുറംതോടിൽനിന്നും ഉൽപാദിപ്പിക്കുന്ന എണ്ണയും വൻവിപണന സാധ്യതയുള്ളതാണ്. കൂടാതെ കശുമാങ്ങയുടെ ഒരു ഡിസ്റ്റലറി യൂണിറ്റ് സ്ഥാപിക്കുകയും ചെയ്താൽ കൂടുതൽപേർക്ക് തൊഴിൽ നൽകാനും കയറ്റുമതി വർദ്ധിപ്പിച്ച് വിദേശനാണ്യം നേടിത്തരുന്ന സംരംഭമാക്കി മാറ്റുവാനും കഴിയും

2. ചക്ക, മാങ്ങ എന്നിവ ഉപയോഗിച്ച് പഞ്ചായത്തിൽ ഒരു സംസ്കരണ യൂണിറ്റ് സ്ഥാപിച്ച് സ്കാഷ്, പിക്കിൾസ് മറ്റുൽപന്നങ്ങൾ കൂടി ഉൽപാദിപ്പിച്ച് വിപണനം ചെയ്യാവുന്നതാണ്. ഇതിന് കൂടുതൽ മുതൽമുടക്ക് ആവശ്യമില്ലാത്തതും സാധനങ്ങൾ സുലഭമായി ലഭിക്കുന്നതുമാണ്.

3. ഗവൺമെന്റ് സഹായത്തോടുകൂടി നടപ്പിലാക്കുന്ന D.W.C.R.A. വനിതാ വ്യവസായ സഹകരണ സംഘം തുടങ്ങിയവ സ്ഥാപിക്കുക.

4. കോഴി, ആട്, കന്നുകാലി, പന്നിവളർത്തൽ തുടങ്ങിയ യൂണിറ്റുകൾ സ്ഥാപിക്കുക.

5. പ്രദേശികമായി ലഭിക്കുന്ന അസംസ്കൃത സാധനങ്ങൾ ഉപയോഗിച്ച് കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

III. കല്ലുകൊത്തു വ്യവസായം :- മടിക്കൈ പഞ്ചായത്തിലെ പുരുഷൻമാരിൽ വലിയൊരു വിഭാഗം ചെങ്കൽ തൊഴിലാളികളാണ്. സഹകരണാടിസ്ഥാനത്തിൽ ഒരു സ്ഥാപനം മാത്രമെ ഈ മേഖലയിൽ പ്രവർത്തിക്കുന്നുള്ളൂ. ബാക്കിയുള്ളവർ സ്വകാര്യ ഏജന്റുമാരുടെ കീഴിലാണ് ജോലി ചെയ്യുന്നത്. സഹകരണാടിസ്ഥാനത്തിൽ യന്ത്രങ്ങൾ മുഖേന ചെങ്കല്ല് വെട്ടിയെടുക്കുന്ന യൂണിറ്റ് തുടങ്ങിയാൽ തൊഴിലാളികൾക്ക് ശരിയായ വേതനവും ആനുകൂല്യവും കിട്ടും. ഈ വ്യവസായം ഉന്നതിയിലെത്തുകയും ചെയ്യും.

IV കരിങ്കൽ ക്വാറ

ഈ മേഖല പൂർണ്ണമായും സ്വകാര്യ വ്യക്തികളുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. ധാരാളം തൊഴിലാളികൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. സഹകരണാടിസ്ഥാനത്തിൽ പുതിയരു യൂണിറ്റ് ആരംഭിക്കുന്നത് നന്നായിരിക്കും.

V ഖാദി മേഖല

പഞ്ചായത്തിൽ നിലവിൽ ഒരു ഖാദി മേഖല മാത്രമെ പ്രവർത്തിക്കുന്നുള്ളൂ. പഞ്ചാത്തിന്റെ മറ്റു ഭാഗങ്ങളിൽ ഖാദിയുടെ വിവിധ യൂണിറ്റുകൾ സ്ഥാപിക്കണം. ഇതുമൂലം തൊഴിൽ രഹിതരായ യുവതി യുവാക്കൾക്ക്തൊഴിൽ നൽകുവാൻ സാധിക്കും ഇന്നത്തെ വേതന നിരക്കും പരിഷ്കരണവും അത്യാവശ്യമാണ്.

VI ക്ഷീരോൽപാദന മേഖല

ക്ഷീരോൽപാദന മേഖലയിൽ മടിക്കൈ പഞ്ചായത്തിൽ കാര്യമായ ഒരു പുരോഗതി ഒന്നും തന്നെയില്ല. നാമമാത്രമായ ക്ഷീരസംഘങ്ങളേ പ്രവർത്തിക്കുന്നുള്ളൂ. അതുകൊണ്ടുതന്നെ പാലിന്റെ ദൗർലഭ്യം കാര്യമായി അനുഭവപ്പെടുന്നു. നല്ലയിനം പശുക്കളുടെ ആഭാവവും തീറ്റപ്പുൽ കൃഷി ശാസ്ത്രീയമായ രീതിയിൽ ചെയ്യാത്തതും പാൽ ശേഖരണവും വിതരണവും നടത്തുന്നതിന് നല്ലനിലയിൽ സഹകരണ സംഘങ്ങൾ ഇല്ലാത്തതിനാലും ഈ വ്യവസായം തകർച്ചയെ നേരിടുകയാണ്. അതുകൊണ്ടുതന്നെ നിലവിലുള്ള സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും പുതിയവ സ്ഥാപിക്കുകയും വേണം.

VII കളിമൺ വ്യവസായം

പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ കളിമണ്ണ് ധാരാളമായി ലഭിക്കുന്നു. ഇവ ഉപയോഗിച്ച് ഓട്, ഇഷ്ടിക മുതലായവ നിർമ്മിക്കുവാൻ സാധിക്കും ഇപ്പോൾ ഈ പഞ്ചായത്തിൽ ഭവന നിർമ്മാണത്തിന് വേണ്ടുന്ന ഇത്തരം സാധനങ്ങൾ

അന്യസ്ഥലങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുകയാണ്. ആയതിനാൽ പഞ്ചായത്തിൽ ഒരു ഇഷ്ടിക നിർമ്മാണ യൂണിറ്റ് സ്ഥാപിച്ച് ഓട്,ഇഷ്ടിക മുതലായവ ഉൽപാദിപ്പിക്കുകയും ചെയ്താൽ പഞ്ചായത്തിലെ ജനങ്ങൾക്ക് കൂടുതൽ തൊഴിൽ സാധ്യതയും പഞ്ചായത്തിൽ വിഭവശേഷിയും വർദ്ധിക്കുന്നതാണ്.

VIII കാർപെന്ററി വ്യവസായം

മടിക്കൈ ഗ്രാമ പഞ്ചായത്തിൽ ഇപ്പോൾ നിർജ്ജീവമായി ക്കിടക്കുന്ന ഒരു കാർപെന്ററി സൊസൈറ്റിയുണ്ട്. വിദഗ്ദ്ധരായ തൊഴിലാളികളുടെ അഭാവവും വൈദ്യുതി പ്രതിസന്ധിയും ആധുനീക യന്ത്ര സംവിധാനങ്ങളുടെ അപര്യാപ്തതയും മൂലധന ശേഷിക്കുറവുമാണ് ഇത് തകരുവാനുള്ള പ്രധാനകാരണം. യൂണിറ്റിന് ആവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിനും തോഴിലാളികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുകയും ആധുനിക യന്ത്രസംവിധാനങ്ങൾ ഉപയോഗപ്പെടുത്തുകയും ചെയ്ത് യൂണിറ്റ് പുനരുദ്ധീകരിക്കണം. പഞ്ചായത്തിൽ ജനങ്ങൾക്കാവശ്യമായ ഫർണിച്ചർ ഉൽപന്നങ്ങൾ ഇവിടെനിന്ന് തന്നെ നിർമ്മിച്ച് ആവശ്യകാർക്ക് എത്തിക്കുവാൻ സാധിക്കും ഇത് മൂലം പഞ്ചായത്തിൽനിന്ന് വെളിയിൽപോയി ജോലിചെയ്യുന്ന വിദഗ്ദ്ധ തൊഴിലാളികൾക്ക് പഞ്ചായത്ത് അതിർത്തിയിൽ തന്നെ തൊഴിൽ ന്ൽകാനും അവർക്ക് ഉയർന്ന വേതനം നൽകുവാനും സാധിക്കും കൂടാതെ ഒരു കാർപെന്ററി തൊഴിൽ പരിശീലന കേന്ദ്രവും പഞ്ചായത്തിൽ സ്ഥാപിച്ചാൽ വളരെയധികം ഗുണകരമായിരിക്കും.

IX നാളികേര കോംപ്ലക്സ്

മടിക്കൈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഉൽപാദിപ്പിക്കുന്ന ഒരു വിളയാണ് നാളികേരം. ഈ പഞ്ചായത്തിൽ ഒരു നാളികേര കോംപ്ലക്സ് സ്ഥാപിച്ചാൽ പഞ്ചായത്തിന്റെ സമഗ്രവികസന ത്തിന് ഒരളവ് വരെ ഉപകാരപ്രദമായിരിക്കും.

X അടയ്ക്കാ സംസ്കരണം

പഞ്ചായത്തിൽ ലഭ്യമാവുന്ന അടയ്ക്കാ മുഴുവനും സഹകരണാടിസ്ഥാനത്തിൽ ശേഖരിച്ച് ഇവിടെ വച്ച് തന്നെ അവ സംസ്കരി ച്ചെടുക്കുന്നതിനുള്ള ഒരു യൂണിറ്റ് ആരംഭിക്കു കയയും ചെയ്താൽ കൂടുതൽപേർക്ക് തൊഴിൽ നൽകുവാൻ സാധിക്കും. അടയ്ക്കയിൽ നിന്നുണ്ടാവുന്ന പാക്ക് ധാരാളം വിപണന സാധ്യതയുള്ളതുമാണ്. പാള ഉപയോഗിച്ച് കൊണ്ട് വിവിധതരത്തിലുള്ള കൗതുക വസ്തുക്കൾ ഉണ്ടാക്കുവാൻ കഴിയും.

XI നേന്ത്രക്കായ

ഈ പഞ്ചായത്തിൽ വൻതോതിൽ നടക്കുന്ന ഒന്നാണ് നേന്ത്രവാഴ കൃഷി. ഇപ്പോൾ നേന്ത്രക്കായ കൂടുതലും അന്യസ്ഥലങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയാണ് ചെയ്യുന്നത്. വാഴകൃഷിയിൽനിന്നുള്ള ആദായത്തിന്റെ ഏറിയ പങ്കും ലഭിക്കുന്നത് ഇടത്തട്ടുകാർക്കാണ്. പഞ്ചായത്തിൽതന്നെ ഒരു സംസ്കരണ യൂണിറ്റ് സഹകരണ മേഖലയിലോ സഹകാര്യമേഖലയിലോ സ്ഥാപിച്ചാൽ കായ ഉപയോഗിച്ച് ചിപ്സ് മുതലായവ ഉണ്ടാക്കുയാണെങ്കിൽ കൂടുതൽപേർക്ക് തൊഴിൽ നൽകുവാനും കർഷകർക്ക് ന്യായമായ വില നൽകുവാനും സാധിക്കും. കൂടാതെ വാഴനാരുപയോഗിച്ച് വിവിധ കരകൗശല വസ്തുക്കൾ നിർമ്മിക്കാനും സാധിക്കും

XII സഹകരണാടിസ്ഥാനത്തിൽ സോപ്പ്, മെഴുകുതിരി നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുകയും അവയിൽനിന്നുള്ള ഉൽപന്നങ്ങൾ പ്രാദേശികമായി തന്നെ വിറ്റഴിക്കാൻ പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യാവുന്നതാണ്.

4 കൃഷി - ജലസേചനം

മടിക്കൈ പഞ്ചായത്തിന്റെ ആകെ ഭൂവിസ്തൃതി 5181 ഹോക്ടർ ആണ്. കർഷക സമര ചരിത്രങ്ങളുടെ വിസ്മരണകളിൽ പുളകം കൊള്ളുന്ന മടിക്കൈയിലെ ഗ്രാമീണർക്ക് കാർഷിക വൃത്തി എന്നും ജീവവായുവാകുന്നു. മടിക്കൈയിലെ 85% കുടുംബങ്ങൾക്ക് കാരഷികവൃത്തിയുമായി ബന്ധപ്പെട്ട് ജീവിക്കുന്നവരാണ്.

ഈ നൂറ്റാണ്ടിന്റെ ആദ്യ പകുതിയിലെ കർഷക സമരചരിത്രം പരിശോധിച്ചാൽ വ്യക്തമാകുന്നത് മടിക്കൈയിലെ കൃഷിമുഴുവനും കക്കാട്ട് കോവിലകം, കക്കാട്ട് ഇല്ലം, കാഞ്ഞിരക്കൽ ഇല്ലം, മുലക്ക് ഇല്ലം, മേക്കാട്ട് ഇല്ലം, നടുവംതോട് ഇല്ലം, മടിക്കൈമാടം, ചെറുവായി തറവാട്, ഏച്ചിക്കാനം നായൻമാർ (വലിയോർ) ഉറവിൽ വാസുദേവ കക്കോത്തായർ, ആലമ്പാടി വിഷ്ണു തന്ത്രി, കിഴക്കില്ലത്ത് പത്മനാഭ തന്ത്രി, നീലേശ്വരം വടക്കും തെക്കും കോവിലകങ്ങൾ തുടങ്ങി 15ഓളം ജന്മികുടുംബങ്ങളുടെ കൈവശമായിരുന്നുവെന്നാണ്. 1939ലെ മംഗലാപുരം ഡിസ്ട്രിക് ബോർഡിലേക്കുള്ള തിരഞ്ഞെടുപ്പിൽ വോട്ടവകാശം ലഭിച്ചിരുന്നത് ഭൂനികുതി അടക്കുന്ന ഈ ജന്മിക്കാർക്കായിരുന്നു. അത്കൊണ്ടുതന്നെ കർഷകർ അനുഭവിച്ച എണ്ണമറ്റ ചൂഷണങ്ങൾക്കെതിരെയും കൃഷിഭൂമി കൃഷിക്കാന് ലഭിക്കുന്നതിനും വേണ്ടിയുള്ള ത്യാഗോജ്വലങ്ങളായ സമരഗാഥകൾ മടിക്കൈയിലെ കാർഷിക ചരിത്രത്തിന്റെ ഭഗമായി തീരുന്നു.

മടിക്കൈമാടം, ചെറുവായിത്തറവാട് കണിക്കോവിലകം പോലുള്ള ജന്മിക്കുടുംബങ്ങളോടുള്ള കുടിപ്പകയും, മേധാവിത്വത്തിന് വേണ്ടിയുള്ള സംഘട്ടനങ്ങളും മടിക്കൈയുടെ കാർഷിക ചരിത്രത്തിന്റെ ഭാഗമാണ്.

വിളവ്യത്യാസം

റവന്യു സെറ്റിൽമെന്റ് റജിസ്റ്ററിലെ വിവരമനുസ്സരിച്ച് മൊത്തം ഭൂ വിസ്തൃതിയുടെ 23.51% സ്ഥലത്ത് മാത്രമാണ് കൃഷി ഉണ്ടായിരുന്നത്. 50.77% കൃഷിയോഗ്യമായ തരിശും 0.019% പുഴ, തോട് തുടങ്ങിയ പുറം പോക്കുകളും 25.70% കൃഷുയോഗ്യമല്ലാത്ത തരിശു ഭൂമിയുമാണ്.

	അമ്പലത്തുകര	മടിക്കൈ		
ഇനം	വിസ്തീർണം ഏക്കറിൽ	വിസ്തീർണം ഏക്കരിൽ	ആകെ	ശതമാന കണക്കിൽ
നിലം	533.16	1550.00	2083.16	16.38
പുരയിടം	423.37	540.00	963.37	7.43
പുറമ്പോക്ക്	55.36	197.00	253.36	0.019
കൃഷിയോഗ്യമായ തരിശ്	3271.33	2895.00	6166.33	50.77
കൃഷിയോഗ്യമല്ലാത്ത തരിശ്	1948.64	1380.30	3328.94	25.70

മേൽ പട്ടിക അനുസരിച്ച് മൊത്തം കൃഷിയോഗ്യമായ സ്ഥലത്തിന്റെ 31.92% മാത്രമെ കൃഷിയുണ്ടായിരുന്നുള്ളു എന്ന് മനസ്സിലാക്കാം. ബാക്കി വരുന്ന 68.08% കൃഷി യോഗ്യമായ തരിശു ഭൂമിയായിരുന്നു. നെല്ല്, തെങ്ങ്, എന്നിവയായിരുന്നു. പ്രധാന കൃഷി. അല്പാല്പമായി കവുങ്ങ് കൃഷിയും ഉണ്ടായിരുന്നു. പുരയിടങ്ങളിൽ മാവും, പ്ലാവും സമൃദ്ധമായിരുന്നു. നെൽവയലുകളിലും പറമ്പുകളിലുമായി നേന്ത്രവാഴ, മുതിര, മധുരക്കിഴങ്ങ് എന്നിവ കൃഷിചെയ്തിരുന്നു.

മടിക്കൈയിൽ നടന്നിരുന്ന ശക്തമായ കാർഷിക സമരങ്ങളുടെ പശ്ചാത്തലത്തിൽ ഭൂ പരിഷ്കരണ നിയമം നടപ്പിൽ വരുന്നതിനു മുമ്പ് 1950കളിൽ തന്നെ കാർഷിക രംഗത്തെ ഉത്പാദന ബന്ധങ്ങളിൽ മാറ്റത്തിന്റെ തുടക്കം കുറിച്ചി രുന്നുവെന്നത് എടുത്ത് പറയേണ്ട വസ്തുതയാണ്. 1930 നൂറ്റാണ്ടുകളുടെ ആരംഭത്തിൽ ഭൂപരിഷ്കരണ നിയമം നടപ്പിലായതോടെ കൃഷിഭൂമി മുഴുവൻ കൃഷിക്കാരന്റേതായി ഹരിതവിപ്ലവം ലക്ഷ്യമിട്ട് അക്കാലത്ത് നടപ്പിലാക്കിയ വിവിധപദ്ധതികൾ കാർഷിക രംഗത്ത് മുന്നേറ്റമുണ്ടാക്കി. പ്രത്യേകിച്ച് നെൽകൃഷിയിൽ നാദക്കോട്ട് വയലിൽ അക്കാലത്ത് ഗ്രൂപ്പ് ഫാമിംഗ് അടിസ്ഥാനത്തിൽ കൃഷി നടത്തിയിരുന്നുവെന്നത് എടുത്ത് പറയേണ്ട വസ്തുതയാണ്. കാർഷി രംഗത്താകെ ഈ മാറ്റം ദൃശ്യമായിരുന്നു. എന്നാൽ ഈ നേട്ടം തുടർന്ന് നിലനിർത്തുന്നതിന് കഴിഞ്ഞില്ല. 1980 ആകുമ്പോഴേക്ക് തന്നെ നമ്മുടെ കാർഷികരംഗത്ത് മുരടിപ്പിന്റെ ലക്ഷണങ്ങൾ കണ്ട് തുടങ്ങിയിരുന്നു. ഇതിൽ ഏറ്റവും പ്രധാനം നെൽകൃഷി മേഖലയിൽ ഉണ്ടായ മാറ്റങ്ങളാണ്.

റവന്യു സെറ്റിൽമെന്റ് രേഖ പ്രകാരം 833.25% ഹെക്ടറിൽ മൊത്തം കൃഷി യോഗ്യമായ ഭൂമിയുടെ 22.34% നെൽകൃഷിയുണ്ടായിരുന്നത് 1996 ആകുമ്പോഴേക്കും 4.94% കുറഞ്ഞു. (185 HA) ഭൂപരിഷ്കരണ നിയമം നടപ്പിലാകുന്നതിനു മുമ്പുള്ള ജന്മിക്കുടിയാൻ ബന്ധമനുസരിച്ച് നെൽ വയലുകൾ, മറ്റാവശ്യങ്ങൾക്കുപയോഗിക്കു ന്നതിനോ തരിശ് ഇടുന്നതിനോ അനുവദിച്ചിരുന്നില്ല. ജന്മിക്ക് നൽകേണ്ട പാട്ടം കൃത്യമായി നൽകാൻ ബാദ്ധ്യതപ്പെട്ടിരുന്നതിനാൽ മുഴുവൻ സ്ഥലത്തും കൃഷി ഇറക്കുന്നതിന് കൃഷിക്കാരൻ നിർബന്ധിക്കപ്പെടുന്ന സാഹചര്യമായിരുന്നു നിലവിലിരുന്നത്. കൃഷിഭൂമി കൃഷിക്കാരന്റെ സ്വന്തമായതോടെ ഇതിനു മാറ്റം വന്നു. നെൽവയലുകൾ മറ്റുവിളകൾക്ക് വഴിമാറിയതിന്റെ ഒരു സാമൂഹിക ഘടകം അതായിരുന്നു. നെൽവയലുകൾ നാണ്യ വിളകൾ ചെയ്യുന്നതിന് വേണ്ടി നികത്തുന്ന പ്രവണത ആരംഭിച്ചു. നെൽകൃഷി ആദായകരമല്ലെന്ന നില വന്നതോടെ ഇതിന് ആക്കം വർദ്ധിച്ചു കാർഷിക രംഗത്തിന്റെ വളർച്ചക്കൊപ്പം തന്നെ വളർന്നു വന്ന പ്രവണത യായിരുന്നു ഇത്.

ക്രമ നമ്പർ	വിള വ്യത്യാസം ഇനം	വിസ്തീർണം ഏക്കറിൽ
1	നെൽകൃഷി	
	വിരിപ്പ്	185 ഹെക്ടറിൽ
	മുണ്ടകൻ	148.56 "
	പുഞ്ച	100 "
2	തെങ്ങ്	565 "
3	കവുങ്ങ്	330 "
4	കശുമാവ്	950 "
5	കുരുമുളക്	20 "
6	റബ്ബർ	10 "
7	നേന്ത്രവാഴ	100 "
8	പയർ	10 "
9	പച്ചക്കറി	22 "
10	ഇഞ്ചി	2 "
11	മഞ്ഞൾ	1 "
12	മരച്ചീനി	5 "
13	വെറ്റില	0.8 "

പുരയിട കൃഷിയുടെ രംഗത്തും മാറ്റങ്ങളുണ്ടായി. തെങ്ങ്, കവുങ്ങ്, പ്ലാവ്, മാവ് എന്നിവ സമ്മിശ്രമായി വളർന്നിരുന്ന പഴയ രീതിയിൽനിന്നും അനുകൂല മാറ്റങ്ങൾ ഉണ്ടായി. തെങ്ങ്മാത്രം കൃഷിചെയ്യുന്നതും കമുങ്ങ് മാത്രം കൃഷിചെയ്യുന്നതുമായ തോട്ടങ്ങളുണ്ടായി. വൃക്ഷവിളകളുടെ വിസ്തീർണ്ണം വർദ്ധിച്ചു - റബ്ബർ കൃഷി ആരംഭിച്ചു. ഉത്പാദനം കൂടി എന്നാൽ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കാൻകഴിഞ്ഞില്ല. ഇതിന്റെ കാരണങ്ങൾ പരിശോധിക്കപ്പെടണം.

ഭൂ പ്രകൃതി ജല വിഭവങ്ങൾ :-

മടിക്കൈ പഞ്ചായത്ത് കാർഷിത കാലാവസ്ഥമേഖലയായ വടക്കേ ഇടനാട്ടിൽ പ്പെടുന്നു. കുന്നുകളും ചരിവുകളും താഴ്വരകളും, സമതലങ്ങളും, തോടുകളും, ചാലുകളും, കൊണ്ട് ദൃശ്യചാരുതയാർന്ന ഭൂ പ്രകൃതിയാണ് മടിക്കൈ പഞ്ചായത്തിന്റേത്. മണ്ണ് താരതമ്യേന കൃഷിക്ക് അനുയോജ്യമാണ്. ചരൽമണ്ണ്, കളിമണ്ണ്, ചെളികലർന്ന പശിമരാശിമണ്ണ് എന്നിവയാണ് പ്രധാന മൺതരങ്ങൾ കാലാവസ്ഥയെ ആശ്രയിച്ചുള്ള കൃഷിരീതിയാണ് നിലവിലുള്ളത്. കാസർഗോഡ് ജില്ലയുടെ പൊതുവായ കാലാവസ്ഥതന്നെയാണ് മടിക്കൈ പഞ്ചായത്തിലും അനുഭവപ്പെടുന്നത്. വർഷത്തിൽ 3250 മി.മി. മഴലഭിക്കുന്നു. വർഷത്തിൽ100-110 ദിവസം മഴലഭിക്കുന്നു. ജൂൺ മുതൽ സെപ്തംബർ വരെയുള്ള മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് (മൺസൂൺ കാലവർഷം) ഒക്ടോബർ നവംബർ മാസങ്ങളിൽ തുലാവർഷവും ലഭിക്കുന്നു. 1986നും 95നും ഇടക്ക് ഏറ്റവും അധികം തുലാവർഷം ലഭിച്ചത് 1994 ലാണ്.

വർഷ പാതം / മഴയുടെ ലഭ്യത

വർഷം	ജനു.	ഫെ.	മാർ.	ഏ.	മെ.	ജൂൺ.	ജുലൈ.	ആഗ.	സെപ്ത.	ഒക്ടോ.	നവം.	ഡിസം.
1986	0.0 (0)	0.0 (0)	0.0 (0)	0.0 (0)	0.0 (0)	133.26 (27)	48.27 (18)	436.2 14	186.8 (11)	41.5 (7)	214.6 (3)	3.2 (1)
1987	0.0 (0)	0.0 (0)	0.0 (0)	7.4 (2)	91.1 (5)	958.4 (24)	528-7 (22)	646.6 (11)	108.3 (5)	205.7 (15)	205.6 (8)	30.6 (4)
1988	0.0 (0)	0.0 (0)	0.0 (0)	95-0 (11)	146.3 (5)	903.8 (27)	986.6 (27)	505.6 (23)	368.3 (20)	62.4 (5)	15.8 (1)	0.0 (0)
1989	0.0 (0)	0.0 (0)	0.0 (0)	40-6 (11)	44.5 (6)	1089.0 (26)	691.9 (20)	604.3 (24)	286.3 (11)	217.6 (12)	91.0 (3)	0.0 (0)
1990	0.0 (0)	0.0 (0)	0.0 (0)	1-2 (6)	7226 (18)	233.4 (27)	1016 (8)	633.6 (23)	182.2 (6)	226.6 (15)	6-7 (1)	0-0 (0)
1991	0.0 (0)	0.0 (0)	0.0 (0)	18-8 (2)	160.8 (6)	1368 (27)	1167.0 (27)	720.1 (25)	81-1 (4)	97-3 (5)	11-2 (2)	0-0 (0)
1992	0.0 (0)	0.0 (6)	0.0 (0)	9-6 (1)	101.1 (5)	994.9 (19)	1140.9 (27)	800.6 (27)	195.4 (10)	136.7 (7)	433.7 (7)	0.0 (0)
1993	0.0 (0)	0.0 (0)	50.2 (1)	0.0 (0)	62-8 (5)	1003.4 (26)	1074.0 (30	472.0 (21)	46.9 (8)	303.6 (12)	66.2 (5)	72.9 (3)
1994	0.0 (0)	0.0 (0)	9-2 (2)	154-5 (7)	793.2 (24)	1445.5 (28)	169.7 (30)	793.2 (24)	139.9 (11)	469.7 (14)	73.6 (5)	0.0 (0)
1995	0.0 (0)	0.0 (0)	0.0 (0)	32.2 (2)	450-0 (8)	907.2 (23)	1172.6 (30)	543.9 (23)	292.3 (9)	1748 (7)	687 (4)	10-01 (6)

തെഴ്ന്ന സംതലങ്ങളിൽ നെല്ലും, കുന്നിന്റെ താഴ്വാരങ്ങളിൽ കവുങ്ങ്, തെങ്ങ് എന്നിവയും അതിനു മുകൾത്തട്ടുകളിൽ കശുമാവും കൃഷി ചെയ്യുന്നത്. കുരുമുളക് കൃഷി ഒരു മിശ്ര വിളയായിട്ട് മാത്രമാണ് ചെയ്തുവരുന്നത്. റബ്ബർ കൃഷി ആരംഭിച്ചിട്ട് ഒരു ദശാബ്ദം മാത്രമെ ആയിട്ടുള്ളു. ഏതാണ്ട് 300 ഹെക്ടർ സ്ഥലം ഇനിയും കൃഷിക്ക് ഉപയോക്തമാക്കാൻ സാധിക്കും. ഈ പ്രദേശങ്ങളിൽ തെങ്ങ്, റബ്ബർ, കശുമാവ്, എന്നിവ കൃഷി ചെയ്യാൻ സാധിക്കും.

മടുപ്പ, മുങ്ങത്ത്, മാന്തുരി, ചെർണ്ണത്തല, മുലായിപ്പള്ളി, പള്ളത്തുവ്യൽ, പുങ്കാക്കുതിർ, പുളിക്കാൽ, കക്കാട്ട്, ചാളക്കടവ്, മുക്കുണ്ടിൽ, കണിച്ചിറ, കീക്കാംകൊട്ട്, ആലിങ്കീൽ, പന്നിപ്പള്ളി, മെട്ടമ്മൽ, എന്നീ പ്രദേശങ്ങളെ സ്പർശിച്ചൊഴുകി അരയിപ്പുഴ വരെ നീളുന്ന 15. കി.മീറ്റർ വരുന്ന ചാലാണ് പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സ്. പഞ്ചായത്തിന്റെ വടക്കുകിഴക്കൻ കാരാക്കോട്ട് നിന്നും തുടങ്ങുന്ന 6 കി.മീറ്റർ ദൈർഘ്യമുള്ള മറ്റൊരു തോട് മണക്കടവ് വെച്ച് പ്രധാന ചാലിനോട് ചേരുന്നു. തോടിന് ഇരുകരയിലുമുള്ള കാരാക്കോട്, ചുണ്ട, പെരിയടുക്കം, തോട്ടിനാട്, മുണ്ടോട്ട്, മോനാച്ച വളപ്പ്, മോലോത്തുങ്കാൽ, ചാർത്താകാൽ തുടങ്ങിയ പ്രദേശങ്ങളിലെ കൃഷിക്ക് ഈ തോട് പ്രയോജനപ്പടുന്നു. വാഴക്കോട് നിന്നാരംഭിച്ച് മുക്കുണ്ടിൽ അവസാനിക്കുന്ന 4കി.മീറ്റർ നീളം വരുന്ന മറ്റൊരു നീർച്ചാലും പ്രധാന ചാലിൽ വന്നു ചേരുന്നു. വാഴക്കോട്, ഏച്ചിക്കാനം, മധുരക്കോട്, മുണ്ടലായി, കൊക്കോട്ട് പ്രദേശങ്ങളിലെ കർഷകർക്ക് ഈ തോട് പ്രയോജനപ്പെടുന്നു. പെരളത്ത് നിന്നാരംഭിച്ച് നാര വരെ നീളുന്ന 3 കി.മീറ്റർ നീളം വരുന്ന തോട് മേലോത്തുങ്കാൽ വച്ച് കാരാക്കോട്ട് തോടുമായി ലയിക്കുന്നു. പെരളം, കുട്ട്യാനം, പറക്കട, നാര, മുയ്യംകോട്, മോലോത്തുങ്കാൽ പ്രദേശങ്ങളിലെ കൃഷിക്കാർക്കാണ് ഈ തോടിന്റെ പ്രയോജനം ലഭിക്കുന്നത്. പെരളത്തു നിന്ന് ആരംഭിച്ച് തെക്ക് കിഴക്കോട്ടൊഴുകുന്ന മറ്റൊരു നീർചാൽ വെണ്ണന്നൂർ, പെരളം, മലപ്പച്ചേരി വഴി നാരയിലെത്തുന്നു. കോങ്കോട്ട് നിന്നും തുടങ്ങി കരുവക്കൈയിൽ അവസാനിക്കുന്ന 15കി. മീറ്റർ വരുന്ന ചെറു തോട്ടം ചെറിയ തോതിൽ കർഷകർക്ക് സഹായകരമാകുന്നു. കക്കാട്ട്, കാനത്തുമൂല നെടുംകൈ തോടിന് ഒന്നര കി. മീറ്റർ ദൈർഘ്യമുണ്ട്.

ഇവക്കെല്ലാം പുറമെ ചാലുകളുടെയും തോടുകളുടെയും പ്രഭവ കേന്ദ്രങ്ങളിൽ വറ്റാത്ത നീരുറവുകളും കുറവല്ല. തലക്കാനം, ചുള്ളിമൂല, മേക്കാട്ട്, പറക്കട, വാഴക്കോട് തുടങ്ങി ഒട്ടേറെ ഭാഗങ്ങളിൽ ഇത്തരം നീരുറവയുണ്ട്.

	തോടുകളും - ചാലലുകളും			
1	മാന്തരി	-	അമയി	15.KM
2	കാരാക്കോട്	-	മണക്കടവ്	6. K.M
3	വാഴക്കോട്	-	മുക്കുന്ന്	4.K.M
4	പെരളം	-	മോലോത്തുങ്കാൽ	3.K.M
5	പെരളം	-	നാര	1.5. K.M
6	കക്കാട്ട്	-	കാനത്തുംമൂല	1.5. K.M
7	നാര	-	കുളിക്കുന്നകുണ്ട്	1.K.M
8	കോഹ്കോട്ട്	-	കരുമകൈ	1.5 K.M

പഞ്ചായത്തിൽ ജലസേചനാവശ്യത്തിന് ഉപയോഗിക്കുന്ന നാല് പൊതു കുളങ്ങളും ഒരു കിണറുമാണ് ഉള്ളത്. എരിക്കുളം, കുളങ്ങാട്, കളത്തുങ്കാൽ, കാനത്തുമൂല എന്നിവിടങ്ങളിലാണ് കുളങ്ങൾ. പൊതുകിണർ ബങ്കളത്തും. ഇവ കൂടാതെ ജലസേചനാവശ്യത്തിന് ഉപയോഗപ്രദമാകുന്ന നാല് പള്ളങ്ങളുണ്ട്. ആലക്കാൽ, പൈലിങ്കീൽ എന്നിവിടങ്ങളിൽ ഓരോന്ന് വീതവും കാഞ്ഞിരക്കാൽ രണ്ട് പള്ളങ്ങളുമാണ് ഉള്ളത്.

കാഞ്ഞിരപൊയിൽ, കൊളങ്ങാട്, മലപ്പച്ചേരി, ഉമിച്ചി, കാര്യളം, എരിക്കുളം, ബങ്കളം എന്നീ പ്രദേശങ്ങളിൽ ജല ദൗർലഭ്യം കൂടുതലാണ്.

പുഴയുടെ ചിലഭാഗങ്ങളിൽ അരികു കെട്ടി നികത്തിയതിന്റെ ഫലമായി വീതികുറഞ്ഞിട്ടുണ്ട് എന്നാൽ മറ്റുചില ഭാഗങ്ങളിൽ കരയിടിച്ചിൽ മൂലം വീതി കൂടിയിട്ടുണ്ട്. ഇത് പുഴയിലൂടെയുള്ള നീരൊഴുക്കിന് തടസ്സമുണ്ടാക്കുന്നു. കാലവർഷമാകുമ്പോൾ കരയിടിച്ചൊഴുകുന്ന പുഴ കൃഷിയിടങ്ങളിൽ ചരൽ കൂനതീർക്കുന്നു. ഇതോടെ ഇവിടങ്ങളിൽ നെൽകൃഷി ചെയ്യാൻ പറ്റാതാവുകയും കാലക്രമേണ ഈ പ്രദേശങ്ങൾ കരപ്പറമ്പുകളായി മാറുകയും ചെയ്യുന്നു. ഇത് വർഷങ്ങളിലെ വെള്ളപ്പൊക്കത്തിനും നീർകെട്ടിനും കാരണമാകുന്നു. പാടശേഖരങ്ങൾ നികത്തി പറമ്പാക്കി മാറ്റുന്നതും വെള്ളക്കെട്ടിന് ഹേതുവാണ്. ചാലുകൾ തോടുകളും ചരൽ വീണ് ആഴംകുറയുന്നതിനാൽ ഇവയുടെ ജലസംഭരണ ശേഷി കുറയുകയും വർഷകാലത്ത് കരകവിഞ്ഞൊഴുകി വെള്ളപ്പൊക്കത്തിന് കാരണമാവുകയും ചെയ്യുന്നു.

പോയകാലങ്ങളിൽ തോടിന്റെ ഇരുകരങ്ങളിലുമുണ്ടായിരുന്ന കൈതക്കാടുകളും, ഓടമരങ്ങളും ഇന്ന് അപ്രത്യക്ഷമായിരിക്കുന്നു. ഇവയും കരയിടിച്ചിലിന്റെ പ്രധാന കാരണങ്ങളാണ്. പരമ്പരാഗത തൊഴിലായ പായ് നെയ്തിനുള്ള അസംസ്കൃത ഭാഗങ്ങൾ ഇല്ലാതായി എന്നതും മറ്റൊരു പാർശ്വ ഫലമാണ്.

നിലവിലുള്ള ജല വിഭവ ശേഷിയെ പൂർണ്ണമായി സംരക്ഷിക്കുകയും ശാസ്ത്രീയമായി വിനിയോഗിക്കുകയും ചെയ്താൽ തന്നെ പഞ്ചായത്തിന്റെ കാർഷികാവശ്യത്തിന് മതിയായ ജലം ലഭ്യമാക്കാൻ കഴിയും

അണക്കെട്ടുകൾ

പഞ്ചായത്തിലെ തോടുകൾക്കും, ചാലുകൾക്കും കുറുകെ 16അണക്കെട്ടുകൾ ജലസേചന ആവശ്യത്തിനായി പണിതിട്ടുണ്ട്. ഇവയിൽ പള്ളത്തുവയൽ, മണക്കടവ്, കണിച്ചിറ, കാരക്കോട്, തോട്ടിനാട്, മോനച്ചവളപ്പിൽ, മോലോത്തുകാൽ, ചാർത്തങ്കാൽ എന്നിവ മാത്രമെ പ്രവർത്തിക്കുന്നുള്ളു. ഏച്ചിക്കാനം, പുളിക്കാൽ, പെരിയോട്, കൊക്കോട്, വാഴക്കോട്ട് എന്നിവ റിപ്പയർ ചെയ്ത് ഉപയോഗപ്പെടുത്താൻ കഴിയും. മതിരക്കോട്, മുണ്ടലായി, പൂങ്കാകുതിർ അണക്കെട്ടുകൾ തീർത്തും പ്രവർത്തന യോഗ്യമല്ലാതായിരിക്കുന്നു. കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താഞ്ഞതും, അതോടൊപ്പം പ്രാദേശികമായ കൃഷിക്കാരുടെ കൂട്ടായ്മയിലുന്നിയുള്ള പ്രവർത്തന മില്ലായ്മയുമാണ് അണക്കെട്ടുകളുടെ ഇന്നത്തെ അവസ്ഥക്ക് കാരണം. ഏതാണ്ട് 250 ഹെക്ടറോളം സ്ഥലത്ത് കൃഷിക്ക് ഉപയുക്തമാകേണ്ടിയിരുന്ന ഈ അണക്കെട്ടുകളുടെ 50% ശേഷിമാത്രമെ ഇപ്പോൾ പ്രയോജനപ്പെടുത്താൻ കഴിയുന്നുള്ളു. അണക്കെട്ടുകളുടെ റിപ്പയർ, പുനർ നിർമ്മാണം, സംരക്ഷണം എന്നിവക്ക് ഈ സാഹചര്യത്തിൽ വളരെ പ്രധാന്യമുണ്ട്.

ക്രമ നമ്പർ	അണകെട്ടാൻ (സ്ഥലം)	ആയ ക്കെട്ട്	വിലയിരുത്തൽ
1	പള്ളത്തുവയൽ	20	പ്രവർത്തിക്കുന്നത്
2	മണക്കടവ്	25	"
3	കണിച്ചിറ	50	"
4	കാരാക്കോട്	10	"
5	തോട്ടിനാട്	10	"
6	മോനാച്ചവളപ്പ്	10	"
7	മോലോത്തുങ്കൽ	10	"
8	ചാർത്താങ്കൽ	10	"
9	ഏച്ചിക്കാനം	10	പ്രവർത്തിക്കുന്നില്ല റിപ്പയർ ആവശ്യമുണ്ട്
10	പുളിക്കാൻ	15	"
11	പെരിയോട്ട്	10	"
12	കോക്കോട്ട്	10	"
13	വാഴക്കോട്ട്	20	"
14	മതിരക്കോട്ട്	10	പുനർനിർമാണം ആവശ്യമുണ്ട് പ്രവർത്തന യോഗ്യമല്ല
15	മണ്ടലായി	10	"
16	പൂങ്കാകതിർ	10	"

(അവലംബം, കൃഷിഭവൻ)

മടിക്കൈ വയൽ, കണ്ണിച്ചിറ, മെട്ടമ്മൽ, ആലായി എന്നിവിടങ്ങളിൽ നെൽകൃഷിക്ക് ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനുള്ള പമ്പുസെറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ കണ്ണിച്ചിറയിലുള്ള പമ്പിംഗ് സംവിധാനം തീർത്തും പ്രവർത്തനക്ഷമമല്ല. ഉപയോഗപ്രദമല്ലാത്തതിനു പകരം സംവിധാനം ഉണ്ടാക്കുന്നതിനെ കുറിച്ചും പ്രവർത്തന ക്ഷമമായവയുടെ കാര്യക്ഷമമായി ഉപയോഗിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുന്നത് പരിഗണിക്കപ്പെടേണ്ട വിഷയമാണ്. ഇപ്പോൾ പ്രവർത്തിച്ച് കൊണ്ടിരിക്കുന്നവയിലൂടെ 250 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ലഭിക്കുന്നുണ്ട്.

ക്രമ നമ്പർ	സ്ഥലം	പമ്പ് സെന്റിന്റെ വിവരം	ആയക്കെട്ട്
1	മടിക്കൈ വയൽ	ഡീസൽ 5 HP	10ha
2	മെട്ടമ്മൽ	ഇലക്ട്രിക് 5 HP	5ha
3	ആലയി	ഇലക്ട്രിക് 5 HP	10ha
4	കണിച്ചിറ	പ്രവർത്തിക്കുന്നില്ല	5ha

(അവലംബം : കൃഷിഭവൻ)

കാർഷിക രംഗത്ത് യന്ത്രവൽക്കരണം മടിച്ചുമടിച്ചാണെങ്കിലും കടന്നുവന്നു കൊണ്ടിരിക്കുന്നു. നാടൻ കലപ്പകൾ അപ്രത്യക്ഷമായി തുടങ്ങിയിരിക്കുന്നു. ഇത് തീർത്തും ആരോഗ്യപ്രദമായ പ്രവർത്തനമായി കണക്കാക്കാൻ പറ്റില്ല. പണ്ടു കാലത്ത് കാളകളെ വളർത്തുന്നതിലൂടെ ഉഴവ് ആവശ്യം സാധിക്കുന്നതോടൊപ്പം ജൈവവളത്തിന്റെ ആവശ്യവും നിർവ്വഹിക്കാൻ കഴിഞ്ഞിരുന്നു എന്നകാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. കാളകളും പോത്തുകളും അപ്രത്യക്ഷമാകുന്നതിന്റെ സ്ഥാനത്ത കറവ മാടുകൾ സ്ഥാനം പിടിക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിൽ ആകെ 57ഉഴവു കാളകൾ ഉള്ളതായി കണക്കാക്കുന്നു. മൂന്നു പാടശേഖര സമിതികളുടെതുൾപ്പെടെ നാലു പവ്വർ ടില്ലറുകൾ പഞ്ചായത്തിൽ ഉപയോഗപ്പെടുത്തുന്നുണ്ട് കൂടാതെ മറ്റു പഞ്ചായത്തുകളിൽനിന്നും വാടകയ്ക്ക് കൊണ്ടുവന്നും ഉപയോഗപ്പെടുത്തുന്നു. രണ്ട് പാടശേഖര സമിതികൾക്ക് മെതിയന്ത്രങ്ങൾ ഉണ്ട്. 34 റോക്കർ സ്പ്രേയർ, 7കുറ്റിപമ്പുകൾ 1പവ്വർ സ്പ്രേയർ, 5 തെങ്ങ് കയറ്റ യന്ത്രം 732 മണ്ണെണ്ണ പമ്പുകൾ എന്നിവയും ഉണ്ട്.

ക്രമ നമ്പർ	ജലസേചനം പോതുകിണർ	പോതുജല സേചന കുളം	കുഴൽ കിണർ	കോഡ് ബാർ	ആയക്കെട്ട്
1	-	1	-	1	50 ഹെക്ടർ
2	-	-	-	1	5 "
3	2	-	-	1	54 "
4	-	-	-	2	20 "
5	-	-	-	4	50 "
6	-	-	-	3	70 "
7	-	-	-	-	-
8	-	2	-	-	10 "
9	-	1	-	2	65 "
10	-	-	-	3	30 "

ഉൽപാദനവും ഉൽപാദനക്ഷമതയും

നെല്ല്, തെങ്ങ്, കവുങ്ങ്, കശുമാവ്, പച്ചക്കറി എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വിളകൾ. ഉൽപാദന രംഗത്ത് കേരളത്തിന്റെ ശരാശരി ഉൽപാദനത്തേക്കാൾ അല്പമാത്രമായ പുരോഗതി യുണ്ട്. നിലവിലുള്ള സാധ്യതകളെ പൂർണ്ണമായി ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ ഉൽപാദന ക്ഷമതയും ഉൽപാദനവും ഉയർത്താനും കൃഷി ആദായകരമാക്കി മുന്നോട്ട് കൊണ്ടു പോകാനും കഴിയും.

ക്രമ നമ്പർ	വിള	പഞ്ചായത്തിലെ മൊത്തം ഉൽപാദനം	നിലവിലുള്ള ഉൽപാദന ക്ഷമത	ഉൽപാദന ക്ഷമത പഞ്ചായത്തിൽ
1.	നെല്ല് മോത്തം കൃഷി ചെയ്യുന്നത്	958.73 മെ. ടൺ	1907കി.ഗ്രാം 1ഹെക്ടറിൽ	2212 കി.
2	തെങ്ങ്	7910000 തേങ്ങ	25 ഒരുമരത്തിന്	32 ഒരു മരത്തിന്
3	കവുങ്ങ്	103818000	218 ഒരുമരത്തിന്	242ഒരുമരത്തിന്
4	വാഴ	2500 ടൺ	6.5321	10 കി.

വാർഡ്	നാമ മാത്രമായ കർഷകൻ 1 ഹെക്ടറിനു താഴെ	1 മുതൽ 2 ഹെക്ടർ വരെ	2 ഹെക്ടറിനു മുകളിൽ
1	260	60	20
2	265	110	45
3	440	150	60
4	240	60	15
5	238	60	12
6	225	40	15
7	190	65	10
8	280	110	10
9	290	80	30
10	242	60	8
11	3690	795	225

(അവലംബം : കൃഷിഭവൻ രേഖ)

നെൽകൃഷി

പഞ്ചായത്തിലെ പ്രധാന ഭക്ഷ്യ വിളയാണ് നെല്ല്. കന്നുകാലി സമ്പത്തിന്റെ നിലനിൽപിനു വേണ്ടുന്ന വൈക്കോലും ഏറ്റവും അധികം തൊഴിലവസരങ്ങളും പ്രധാനം ചെയ്യുന്നത് നെൽകൃഷിയാണ്. നമ്മുടെ പരിതസ്ഥിതി സന്തുലനം സാധ്യമാകുന്നതിനും ഭൂഗർഭ ജലസംവിധാനം നിലനിർത്താനും സഹായകമാണ്. കൃഷിഭവനിൽ നിന്നും ലഭ്യമായ കണക്കനുസ്സരിച്ച് 185 ഹെക്ടർ സ്ഥലത്ത് ഒന്നാം വിളയും 148.56 ഹെക്ടർ സ്ഥലത്ത് രണ്ടാം വിളയും 100ഹെക്ടർ സ്ഥലത്ത് മൂന്നാം വിളയും കൃഷിചെയ്യുന്നുണ്ട്. വില്ലേജ് ഓഫീസിൽനിന്നും ലഭ്യമായ വൈദ്യുതി സെറ്റിൽമെന്റ് കണക്കനുസരിച്ച് 833.26 ഹെക്ടർ (മൊത്തം കൃഷിയോഗ്യമായ സ്ഥലത്തിന്റെ 22.24% നെൽകൃഷി ചെയ്യുന്നത് 4.94% കഴിഞ്ഞു.) നെൽകൃഷി ചെയ്ത് വരുന്ന സ്ഥലത്തിൽ പകരം തെങ്ങും, കവുങ്ങും വെച്ച്പിടിപ്പിച്ചു. 100 ഹെക്ടറോളം സ്ഥലം വാഴകൃഷിക്കു വേണ്ടി മാറ്റിവെക്കപ്പെടന്നു. നെൽ വയലുകൾ ഇത്തരത്തിൽ മാറ്റപ്പെടുവാനുണ്ടായ സാമൂഹ്യ പശ്ചാത്തലം ഇതിനു മുമ്പ് പരിശോധിച്ചു കഴിഞ്ഞു. മറ്റുകാരണങ്ങൾ ഗൗരവമായ ചർച്ചക്ക് വിധേയമാക്കേണ്ടതാണ്. നെൽകൃഷിയുടെ വിസ്തൃതി കുറക്കാൻ ഒട്ടേറെ കാരണങ്ങൾ കണ്ടെത്താൻ കഴിയും.

നെൽകൃഷി മറ്റുള്ളവയെ അപേക്ഷിച്ച് ആദായകരമല്ല. മറ്റ് നാണ്യവിളകളുമായി താരതമ്യം ചെയ്യുമ്പോൾ കൂടുതൽ അദ്ധ്വാനവും പരിചരണവും ആവശ്യമായ കൃഷിയാണ്. കാർഷിക മേഖലയിലെ കൂലി നിരക്ക് മറ്റുമേഖലയുമായി താരതമ്യം ചെയ്യുമ്പോൾ കുറവാണെന്നതിനാൽ തൊഴിലാളികൾ ഈ രംഗത്തേക്ക് ആകർഷിക്കപ്പെടുന്നില്ലെന്ന് മാത്രമല്ല ഇവർ ഈ മേഘലയെ വിട്ടുകൊണ്ടിരിക്കുന്നു.

കാർഷിക വൃത്തിയോടുള്ള ആഭിമുഖ്യം ഇല്ലായ്മക്ക് തൊഴിൽ പരമായ അന്തസ്സ് ആഭിജാത്യം എന്നിവയെ കുറിച്ചുള്ള വ്യർത്ഥമായ ധാരണകൾ എന്നീ കാരണങ്ങളാൽ കാർഷിക മേഖലയേക്കാൾ കുറഞ്ഞവേതനം പറ്റുന്ന ബീഡി തെറുപ്പിലേക്കും മറ്റും സ്ത്രീകൾ ആകർഷിക്കപ്പെടുന്നു. വർഷത്തിൽ എല്ലാകാലത്തും കാർഷിക മേഖലയിൽ ജോലി ലഭിക്കുമെന്ന് ഉറപ്പില്ലാത്തതും കാരണമായിരിക്കാം.

മടിക്കൈ പഞ്ചായത്തിൽ മൂന്നുവിളക്കാലത്ത് കൂടിയുള്ള മൊത്തം നെല്ല് ഉൽപാദനം 958.73 ടൺ ആണ്. ശരാശരി ഉൽപാദനക്ഷത2202 കി.ഗ്രാം / ഹെക്ടർ ആളോഹരി അരിയുൽപാദനം 49.5 കി.ഗ്രാം ആണ്. നമ്മുടെ പഞ്ചായത്തിന് ആവശ്യമുള്ളത്രയും ഉൽപാദിപ്പിക്കാൻ നമുക്ക് സാധിക്കില്ലെങ്കിലും നിലവിൽ ലഭ്യമാകുന്നതും ലഭ്യമാക്കാവുന്നതുമായ സാഹചര്യങ്ങളെ ഉപയോഗപ്പെടുത്തി നെല്ലുൽപാദനം വർദ്ധിപ്പിക്കേണ്ടതിന്റെ അനിവാര്യതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്.

നെൽകൃഷിയിലെ നൂതന ശാസ്ത്ര സാങ്കേതിക വിദ്യയേയും വിളവർദ്ധനവിനുള്ള മറ്റുപാതികളെയും ഫലപ്രദമായി സമന്വയിപ്പിച്ച് പ്രയോജനപ്പെടുത്തുവാനുള്ള അറിവ് കർഷകർക്ക് നൽകുക നെൽകൃഷിയുടെ സാമ്പത്തിക പരിതസ്ഥിതി സന്തുലനം നിലനിർത്തുന്നതിൽ അത് വഹിക്കുനപങ്കിനെ കുറിച്ച് ബോധ്യപ്പെടുത്തുക എന്നതോടൊപ്പം തന്നെ ഈ രംഗത്ത് പിടിച്ചു നിൽക്കാൻ സഹായകവും ആവശ്യമായ സംരംഭങ്ങളും ഉണ്ടായാൽ നെല്ലുൽപാദനം കൂട്ടാനും കൃഷിക്കാരെ സമൂഹത്തോട് കൂടുതൽ പ്രതിബദ്ധതയുള്ളവരാക്കി തീർക്കാനും സാധിക്കുമെന്ന് പ്രത്യാശിക്കാം.

ഇന്ന് ഏതാണ്ട് അപ്രത്യക്ഷമായി കഴിഞ്ഞ മാച്ചൻ, കുരുടൻ,അരിക്കിറായി, കീരിപ്പല്ലൻ, കരിയടക്കൻ, കൊയ്യാലൻ, ജീരകശാല, കറുത്തല്ലികണ്ണൻ, വെളുത്തല്ലി കണ്ണൻ, തന്നച്ചൻ, തൊണ്ണൂറാൻ തുടങ്ങിയ നെൽവിത്തുകളായിരുന്നു. 30-35 വർഷം മുമ്പുവരെ കൃഷിക്കാർ ഉപയോഗിച്ചിരുന്നത് ഉൽപാദനക്ഷമത കുറവാണെങ്കിലും പല സവിശേഷതകൾ നിറഞ്ഞതും നമ്മുടെ മണ്ണിനും കാലാവസ്ഥയ്ക്കും അനുയോജ്യമായ വിത്തുകളായിരുന്നു അവ.

മാച്ചൻ, കുരുട്ട്യൻ എന്നീ വിത്തുകൾക്ക് വെള്ളപ്പൊക്കത്തെ ചെറുത്തു നിൽക്കാൻ ശേഷിയുണ്ടായിരുന്നു. കൊയ്യാലൻ, കരിയടക്കൻ, കറുത്തല്ലികണ്ണൻ[7] എന്നിവ കയ്പാട് സ്ഥലങ്ങളിലേക്ക് യോജിച്ചവയായിരുന്നു. തണ്ടുറപ്പിനും ശേഷിയുള്ളവയും ആയിരുന്നു മിക്ക വിത്തുകളും. കീടരോഗങ്ങൾക്കെതിരെ പ്രതിരോധശേഷി ഉണ്ടായിരുന്നു. കൂടുതൽ വൈക്കോൽ ലഭിച്ചിരുന്നു. പഴയ വിത്തുകൾ പലതും അപ്രത്യക്ഷമായതിലും കയമ, ഉണ്ടക്കയമ, തവളക്കണ്ണൻ, തൊണ്ണൂറാൻ, തൗവൽ തുടങ്ങിയ വിത്തുകൾ ഇന്നും കൃഷിക്കാർ സ്വീകാര്യമാകുന്നത് മേൽപറഞ്ഞ സവിശേഷതകൾ കൊണ്ടാണ്.

ജല നിയന്ത്രണ സൗകര്യമില്ലാത്തതും നീർകെട്ടുള്ളതുമായ നെൽവയലുകളിൽ നാടൻ വിത്തുകൾ കൃഷി ചെയ്യാൻ കൃഷിക്കാർ താൽപര്യം കാണിക്കുന്നത് സ്വാഭാവികമാണ്. എങ്കിലും പഴയവിത്തുകൾ സംരക്ഷിക്കപ്പെടുന്നതോടൊപ്പം തന്നെ അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങളുടെ കൃഷി വ്യാപിപ്പിച്ചാൽ മാത്രമെ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കാൻ സാധിക്കുകയുള്ളു എന്ന കാര്യം അതീവ ശ്രദ്ധയർഹിക്കേണ്ട കാര്യമാണ്.

നമ്മുടെ പഞ്ചായത്തിലെ ഭൂരിഭാഗം കൃഷിക്കാരും നാടൻ വിത്തിനങ്ങളാണ് കൃഷി ചെയ്യുന്നത്. 25% സ്ഥലത്ത് മാത്രമെ അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ കൃഷി ചെയ്യപ്പെടുന്നുള്ളു. മണ്ണിന്റെ തരം ജലലഭ്യത, ജലനിർഗമന സൗകര്യം ഫലഭൂയിഷ്ഠത തുടങ്ങി കാലാവസ്ഥാ ഘടകങ്ങളും കണക്കിലെടുക്കുകയാണെങ്കിൽ അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ കൃഷിചെയ്ത് ഉൽപാദനം വർദ്ധിപ്പിക്കാൻ സാധിക്കുന്നു. അത്യുൽപാദന ശേഷിയുള്ള ജയ,ജ്യോതി, തുടങ്ങിയ വിത്തിനങ്ങൾ ഒന്നാം വിളക്കാലത്ത് പറയത്തക്ക കീട രോഗബാധയില്ലാതെ തന്നെ വിളയെടുക്കാൻ കഴിയുമെന്നതാണനുഭവം. ജൈവീക കൃഷിരീതിയെ കുറിച്ചും സമഗ്ര കീട നിയന്ത്രണത്തിനെക്കുറിച്ചുള്ള അറിവുകൾ കൃഷിക്കാരിലെത്തിക്കാൻ കഴിയേണ്ടതാണ്.

കീടരോഗ നിയന്ത്രണത്തിനും കളനിയന്ത്രണത്തിനുമുള്ള ഒട്ടേറെ പാരമ്പര്യ രീതികൾക്ക് പഞ്ചായത്തിലെ കൃഷിക്കാർ സമ്പന്നരായിരുന്നു. എന്നാൽ കാലത്തിന്റെ കുത്തൊഴുക്കിൽ പലതും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. നെല്ലിലെ ചാഴിയെ അകറ്റുന്നതിന് ഫലപ്രദമ നാട്ടറിവുകൾ ഇന്നും ചുരുക്കം ചിലരുടെ കൈകളിൽ സുരക്ഷിതമാണ്. എന്തോചില മരുന്നുകൾ കിഴികെട്ടി കണ്ടത്തിൽ അവിടെ ഇവിടെയായി കമ്പിൽകെട്ടിയിടുന്ന ശീലം ഇന്നും തുടരുന്നുണ്ട്. എന്നാൽ ഇത് കീടനിയന്ത്രണം സാധ്യമാക്കുന്നുണ്ട്. ഇത്തരം അറിവുകളെ പാരമ്പര്യത്തിന്റെ വിശ്വാസത്തിന്റെ പേരിൽ കൈമാറ്റം ചെയ്യാൻ ഇവർ ആഗ്രഹിക്കുന്നില്ല. ഇത്തരം അറിവുകളെ നമുക്ക് പ്രയോജനപ്പെടുത്താൻ കഴിയണം. ഇലചുരുട്ടിപുഴു, കുഴൽപുഴു തുടങ്ങിയവയെ മുറം കൊണ്ട് ശേഖരിക്കുകയും അതിനു മുമ്പായി ഇവയുടെ കൂടുകൾ തെങ്ങിന്റെ കുലച്ചിലോ മറ്റൊ കൊണ്ടടിച്ച് വിടർത്തുക തുടങ്ങിയ പാരമ്പര്യ രീതികൾ ഉണ്ട്. പാരസ്ഥിത ആരോഗ്യപ്രശ്നത്തിന്റെ അസടിസ്ഥാനത്തിൽ ഇവയ്ക്ക് വേണ്ടത്ര പ്രധാന്യം കൊടുക്കേണ്ടിയിരിക്കുന്നു.

തെങ്ങ് കൃഷി സംബന്ധിച്ച വിവരം

പഞ്ചായത്തിൽ നിലവിൽ 1130 ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷിയുണ്ട്. റവന്യു സെറ്റിൽമെന്റ് രേഖാ പ്രകാരം 385 ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷിയുണ്ടായിരുന്നത് 1130 ഹെക്ടറായി വർദ്ധിച്ചു. തെങ്ങുകൃഷി വ്യാപനത്തിൽ 685 ഹെക്ടറിന്റെ വർദ്ധനവ് ഉണ്ടായെങ്കിലും ഉൽപാദന വർദ്ധനവിലും ഉൽപാദന ക്ഷമതയിലും വേണ്ടത്ര വർദ്ധനവ് പ്രതിഫലിച്ചിട്ടില്ല. 1910000 തേങ്ങ ഇപ്പോൾ ഉൽപാദിപ്പിക്കുന്നു. ഹെക്ടറിൽ ശരാശരി 7000 തേങ്ങയാണ്. തെങ്ങ് കൃഷിക്കനുയോജ്യമായ ജലസേചന സൗകര്യം പരിമിതമായേ ഉള്ളു. തെങ്ങുകൾ വളരെ അടുത്തടുത്തായി പിടിപ്പിച്ചതിനാൽ അവയിൽനിന്നും ഉൽപാദനക്ഷമത നന്നേ കുറഞ്ഞു പോകുന്നു. ഉൽപാദനക്ഷമതയേയും സ്റ്റേറ്റ് ശരാശരിയേക്കാൾ അല്പമാത്ര മുന്നിലാണെങ്കിലും ഇത് തീരെ അപര്യാപ്തമാണ്. അശാസ്ത്രീയമായ പരിചരണം വളപ്രയോഗത്തിന്റെ കുറവ് ജലസേചനത്തിന്റെ കുറവ് എന്നിവ പ്രധാന കാരണങ്ങളായി ചുണ്ടിക്കാണിക്കാം.

ചെന്നീരൊലിപ്പാണ് തെങ്ങിന് കണ്ടുവരുന്ന എറ്റവും പ്രധാന രോഗം. കൂമ്പുചീയൽ കൊമ്പൻചെല്ലിയുടെ ആക്രമണം എന്നിവയും അപ്രധാനമല്ല. ചെന്നീരൊലിപ്പിനെ നിയന്ത്രിക്കാനുള്ള മാർഗ്ഗത്തേക്കുറിച്ച് കൃഷിക്കാർ ബോധവാൻമാരല്ല. അറിവുകളെ പ്രയോഗത്തിൽ വരുത്തുന്നതിൽ കർഷകരിൽ താൽപര്യ മുണ്ടാക്കേണ്ടതാണ്.

വാർഡ് നമ്പർ	തെങ്ങ് കൃഷി വിസ്തീർണം	തെങ്ങിന്റെ എണ്ണം			റൂട്ട് വിൽട്ട്	ലീഫ് റോട്ട്	ബഡ് റോട്ട്	ചെന്നി തൊലിപ്പ്	മറ്റുള്ളവ	ആകെ
		കായ്ക്കാത്തത്	കായ്ക്കുന്നത്	ആകെ						
1	110	6080	16120	22200	–	18	42	110	–	170
2	150	9640	22760	32400	–	15	35	195	–	245
3	140	11620	19180	30800	–	25	48	220	–	293
4	140	13640	20110	33750	–	18	25	240	–	283
5	110	9280	14920	24200	–	20	32	185	–	237
6	110	7880	15880	23760	–	15	25	140	–	180
7	70	7236	10764	18000	–	15	35	170	–	220
8	100	7440	14500	22000	–	20	28	182	–	230
9	120	9250	17150	26400	–	25	36	195	–	256
10	70	5630	9770	15400	–	15	18	60	–	103
ആകെ	1130	87656	248910	336566	–	186	334	1697	–	2217

അവലംബം സെക്കന്ററി ഡാറ്റാ

കവുങ്ങ് കൃഷി

പഞ്ചായത്തിൽ 330 ഹെക്ടർ സ്ഥലത്ത് കവുങ്ങ് കൃഷിയുള്ളതായി കണക്കാക്കുന്നു. കവുങ്ങു കൃഷിയുടെ വ്യാപ്തി കൊല്ലംതോറും വർദ്ധിക്കുന്നുണ്ട്. ഉൽപന്നത്തിന് നിലവിലുള്ള ആകർഷകമായ വിലയാണ് പ്രധാനകാരണം. ഉൽപാദനക്ഷമത കുറവാണ്. പരിമിതമായ കൃഷിക്കാർ മാത്രമെ രാസവളം ഉപയോഗിക്കുന്നുള്ളു. നാടൻ ഇനങ്ങളാണ് കൂടുതൽ അത്യുൽപാദന ശേഷിയുള്ള ഇനങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. മഹാളിരോഗമാണ് കവുങ്ങിന്റെ ഉൽപാദക്ഷമതയെ ബാധിക്കുന്ന പ്രശ്നം. ബോർഡോ മിശ്രിതം ശാസ്ത്രീയമായി തയ്യാറാക്കുന്നതിനാവശ്യമായ പരിശീലനത്തിന്റെ അഭാവം നിലനിൽക്കുന്നു. അത്യുൽപാദന ശേഷിയുള്ള ഇനങ്ങൾ വ്യാപകമായിട്ടില്ല.

റബ്ബർ

10 ഹെക്ടർ സ്ഥലത്താണ് റബ്ബർകൃഷിയുള്ളത്. ഏറ്റവും അവസാനമായി പഞ്ചായത്തിൽ സ്ഥാനം പിടിച്ച കൃഷിയാണിത്. റബ്ബർ കൃഷി ചെയ്യാൻ പറ്റുന്ന ഏക്കർ കണക്കിന് ഭൂമിയുണ്ടെങ്കിലും കൃഷിക്കാർക്ക് ഈ കൃഷിയുടെ സാധ്യതകളെ ഉപയോഗപ്പെടുത്താൻ കഴിയാത്തതിന്റെ കാരണങ്ങൾ പരിശോധിക്കപ്പെടേണ്ടതാണ്.

പച്ചക്കറി, വാഴ

പഞ്ചായത്തിൽ 22 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിയുണ്ട്.

പച്ചക്കറി കൃഷി

ക്രമ നമ്പർ	കൃഷി ചെയ്യുന്ന സ്ഥലം	സമയം	
		വർഷ കാലം	വേനൽ കാലം
1	എരിക്കുളം		4.8 ഹെക്ടർ
2	കൊളങ്ങാട്ട്		2.0 ഹെക്ടർ
3	ബക്കളം	0.8 ഹെക്ടർ	3.00 ഹെക്ടർ
4	പുളിക്കാൽ		2.40 ഹെക്ടർ
5	കക്കാട്ട്		2.80 ഹെക്ടർ
6	പെരുളച്ചേരി കാരാക്കോട്ട്	2.6 ഹെക്ടർ	5.00 ഹെക്ടർ
7	ആലൈ	2.4 ഹെക്ടർ	1.00 ഹെക്ടർ
8	കല്ല്യാണം, വാഴക്കോട്ട്		1.20 ഹെക്ടർ
ആകെ		5.80 ഹെക്ടർ	16.20 ഹെക്ടർ

മത്തൻ,കുമ്പളം, പാവൽ, നരമ്പൻ, വെണ്ട, പയർ, വഴുതിന, മുളക്, കോവ, വെള്ളരി എന്നിവയാണ് പ്രധാനമായും കൃഷിചെയ്ത് വരുന്നത്. വേനൽകാലത്ത് 5.8 ഹെക്ടറും വർഷകാലത്ത് 16.2 ഹെക്ടറിലും കൃഷിചെയ്യുന്നു. വീട്ടാവശ്യത്തിനുപുറമെ വില്പന ലക്ഷ്യമാക്കിയും കൃഷിചെയ്യുന്നു. കൃഷിക്കാർക്ക് ആവശ്യമായ പ്രോത്സാഹനവും അടിസ്ഥാന സൗകര്യവും നൽകേണ്ടതുണ്ട്. പച്ചക്കറി കൃഷി വ്യാപിപ്പിക്കാൻ ഇത് സഹായകരമാകും. നീലേശ്വരം, കാഞ്ഞങ്ങാട് എന്നിവിടങ്ങളിലാണ് ഉൽപന്നങ്ങളുടെ വിപണന കേന്ദ്രം. ചാളക്കടവ്, എരിക്കുളം ഭാഗങ്ങളിൽ നിന്ന് മൊത്തം കച്ചവടക്കാർ കൃഷിക്കാരിൽ നിന്നും സാധനങ്ങൾ വാങ്ങിക്കൊണ്ട്പോകുന്നുണ്ട്. ഈ രംഗത്ത് ഉൽപാദക വിപണനസഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ കുറിച്ച് ആലോചിക്കാവുന്നതാണ്.

ക്രമ നമ്പർ	ഇനം	വിസ്തീർണം	ഉൽപാദന ക്ഷമത
1	മഞ്ഞൾ	0.4	25 ടൺ
2	കുമ്പളം	0.4	25 ടൺ
3	പാവൽ	2.2	3.75 ടൺ
4	നരമ്പൻ	2.4	4 ടൺ
5	വെണ്ട	1.6	4 ടൺ
6	വഴുതന	1.4	5 ടൺ
7	പയർ	1.00	3 ടൺ
8	മുളക്	0.2	7.5 ടൺ
9	കോവ	4.4	7.5 ടൺ
10	വെള്ളരി	7.6	12.5 ടൺ

(അവലംബം - കൃഷിഭവൻ)

പച്ചക്കറി കൃഷി മടിക്കൈയിലെ അനേകം കുടുംബങ്ങളുടെ ഉപജീവന മാർഗ്ഗമാണ്. കീടനാശിനികളുടെ ഉപയോഗം ചില മേഖലകളിൽ കൂടിയ തോതിൽ കണ്ടു വരുന്നു. അന്തർ വ്യാപന ശേഷിയുള്ള കീടനാശിനികളുടെയും അമിതമായ രാസവളത്തിന്റെയും പ്രയോഗത്തിന്റെ ദോഷവശങ്ങളെ കുറിച്ച് കർഷകർ ബോധവാൻമാരല്ല. സസ്യജന്യ കീടനാശിനികൾ ഉപയൊഗിച്ചും മറ്റു പാരമ്പര്യ രീതികളിലൂടെ യുള്ള കീട നിയന്ത്രണം രാസവളത്തിന്റെ ഉപയോഗം കുറച്ചും, ജൈവിക കൃഷി സമ്പ്രദായത്തിലൂടെ വീട്ടാവശ്യത്തിനുള്ള പച്ചക്കറി ഉൽപാദിപ്പിക്കാൻ സംഘടിതമായ മുന്നേറ്റത്തിന്റെ സാധ്യത ഉപയോഗപ്പെടുത്താൻ കഴിയണം. ഒരു കാലത്ത് ആലെ പോലുള്ള പ്രദേശങ്ങളെ വറ്റൽ മുളക് കൃഷി വ്യാപകമായി ഉണ്ടായിരുന്നത് കുറഞ്ഞുവന്നത് പരിശോധിക്കപ്പെടേണ്ടതാണ്.

നേന്ത്രവാഴ

മടിക്കൈ പഞ്ചായത്തിലെ കൃഷിക്കാർ നേന്ത്രവാഴകൃഷിയെ ഒരു ഉപജീവന മാർഗ്ഗമായി സ്വീകരിച്ചുവരുന്നത് 30-35 വർഷമായി. ഏതാണ്ട് 1000- ത്തോളം കർഷക - തൊഴിലാളികളുടെ പ്രധാന തൊഴിലാണ് നേന്ത്രവാഴകൃഷി. ഒന്നാം വിള നെൽകൃഷി ചെയ്യാൻ പറ്റുന്ന കണ്ടങ്ങളിലാണ് വാഴ കൃഷി ചെയ്യുന്നതെന്നതിനാൽ വെള്ളപ്പൊക്കത്തിലും, കൊടുങ്കാറ്റ് മൂലവും വാഴ നശിക്കുക എന്നത് പതിവാണ്. കാലാവസ്ഥ അനുകൂലമായാൽ നല്ല ആദായം ലഭിക്കുന്ന ഈ കൃഷിയെയും കൃഷിക്കാരെയും സംരക്ഷിക്കുന്നതിന് മടിക്കൈയുടെ കാർഷിക സമ്പദ്‌വ്യവസ്ഥയുടെ നിലനിൽപിന്റെ ഭാഗമാണ്. അതോടൊപ്പം ഉൽപ്പന്നങ്ങളുടെ വിപണനത്തിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്നതിലൂടെ ഈ മേഖലയിൽ ഇടനില ക്കാരുടെയും പാട്ടക്കാരുടെയും ചൂഷണത്തിൽ നിന്നും കർഷകരെയ മോചിത രാക്കാനുള്ള മാർഗ്ഗങ്ങളും ആലോചനാ വിഷയമാക്കേണ്ടതാണ്.

കശുമാവ്:

950 ഹെക്ടർ സ്ഥലത്തായി വ്യാപിച്ചു കിടക്കുന്ന കശുമാവ്, മടിക്കൈ പഞ്ചായത്തിനെ സംബന്ധിച്ച് പ്രധാന വരുമാന മാർഗമാണെങ്കിലും അതിന്റെ പ്രാധാന്യമനുസരിച്ചുള്ള ശ്രദ്ധയും പരിചരണലും ഈ കൃഷിക്ക് നൽകിവരുന്നില്ല. നടുന്നതുമുതൽ വിളവെടുക്കുന്നതുവരെയുള്ള ഒരു ഘട്ടത്തിലും വിളപരിപാലനത്തിന്റെ കാര്യത്തിൽ യാതോരുവിധ ശ്രദ്ധയും താത്പര്യവും ഈ കൃഷികാര്യത്തിൽ കഷിക്കാർ കാണിക്കുന്നില്ല. ആകർഷകമായ വില ലഭിക്കുന്നു എന്നതിനാൽ കാർഷികവരുമാനത്തിനറെ മുഖ്യപങ്കാണ് ഈകഷിക്കുള്ളത്. കശുമാവു കൃഷിയുടെ രംഗത്ത് ഉൽപാദന ക്ഷമത വർദ്ധിപ്പിക്കാനാവശ്യമായ പ്രവർത്തനങ്ങളിൽ കൃഷിക്കാർ തൽപര രാവുന്നതിലുള്ള ശ്രമങ്ങൾ അനിവാര്യമാണ്. കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് പറ്റിയ സ്ഥലങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്.

കുരുമുളക്:

20 ഹെക്ടർ സ്ഥലത്ത് കുരുമുളക് കൃഷിയുണ്ട്. കുരുമുളകിനെ ബാധിക്കുന്ന വാട്ടരോഗം ഈ കൃഷിയെ നശിപ്പിക്കുന്നു. അതിനാൽ ശാസ്ത്രീയമായ സസ്യസംരക്ഷണ മാർഗ്ഗങ്ങളെകുറിച്ചുള്ള അറിവ് കൃഷിക്കാരിലെത്തിക്കുന്നതിന് കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. തെങ്ങിൻ തോട്ടങ്ങളിൽ മിശ്രവിളയായി ചെയ്യാൻ പറ്റുന്ന ഒരു വിളയെന്ന നിലയിൽ പഞ്ചായത്തിൽ കൂടുതൽ സ്ഥലത്ത് കുരുമുളക് വ്യാപിപ്പിക്കാനുള്ള സാധ്യതയേകുറിച്ചാലോചിക്കേണ്ടതാണ്.

കൂലിവ്യവസ്ഥ:

കാർഷികമേഖലയിലെ കൂലിഘടന സംബന്ധിച്ച പട്ടിക ചുവടെ കൊടുക്കുന്നു. കാർഷികതൊഴിലാളികളുടെ കൂലിനിരക്കി നോടൊപ്പം തന്നെ പരിശോധിക്കപ്പെടേണ്ടുന്ന വിഷയമാണ് ജോലിയോടുള്ള പ്രതിബന്ധതയും ജോലിയുടെ അളവും ജോലി സമയവും.

ക്രമ നമ്പർ	ഇനം	10 വർഷം മുമ്പ്		1996	
		പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ
1	കന്ന് പൂട്ടൽ	40 രൂപ	–	110 രൂപ	–
2	കുമ്പളനിലമൊരുക്കൽ	30 രൂപ	–	60 രൂപ	–
3	ഞാറ് പറിക്കൽ, നടിൽ, കള പറിക്കൽ	–	15 രൂപ	–	30 രൂപ
4	കൊയ്ത്ത് കൂലി	4 ഇടങ്ങഴിയും	കൂടാതെ ഒരോ	പെറുക്കും 2 ഇടങ്ങഴിയും	
5	കൂലി കൊയ്ത്ത്	–	–	–	30 രൂപ
6	മെതി ക്കൂലി	–	–	–	30 രൂപ
7	തെങ്ങ് കയറ്റം	35 രൂപയും 2തേങ്ങയും	–	70 രൂപയും 3 തേങ്ങയും	–
8	തടം തുറകക്കൽ	25 രൂപ	–	60 രൂപ	–
9	രബ്ബർ ടാപ്പിങ്ങ്	–	–	മരത്തിന് 25 പൈസ	–

മറ്റു മേഖലകൾ

ഇനം	1996	
	പുരുഷൻ	സ്ത്രീ
ബീഡി തെറുപ്പ് (വികേന്ദ്രീകൃതം)	25 രൂപ 1000 ബീഡിക്ക്	25 രൂപ 1000 ബീഡിക്ക്
ദിനേശ് ബീഡി	50 രൂപ 1000 ബീഡിക്ക്	50 രൂപ 1000 ബീഡിക്ക്
കെട്ടിട നിർമ്മാണം	125 രൂപ (ശരാശരി)	70 രൂപ (ശരാശരി)

വളപ്രയോഗം:

രാസവളങ്ങളുടെ ഉപയോഗം സാർവത്രികമാകുന്നതിനുമുമ്പ് പഞ്ചായത്തിലെ കൃഷിക്കാർ ജൈവവളം കൂടുതലായി ഉപയോഗപ്പെടുത്തിയിരുന്നു. പച്ചില, ചാണകം, വെണ്ണീർ എന്നിവയായിരുന്നു ഉപയോഗിച്ചിരുന്നത്. പച്ചിലയും, കരിയിലയും ആവശ്യത്തിന് ലഭ്യമായിരുന്നു. കറവ പശുക്കളും ഉഴവുകാളകളും പോത്തുകളും ഇന്നത്തെക്കാൾ കൂടുതൽ ഉണ്ടായിരുന്നു. പുരയിടങ്ങളുടെ എണ്ണം കൂടി വിളസാന്ദ്രത വർദ്ധിച്ചു കൂടുതൽ സ്ഥലത്ത് കൃഷി വ്യാപിച്ചു. വിറകിനും മറ്റും വേണ്ടി മരങ്ങൾ നീക്കം ചെയ്തു. ഇതിന്റെയൊക്കെ ഫലമായി പച്ചില ലഭ്യത കുറഞ്ഞു. ഇന്നും പല കൃഷിക്കാരും പച്ചിലയ്ക്ക് വേണ്ടി മരങ്ങൾ നിലനിർത്തുന്നുണ്ട്. ഈ താൽപര്യം പ്രോത്സാഹിപ്പിക്കപെടേണ്ടതാണ്. രാസവളത്തിന്റെ ലഭ്യത വർദ്ധിച്ചപ്പോൾ ജൈവവളത്തിന്റെ ഉപയോഗം കുറക്കാനും രാസവളം കൂടുതലായി ഉപയോഗിക്കാനും തുടങ്ങി.

ഏക്കറിന് 15 ടൺ മുതൽ 20 ടൺവരെ ജൈവവളം ഉപയോഗിച്ചിരുന്നതായിട്ടാണ് പഴയ തലമുറ ഓർക്കുന്നത്. എന്നാൽ ഇത് ഹെക്ടറിന് 3-4 ടൺ മാത്രമേ ഉപയോഗിക്കാൻ കഴിയുന്നുള്ളു ഇത് ആവശ്യമുള്ളതിന്റെ പകുതിപോലും ആകുന്നില്ല. കോഴിക്കാഷ്ഠം കടലപിണ്ണാക്ക്, വേപ്പിൻ പിണ്ണാക്ക്, മത്സ്യവളം തുടങ്ങി വിവിധ പേരുകളിൽ വാങ്ങാൻ കിട്ടുന്ന് ജൈവവളം കൃഷിക്കാർ ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്. ഇവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നില്ല. ഒന്നാം വിള നെൽകൃഷിക്ക് രാസവളം വളരെ കുറച്ചാളുകൾ മാത്രമേ ഉപയോഗിക്കുന്നുള്ളു. രണ്ടും മൂന്നും വിളക്കാലത്ത് നെൽകൃഷിക്ക് രാസവളം ഉപയോഗിക്കുന്നുണ്ട്. തെങ്ങ്, കവുങ്ങ് തുടങ്ങിയവയ്ക്ക് പരിമിത എണ്ണം കൃഷിക്കാർ മാത്രമേ രാസവളം ചെയ്യുന്നുള്ളു. ഏറ്റവും കൂടുതൽ രാസവളം ഉപയോഗിക്കുന്നത് വാഴ, പച്ചക്കറി എന്നിവയ്ക്കാണ്. (ഏതാണ്ട് 60%) ജൈവവളത്തിന്റെ ഉപയോഗത്തിൽ വന്ന കുറവിനോടൊപ്പം മണ്ണു പരിശോധനയുടെ അടിസ്ഥാനത്തിൽ ശാസ്ത്രീയവും സമീകൃതവുമായ വളപ്രയോഗത്തിന്റെ അഭാവമാണ് ഉൽപാദന ക്ഷമതയുമായി ബന്ധപ്പെടുത്തി പരിശോധിക്കേണ്ട മറ്റൊരു വിഷയം.

രാസവളം : കീടനാശിനികളുടെ ഉപയോഗം

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	1993 -94			1994 -95			1995 -96		
		രാസ വളം	കീട നാശിനി		രാസ വളം	കീട നാശിനി		രാസ വളം	കീട നാശിനി	
		കി.ഗ്രാം	ഖരം	ദ്രാവകം	കി.ഗ്രാം	ഖരം	ദ്രാവകം	കി.ഗ്രാം	ഖരം	ദ്രാവകം
1	സഹകരണം	322 ടൺ	210 കി.	200 ലി.	328 ടൺ	210 കി.	230 ലീ.	325 ടൺ	260 കി.	280 ലീ.
2	സ്വകാര്യം		1.1 ടൺ			1 ടൺ			1.20 ടൺ	

മേൽകൊടുത്ത രാസവളത്തിന്റെ അളവ് മടിക്കൈ സർവ്വീസ് സഹകരണ ബാങ്കിന്റെ വിവധ ഡിപ്പോകളിലൂടെ വിതരണം ചെയ്തതാണ്. എന്നാൽ നീലേശ്വരം, കാഞ്ഞങ്ങാട് എന്നിവിടങ്ങളിൽ നിന്നും കൃഷിക്കാർ രാസവളവും കീടനാശിനിയും വാങ്ങി ഉപയോഗിക്കുന്നുണ്ട്. പഞ്ചായത്തിനകത്ത് ഈ രംഗത്ത് സ്വകാര്യ ഏജൻസികൾ ഇല്ല. എന്നാൽ വാഴ പച്ചക്കറി എന്നിവയ്ക്ക് ഉപയോഗിക്കുന്ന കീടനാശിനികളിൽ നല്ലൊരു പങ്ക് കാഞ്ഞങ്ങാടു നിന്നുള്ള സ്വകാര്യ കച്ചവട സ്ഥാപനങ്ങളിൽ നിന്നാണ് വാങ്ങുന്നത്.

നെൽ കൃഷിക്ക് രണ്ടും മൂന്നും വിളക്കാലത്താണ് കീടനാശിനികൾ ഉപയോഗിക്കുന്നത്. നെൽകൃഷിക്കുപയോഗിക്കുന്ന ഖരകീടനാശിനികളിൽ ഏറ്റവും പ്രധാനം BHC 10% പൊടിയാണ്.

പഞ്ചായത്തിൽ വാഴ പച്ചക്കറി എന്നിവയ്ക്കാണ് ഏറ്റവും കൂടുതൽ കീടനാശിനി ഉപയോഗിക്കുന്നത്. ഇവയ്ക്ക് ഖരരൂപത്തിലുള്ള അന്തർ വ്യാപന ശേഷിയുള്ള ഫ്യൂറഡാൻ പോലുള്ള കീടനാശിനികൾ വ്യാപകമായി ഉപയോഗിക്കുന്നു. ഇത്തരം കീടനാശിനികളെ അമിതമായും അശാസ്ത്രീയമായും ഉപയോഗിക്കുന്നതുമൂലം ഉണ്ടാകുന്ന പാരിസ്ഥിതിക - ആരോഗ്യ പ്രശ്നങ്ങളെ കുറിച്ച് കർഷകരെ ബോധവാൻമാരാക്കേണ്ടതുണ്ട്.

കൃഷിഭവൻ

1987 സെപ്തംബർ 1നാണ് കൃഷിഭവൻ നിലവിൽ വന്നത് അതിനു മുമ്പ് മടിക്കൈ പഞ്ചായത്തിലെ കാർഷിക വികസന പദ്ധതികൾ നടപ്പിലാക്കിയിരുന്നത് കാഞ്ഞങ്ങാട് കൃഷി വികസന ഓഫീസ് മുഖേന ആയിരുന്നു. കൃഷിഭവൻ നിലവിൽ വന്ന 1987 മുതൽ 1995 മാർച്ച് വരെ നടീൽ വസ്തുക്കൾ, വിത്ത്, വളം, കീടനാശിനി സബ്സീഡി, കിണർ, പമ്പ് സെറ്റ് എന്നിവയ്ക്കുള്ള സബ്സീഡി, ഹരിജനങ്ങൾക്കുള്ള പ്രത്യേക ഘടക പദ്ധതി, ബയോഗ്യാസ് നിർമ്മാണം, നെൽകൃഷിക്കാർക്കുള്ള ഉൽപാദന ബോണസ്സ്, ഭൂ വികസന പദ്ധതി, സസ്യ സംരക്ഷണ ഉപകരണം വാങ്ങുന്നതിനുള്ള സബ്സീഡി, കശുമാവ് കൃഷിക്കുള്ള സാമ്പത്തിക സഹായം, ഗ്രൂപ്പ് ഫാമിംഗ് പദ്ധതി എന്നിങ്ങനെ വിവിധ പദ്ധതികളിലായി 3291882 രൂപ ചിലവഴിച്ചിട്ടുണ്ട്.

വർഷം	ഗുണഭോക്താക്കളുടെ എണ്ണം	തുക
1987 – 88	2187	156758
1988 – 89	2548	1077356
1989 – 90	3097	472464
1990 – 91	1375	243069
1991 – 92	2646	328370
1992 – 93	743	281815
1993 – 94	2593	309780
1994 – 95	2847	1392270

മടിക്കൈ കൃഷിഭവൻ സ്ഥിതി ചെയ്യുന്നത് പഞ്ചായത്തിന്റെ വടക്കു പടിഞ്ഞാറെ അറ്റത്ത് കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റി അതിർത്തിയോട് ചേർന്ന അമ്പലത്തുകരയിലാണ്. പഞ്ചായത്തിലെ 2,7,8,9 വാർഡുകളിലെ ഭൂരിഭാഗം പ്രദേശങ്ങളും കൃഷിഭവനിൽനിന്ന് വളരെ അകലെയാണ്. യാത്രാ സൗകര്യങ്ങളുടെ അപര്യാപ്തതമൂലം ഈ പ്രദേശങ്ങളിൽനിന്ന് കൃഷിഭവനുമായി ബന്ധപ്പെടുന്നവരുടെ എണ്ണം പരിമിതപ്പെടുന്നു. കൃഷിഭവന്റെ ആസ്ഥാനം സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റുന്നകാര്യം ഇതുമായി ബന്ധപ്പെടുത്തി പരിശോധിക്കേണ്ടതാണ്.

ഒന്നിലധികം പദ്ധതികളിലായി ഒരേ കൃഷിക്കാരൻതന്നെ ആനുകൂല്യം നേടുന്ന സാഹചര്യം പരിശോധിക്കപ്പെടേണ്ടതാണ്.

നടീൽ വസ്തുക്കൾ, വിത്തുകൾ എന്നിവ യഥാസമയം എത്തിച്ചേരാത്തതിനാൽ ലഭ്യമായ വിഭവങ്ങൾ വിതരണം ചെയ്യുന്നതിന് പ്രയാസമുണ്ടാക്കുന്നു. കൃഷിക്കാരിൽ നിർബന്ധം ചെലുത്തേണ്ട സാഹചര്യം ഉണ്ടാകുന്നു. നടീൽ വ്സതുക്കൾ ശരിയായി സംരക്ഷിക്കുന്നതിന് കഴിയുന്നില്ല. സമയംകഴിഞ്ഞുവരുന്നവ പലപ്പോഴും ആവശ്യക്കാർക്ക് വിതരണം ചെയ്യാൻ കഴിയാതെ വരുന്നു. ഇക്കാര്യം പരിശോധിക്കപ്പെടണം.

സബ്സീഡിയോടെ നൽകുന്ന രാസവളം കൃഷിക്കാർ പദ്ധതിയുടെ ഉദ്ദേശപൂർത്തീകരണത്തിന് സഹായകമായ രീതിയിൽ ഉപയോഗപ്പെടുത്തുന്നില്ല. പദ്ധതിയുടെ ഭാഗമായി നൽകുന്ന കീടനാശിനികൾ ഉപയോഗപ്പെടുത്താൻ കൃഷിക്കാർ വിമുഖത കാണിക്കുന്നു.

പദ്ധതി നടത്തിപ്പ് കുറ്റമറ്റതാകണമെങ്കിൽ കൃഷിഭവന്റെ പ്രവർത്തനം ശക്തമാക്കേണ്ടതുണ്ട്.

1993-94 സാമ്പത്തിക വർഷത്തിൽ കൃഷിഭവനിലൂടെ നടപ്പിലാക്കാൻ ലക്ഷ്യമിട്ടിരുന്ന ചുണ്ട-സാമൂഹ്യ ജലസേചന പദ്ധതി പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമായി പരിശോധിക്കപ്പെടേണ്ടതാണ്.

1993-94 മുതൽ 1995-96 വരെയുള്ള 3 വർഷക്കാലത്ത് പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരമായി 539662 രൂപ 2385 കർഷകർക്ക് വിതരണം ചെയ്തു. മടിക്കൈ പഞ്ചായത്തിനെ സംബന്ധിച്ച് ലക്ഷക്കണക്കിന് രൂപയുടെ വിളനാശമാണ് ഉണ്ടാകുന്നത്. ഒന്നാം വിള നെൽകൃഷി ചെയ്യുന്ന പ്രദേശങ്ങളിലെ വെക്കുന്ന വാഴകൃഷിക്കാണ് നഷ്ടം ഉണ്ടാകുന്നത് എന്നതിനാൽ നഷ്ടം കുറക്കുന്നതിന് ഫലപ്രദമായ ഇടപെൽ കഴിയാതെ വരുന്നു. വിള ഇൻഷൂർ ചെയ്തും വാഴകൾക്ക് താങ്ങുകൾ നൽകിയും സംരക്ഷിക്കുന്നതിന് കൃഷിക്കാരുടെ ജാഗ്രത ആവശ്യമാണ്.

ക്രമ നമ്പർ	പ്രശ്ന ബാധിത പ്രദേശത്തിന്റെ വിസ്തീർണം				സഹായം ലഭിച്ചവരുടെ എണ്ണം	വിതരണം ചെയ്തതുക
	വെള്ളപ്പൊക്കം	വരൾച്ച	കൊടുങ്കാറ്റ്	ഉരുൾപ്പൊട്ടൽ		
1993 - 94			2.5 ഹെക്ടർ	ഇല്ല	1827	404807
1994 - 95			3.5 ഹെക്ടർ	ഇല്ല	296	71150
1995 - 96			3.870 ഹെക്ടർ	ഇല്ല	262	63631

(അവലംബം : കൃഷിഭവൻ)

നടീൽ വസ്തുക്കൾ കർഷകരുടെ ആവശ്യത്തിനനുസരിച്ച് സമയത്തിന് ലഭ്യമാക്കുന്നില്ല. തെങ്ങിൻ തൈകൾ കർഷകർക്ക് സ്വീകാര്യമാകാത്തതിന്റെ കാരണം പരിശോധിക്കപ്പെടേണ്ടതാണ്. അതേ സമയം കശുമാവിൻ തൈ, കവുങ്ങിൻ തൈ, മാവിൻതൈകൾ എന്നിവ കർഷകരുടെ ആവശ്യം തൃപ്തിപ്പെടുത്താൻ കഴിയാവുന്ന വിധം എത്തിച്ചുകൊടുക്കാൻ കഴിയുന്നില്ല. കൃഷി ചെയ്യാൻ താല്പര്യം കാണിക്കാത്ത കൊക്കൊ പോലുള്ളവ ലഭ്യമാക്കേണ്ടതുണ്ടോ എന്നകാര്യം പരിശോധിക്കേണ്ടതാണ്. കർഷകർക്ക് കഴിഞ്ഞ മൂന്നു വർഷങ്ങളിലായി കൃഷിഭവനിലൂടെ വിതരണം ചെയ്ത നടീൽ വസ്തുക്കളുടെ വിശദ വിവരം (പട്ടിക) ചുവടെ കൊടുക്കുന്നു.

ഇനം	1993 – 94	1994 – 95	1995 – 96
തെങ്ങിൻ തൈ	875	600	1250
കശുമാവ്	3520	2400	4000
കുരുമുളക്	9000	2300	12000
കവുങ്ങ്	–	–	500
വാഴക്കന്ന്	100	–	–
മാവിൻ തൈ	150	369	400
ഗ്രാമ്പൂ	–	50	25

(അവലംബം : കൃഷിഭവൻ)

ഹരിജൻ കോളനികളിലെ കാർഷിക പ്രവർത്തനങ്ങൾ:

പഞ്ചായത്തിലെ 15 കോളനികളിലും കാർഷിക പ്രവർത്തനങ്ങൾക്ക് സഹായം നൽകിയിട്ടുണ്ട് പണിയായുധങ്ങൾ നടീൽ വസ്തുക്കൾ സ്പ്രേയറുകൾ പമ്പുസെറ്റുകൾ പൊതു കിണറുകൾ എന്നിവ സൗജന്യമായി അനുവദിച്ചിരുന്നു. ലഭ്യമായ നടീൽ വസ്തുക്കൾ പൂർണ്ണമായും ഫലപ്രദമായി ഉപയോഗ പ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. ഹരിജൻ കോളനികൾ ജലലഭ്യത കുറഞ്ഞ പ്രദേശത്തായതിനാൽ ഭൂമി പൂർണ്ണമായും കൃഷിക്കാർക്ക് ഉപയോഗപ്പെടുത്താൻ ഇപ്പോഴും കഴിഞ്ഞിട്ടില്ല. കോളനിയിലെ കാർഷികാഭിവൃദ്ധിക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആവശ്യമാണ്.

മണ്ണ് സംരക്ഷണപ്രവർത്തനം.

മടിക്കൈ പഞ്ചായത്തിൽ നാര കോളനി, പുലിയനടുക്കം, നെല്ലിയടുക്കം, ഏച്ചിക്കാനം എന്നീ കോളനികളിലായി 48 കർഷകർക്ക് പ്രയോജനപ്പെടത്തക്ക വിധം മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. കാർഷിക വൃത്തി, മരങ്ങളുടെ നീക്കം ചെയ്യൽ, അശാസ്ത്രീയമായ കൃഷിരീതി എന്നിവ മണ്ണ് സംരക്ഷണ പ്രവർത്തനം അനിവാര്യമാക്കുന്നു. മണ്ണ് സംരക്ഷണ പ്രവർത്തനവും ജലസംരക്ഷണ പ്രവർത്തനവും പരസ്പര പൂരകമാണ് എന്നതിനാൽ പ്രശ്നാധിഷ്ടിത പ്രദേശങ്ങൾ നീർമറി അടിസ്ഥാനത്തിൽ കണ്ടെത്തുന്നതിലും ജനങ്ങളുടെ പങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാവേണ്ടതുണ്ട്.

പദ്ധതിയുടെ പേര്	പദ്ധതി പ്രദേശത്തിന്റെ വിസ്തീർണം	പദ്ധതി പ്രദേശത്തിന്റെ നീർചാലുകളുടെ എണ്ണം	അടക്കൽ തുക	മൊത്തം ഗുണഭോക്താക്കൾ	പദ്ധതി ആരംഭിച്ച വർഷം	പൂർത്തിയായ വർഷം	സംരക്ഷണം ലഭിച്ച ഭൂമിയുടെ വിസ്തീർണം	ചിലവഴിച്ച തുക
ഹരിജന ഗിരിജന പദ്ധതി	38.29 ഹെക്ടർ		210000	33	1983-84	1983-84	32	181281
	1.2 ഹെക്ടർ		24210	8	1993-94	1994-95	8	24200
	2 ഹെക്ടർ		26589	5	1994-95	1994-95	5	26584

അവലംബം : സോയിൽ കൺസർവേഷൻ ഡിപ്പാർട്ട്മെന്റ്, കൃഷിഭവൻ

ബാങ്ക് വായ്പ

മടിക്കൈ സർവ്വീസ് സഹകരണ ബാങ്ക്, വിജയാ ബാങ്ക്, ഗ്രാമീണ ബാങ്ക്, സ്റ്റേറ്റ് ബാങ്ക്, കാർഷിക വികസന ബാങ്ക് എന്നിവയിലൂടെയാണ് കൃഷിക്കാർക്ക് വായ്പ ലഭ്യമാക്കുന്നത്. മടിക്കൈ സർവ്വീസ് കോ- ഓപ്പറേറ്റീവ് ബാങ്കിൽനിന്ന് ലഭ്യമായ കണക്ക് പ്രകാരം 30-6-96 വരെ 15982636 രൂപ വായ്പ നൽകിയിട്ടുണ്ട്.

കാർഷിക വായ്പ		കൈർഷികേതരമായ
ഹ്രസ്വകാലം	9571258	22244676
മദ്ധ്യകാലം	2658249	14824916
ദീർഘ കാലം	3753134	3982692
ആകെ	15982636	41052224

തിരിച്ചടക്കാനുള്ളത്

ഹ്രസ്വകാലം	957797
മദ്ധ്യകാലം	601036
ദീർഘ കാലം	193150
ആകെ	1751933

പഞ്ചായത്തിലെ ഓരോ കുടുംബത്തിനും ശരാശരി 4225 രൂപ കടബാധ്യതയുണ്ട്. മറ്റു ബാങ്കുകളിൽനിന്നുള്ള വായ്പകൂടി കണക്കിലെടുത്താൽ ഇത് ഏതാണ്ട് 7000രൂപ വരും. കാർഷികേതര വായ്പ കണക്കിലെടുക്കുകയാണെങ്കിൽ ഇത് 18000 രൂപ വരും. കാർഷിക വായ്പകൾ ലക്ഷ്യം കൈവരിക്കുന്നതിന് സഹായകരമാകാതിരിക്കുക, കാർഷികേതര ആവശ്യങ്ങൾക്ക് വിനിയോഗിക്കുക. വായ്പകളിലൂടെ ഉപയോഗിച്ച തുക പുനരുൽപാദിപ്പിക്കപ്പെടാതിരിക്കുക തുടങ്ങിയ കാരണങ്ങൾ കൊണ്ട് വാങ്ങിയ കടം തിരിച്ചടക്കാൻ കഴിയാതിരിക്കുകയും, കാർഷിക കടം തിരിച്ചടക്കാൻ കാർഷികേതര വായപയും എടുത്തു കടക്കെണിയിൽപെടുന്ന അവസ്ഥുണ്ടാവുന്നു എന്നത് കാർഷിക മേഖലയിലെ സമ്പദ്വ്യവസ്ഥയുമായി ബന്ധപ്പെടുത്തി അതീവ പ്രധാന്യത്തോടെ ചർച്ചചെയ്യപ്പെടേണ്ടതാണ്.

പ്രശ്നങ്ങൾ

1. നെൽവയലുകളുടെ വിസ്തീർണ്ണം കുറഞ്ഞുവരുന്നു.

2. നെൽകൃഷി ആദായകരമല്ല.

3. നെൽകൃഷി പ്രധാന വരുമാന മാർഗ്ഗമല്ലാത്തതിനാൽ ഉൽപാദനം വർദ്ധിപ്പിക്കാൻ കൃഷിക്കാർ താൽപര്യം കാണിക്കുന്നില്ല.

4. നെൽ വയലുകൾ നാണ്യവിളകൾക്ക് വേണ്ടി മാറ്റപ്പെടുന്നു.

5. കാർഷികത്തഴിലാളികളുടെ ക്ഷാമം - തൊഴിലാളികൾ കൂടുതൽ വരുമാനം ലഭിക്കുന്ന ആകർഷകമായ മേഖലകൾ തേടുന്നു.

6. വെള്ളക്കേട്ടുമൂലം കൃഷിനശിക്കുന്നു.

7. തോടുകളുടെ ആഴവും വീതിയും കുറഞ്ഞതിനാൽ കരയിടിച്ചിലും വെള്ളപ്പൊക്കവും ഉണ്ടാക്കുന്നു.

8. ചാലിന്റെ അരികുകൾ പൊട്ടിപൊടങ്ങൾ തോടുകളും പറമ്പുകളുമാകുന്നു.

9. ജലസേചനത്തിന്റെ അപര്യാപ്തതയുണ്ട്. കൊളങ്ങാട്ട്,ഉമിച്ചി, കാര്യളം, മലപ്പച്ചേരി, തുടങ്ങിയ പ്രദേശങ്ങളിൽ കൃഷി ആവശ്യത്തിന് ജല ദൗർലഭ്യം ഉണ്ട്.

10. ഉല്പാദനോപാധികളുടെ വില വർദ്ധനവ്.

11. നെല്ലിന് മതിയായ വില ലഭിക്കുന്നില്ല.

12. കീടരോഗബാധ കുറവായതിനാൽ നാടൻ വിത്തുകൾ കൃഷിചെയ്യാൻ താല്പര്യം കാണിക്കുന്നു.

13. ഗ്രൂപ്പ് ഫാമിംഗ് പദ്ധതി നിലവിലുണ്ടെങ്കിലും പ്രവൃത്തിയിൽ ഇല്ല.

14. കൃഷിഭൂമിയുടെ തുണ്ടുവൽക്കരണം, ജലസേചനത്തിന്റെ അപര്യാപ്തത, മഴയെമാത്രം ആശ്രയിച്ചുള്ള കൃഷി.

15. തെങ്ങിനെ ബാധിക്കുന്ന കൊമ്പൻചെല്ലി, കൂമ്പുചീയൽ, ചെന്നീരൊലിപ്പ് ഇവയെ ഫലപ്രദമയി നിയന്ത്രിക്കാൻ കഴിയുന്നില്ല.

16. തെങ്ങുകൾ വളരെ അടുത്തായി വച്ച് പിടുപ്പിച്ചിരിക്കുന്നു.

17. തെങ്ങുകയറ്റ തൊഴിലാളികളെ കിട്ടാനില്ല.

18. ശാസ്ത്രീയമായ പരിചരണത്തിന്റെ കുറവ്.

19. രാസവളത്തിന്റെ വില വർദ്ധനവ്, ജൈവവളം വേണ്ടത്ര ലഭ്യമല്ല.

20. സമീകൃത വളപ്രയോഗത്തെക്കുറിച്ച് അറിയില്ല.

21. മണ്ണ് പരിശോധിക്കാതെയുള്ള വളപ്രയോഗം

22. നല്ലയിനം നടീൽ വസ്തുക്കൾ - അത്യുൽപാദന ശേഷിയും രോഗപ്രതിരോധശേഷിയും ഉള്ളവ യഥാസമയം ആവശ്യത്തിന് ലഭ്യമല്ല.

23. പ്രകൃതിക്ഷോഭംമൂലം വിളനാശം ഉണ്ടാകുന്നു.

24. രാസകീടനാശിനികളുടെ ഉപയൊഗത്തിന്റെ ഫലമായി ഉണ്ടാകുന്ന പരിസര - ആരോഗ്യ പ്രശ്നത്തെ ഫലപ്രദമായി നേരിടാൻ കഴിയുന്നില്ല - ബോധ്യവുമില്ല. സസ്യജന്യ കീടനാശിനികൾ മാർക്കറ്റിൽ സുലഭമല്ല.

25. ഗവേഷണ കേന്ദ്രത്തിലെ അറിവുകൾ പാടത്തെത്തിക്കുന്നതിന് കൃഷിഭവനിൽ സംവിധാനം ഇല്ല.

26. കുരുമുളക് വള്ളികൾക്കുണ്ടാകുന്ന ദ്രുതവാട്ട രോഗം.

27. ബാങ്ക് വായ്പകൾ ലഭിക്കുന്നതിന് പ്രയാസം ഉണ്ടാകുന്നു. ഉയർന്ന പലിശ നിരക്ക്, കൃഷിക്കാരനെ ബുദ്ധിമുട്ടിക്കുന്നു.

28. പച്ചക്കറി കൃഷിക്ക് വേണ്ട പ്രോത്സാഹനവും സഹായവും ലഭിക്കുന്നില്ല.

29. ഉഴവു കാളകളുടെ എണ്ണം കുറവാണ്.

30. കറവ മാടുകളെ വളർത്താത്തത് കൊണ്ട് ജൈവവള ഉപയോഗം കുറയുന്നു.

31 കവുങ്ങിന്റെ മാഹാളി രോഗം, ഇലമഞ്ഞളിപ്പ് എന്നിവ അടയ്ക്കയുടെ ഉൽപാദനത്തെ ബാധിക്കുന്നു.

32. നിലവിലുള്ള അണക്കെട്ടുകൾ പലതും കേടായിക്കിടക്കുന്നു. അതിനാൽ ജലസേചനത്തിന് വെള്ളം ലഭിക്കുന്നില്ല.

33. കൃഷിഭവനിലൂടെ ലഭിക്കുന്ന സഹായങ്ങൾ എല്ലാപ്രദേശത്തും സമതുലിതമായി എത്തുന്നില്ല.

34. കശുമാവിനെ ബാധിക്കുന്ന തണ്ടുതുരപ്പനെ നിയന്ത്രിക്കാൻ കഴിയുന്നില്ല.

35. കശുമാവിന്റെ ശാസ്ത്രീയ പരിചരണത്തിൽ ശ്രദ്ധിക്കുന്നില്ല.

36. കശുമാവ് ഗ്രാഫ്റ്റ് തൈകൾ ആവശ്യമുള്ളത്രയും ലഭ്യമല്ല.

37. കശുമാവിലെ പൂകരിച്ചിൽ ഒരു പ്രശ്നമാണ്.

38. മണ്ണിന്റെ താഴ്ചയും തരവും കണക്കാക്കാതെ തെങ്ങുവച്ച് പിടിപ്പിക്കുന്നത് തെങ്ങിന്റെ വളർച്ചയെയും ഉൽപാദനത്തേയും ബാധിക്കുന്നു.

39. റബ്ബർ ബോർഡിന്റെ പ്രവർത്തനത്തെക്കുറിച്ച് വേണ്ടത്ര അറിവില്ല.

സാധ്യതകൾ

1. നെൽപാടങ്ങൾ നികത്തുന്നത് കർശനമായി തടയുന്നതിന് ബഹുജന പങ്കാളത്തത്തോടെ നടപടികൾ സ്വീകരിക്കുക. നിയമം കർശനമായി നടപ്പിലാക്കുക.

2. നെൽകൃഷി ആദായകരമാക്കുന്നതിന് സാധ്യമായ മേഖലകളിൽ യന്ത്രവൽക്കരണം നടപ്പിലാക്കുക.

3. അവിടവിടെയായി ചിതറിക്കിടക്കുന്ന പാടശേഖരങ്ങളെ പ്രധാന പാടശേഖരത്തോട് യോജിപ്പിച്ച് പാടശേഖര സമിതി വഴി ഗ്രൂപ്പ് ഫാമിംഗ് നടപ്പിലാക്കുന്നതിന് പ്രവർത്തന പരിപാടി ഉണ്ടാക്കുക.

4. കേടായിക്കിടക്കുന്നതും റിപ്പയർ ചെയ്യാൻ പറ്റുന്നതുമായ അണക്കെട്ടുകൾ റിപ്പയർ ചെയ്ത് ഉപയോഗപ്പെടുത്തുക. റിപ്പയർ ചെയ്യാൻ കഴിയാത്തവ പുനർനിർമ്മിക്കുക.

5. കൊളങ്ങാട്ട്, മലപ്പച്ചേരി, ഉമിച്ചി, കാര്യളം എന്നിവിടങ്ങളിൽ ജലസേചന സൗകര്യം വർദ്ധിപ്പിച്ച് രണ്ടാം വിള എടുക്കുന്നതിന് പച്ചക്കറി കൃഷിചെയ്യുന്നതിനും ഭൂഗർഭ ജലം ഉപയോഗപ്പെടുത്തുക.

6. എരിക്കുളം വയലിൽ വടക്കുഭാഗത്ത് പുതുതായി കുളം നിർമ്മിച്ചാൽ രണ്ടാം വിള നെൽകൃഷിക്കാവശ്യമായ വെള്ളം ലഭ്യമാക്കാം. ഇതുവഴി മൂന്നാം വിളയായി 10 ഏക്കർ സ്ഥലത്ത് പച്ചക്കറി ചെയ്യാൻ സാധിക്കും.

7. എരിപ്പിൽ ഒരു കുളം നിർമ്മിച്ചാൽ 25 ഏക്കർ സ്ഥലത്ത് രണ്ടാം വിള കൃഷിചെയ്യാൻ സാധിക്കും.

8. ചാർത്താങ്കാൽ – ആലക്കാൽ പള്ളത്തിൽ പമ്പ്സെറ്റ് സ്ഥാപിക്കുക.

9. മടിക്കൈ വയലിൽ മണക്കടവിലുള്ള ഡീസൽപമ്പിന് പകരം വൈദ്യുത മോട്ടോർ സ്ഥാപിക്കുക.

10. കണിച്ചിറയിലുള്ള ഉപയോഗ്യശൂന്യമായ ഇലക്ട്രിക് മോട്ടോർ മാറ്റി സ്ഥാപിക്കുക.

11. മുങ്ങത്ത് ഒരു അണക്കെട്ട് പണിയുകയാണെങ്കിൽ 15 ഹെക്ടർ വരുന്ന നെല്ല്, കവുങ്ങ്, തെങ്ങ് എന്നീകൃഷിക്ക് ജലസേചനം നടത്താം – ഉൽപാദനം വർദ്ധിപ്പിക്കാം.

12. ബങ്കളം വയലിൽ വെള്ളക്കെട്ട് തടയുന്നതിന് തോടിന് ആഴം കൂട്ടി സൈഡുകൾ ബലപ്പെടുത്തുക. ഇതിന് കൃഷിക്കാരുടെ കൂട്ടായ്മ

പ്രയോജനപ്പെടുത്താൻ കഴിയും.

13. മേക്കാട്ട് - കരുവക്കൈ ചാലിൽ നിന്ന് ചരൽ നീക്കം ചെയ്യുകയും അരിക് കെട്ടുകയും ചെയ്യു. തോട്ടിൽ തുലാവർഷം അവസാനിക്കുന്നതോടെ തടയണകൾ കെട്ടുക. തോടിന്റെ പ്രഭവ സ്ഥാനത്തുള്ള നീരുറവ സംരക്ഷിക്കുക, ഇതിന് കൃഷിക്കാരുടെ കൂട്ടായ്മ ഉപയോഗപ്പെടുത്തുക.

14. നാര - കുളിക്കുന്നകുണ്ട് ചാലിന്റെ അരികികൾ കെട്ടുകയും ചരൽ നീക്കം ചെയ്യുകയും ചെയ്യുകയാണെങ്കിൽ നാര വയലിനെ വിനാശത്തിൽ നിന്നും സംരക്ഷിക്കാം.

15. പെരളം വഴി നാര വരെയുള്ള ചാലിന് ബെണ്ണനൂർ ക്രോസ്ബാർ നിർമ്മിച്ചാൽ പെരളം വയലിലും, ബെണ്ണനൂർ വയലിലും നെൽകൃഷിക്ക് പ്രയോജനപ്പെടും. 5 ഹെക്ടർ സ്ഥലത്ത് മൂന്നാംവിളയിറക്കം.

16. മലപ്പച്ചേരി ഉമിച്ചിയിൽ രണ്ട് കുളങ്ങളുടെ ആഴം കൂട്ടുകയാണെങ്കിൽ പച്ചക്കറി കൃഷിയെടുക്കാൻ സാധിക്കും. ഇതിന് കർഷകരുടെ കൂട്ടായ്മ പ്രയോജനപ്പെടുത്താം.

17. ബെണ്ണനൂർ മുകളിലായി ഒരു തടയണകെട്ടുകയാണെങ്കിൽ പെരളം വയലിൽ മൂന്നാം വിളക്ക് വെള്ളം ലഭിക്കും. ഇതിന് കൃഷിക്കാരുടെ കൂട്ടായ്മ പ്രയോജനപ്പെടുത്തണം.

18. വിള ഇൻഷുറൻസ് പദ്ധതി വ്യാപിക്കുക. രോഗം വന്ന് കൃഷി നാശം സംഭവിച്ചാലും നഷ്ടപരിഹാരം ഉറപ്പുവരുത്തുക.

19. കൃഷിഭവനിലൂടെ കാർഷികരംഗത്തെ വിജ്ഞാന വ്യാപനത്തിനുള്ള സാധ്യത പ്രയോജനപ്പെടുത്തുക.

20. പച്ചക്കറി വികസനം സാധ്യമാക്കുന്നതിന് പഴം പച്ചക്കറി ഉൽപാദക വിപണന സഹകരണ സംഘം രൂപീകരിക്കുകയാണ്.

21. പച്ചക്കറി വികസനത്തിന് ജലേചനത്തിന് അടിസ്ഥാന സൗകര്യവും പ്രോത്സാഹനവും നൽകുക.

22. സ്കൂൾ തലങ്ങളിൽ പഴം - പച്ചക്കറി തോട്ട വിള പദ്ധതി ഫലപ്രദമായും നടപ്പിലാക്കുക.

23. കക്കാട്ട് വയൽ തോടിന് ആറ്റിപ്പിൽ അണകെട്ടുകയാണെങ്കിൽ കക്കാട്ട് വയലിൽ രണ്ടാം വിളക്കാലത്ത് വെള്ളം എത്തിക്കാൻ കഴിയും.

24.കക്കാട്ട് വയലിൽ കുളം കുഴിച്ച് പമ്പുസെറ്റ് സ്ഥാപിക്കുകയാണെങ്കിൽ ഒരുപ്പു - ഇരുപ്പു ആക്കാൻ കഴിയും.

25. ദേവീപുരം മുതൽ മുക്കുണ്ടുവരെ നാര കുളിക്കുന്നകുണ്ട് മുതൽ മുണ്ടയ്ക്കാൽ വരെയും കരയിടിച്ചിൽ അനുഭവപ്പെടുന്ന മറ്റ് ഭാഗങ്ങളിലും സൈഡ്കെട്ടി ബലപ്പെടുത്തുക.

26. തോടുവരമ്പുകളിൽ സാധ്യമായ സ്ഥലത്തെല്ലാം കൈത ഓട എന്നിവ വച്ചു പിടിപ്പിക്കുക.

27. ആയങ്കോട് കുളം നിർമ്മിച്ച് പമ്പുസെറ്റ് സ്ഥാപിച്ചാൽ 20 ഏക്കർ സ്ഥലത്ത് പച്ചക്കറിയും വാഴയും കൃഷിചെയ്യാൻ സാധിക്കും

28. തുമ്പയിൽ കുളം നിർമ്മിച്ച് പമ്പുസെറ്റ് സ്ഥാപിക്കുകയാണെങ്കിൽ 15 ഏക്കർ സ്ഥലത്ത് വാഴക്കോട് വയലിൽ മൂന്നാം വിളയെടുക്കാൻ സാധിക്കും.

29. മുട്ടത്ത് ചാലിന്റെ ആഴവും വീതിയും കൂട്ടുക ഇതിന് കൃഷിക്കാരുടെ കൂട്ടായ്മ പ്രയോജനപ്പെടുത്തുക.

30 ചുള്ളിമുല ചാലിന് തടയണകൾ പണിയുകയാണെങ്കിൽ മെയ്മാസം വരെ ജലം സംഭരിക്കാനും ജലസേചനത്തിന് ഉപയോഗപ്പെടുത്താനും കഴിയും. ഈ തോടിന്റെ പ്രഭവ സ്ഥാനം സംരക്ഷിക്കുക. ഇതിന് കൃഷിക്കാരുടെ കൂട്ടായ്മ പ്രയോജനപ്പെടുത്തുക.

31. വാഴക്കോട് രണ്ടേക്രയോളം വരുന്ന മരങ്ങളും - അടിക്കാടുകളും സംരക്ഷിക്കുന്നതിന് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിലൂടെ മടക്കൈയിലെ അപൂർവ്വ പക്ഷി സങ്കേതവും നീരുറവകളും സംരക്ഷിക്കാൻ സാധിക്കും.

32. പഞ്ചായത്തിലെ മുഴുവൻ നീരുറവകളുടെ പ്രഭവ സ്ഥാനങ്ങൾ സംരക്ഷിക്കുന്നതിന് ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തുന്ന പ്രവർത്തനം സംഘടിപ്പിക്കുക.

33. ഭൂവിസ്തൃതി നോക്കാതെ കിണർ കുഴിക്കുന്നതിന് വായ്പയും സബ്സീഡിയും ലഭ്യമാക്കുക.

34. കാർഷിക രംഗത്ത് തൊഴിലാളികളെ ആകർഷിക്കുന്നതിന് ഏകീകൃത കൂലി നിരക്ക് പെൻഷൻ വർദ്ധനവ്, ക്ഷേമനിധികളുടെ കാര്യക്ഷമത, പഞ്ഞമാസങ്ങളിൽ റേഷൻ സബ്സിഡി എന്നിവ നൽകുക.

35. പാടശേഖരണ സമിതികൾക്ക് ട്രില്ലർ, കാള എന്നിവയിറക്കുന്നതിന് പൊതുവഴി ഉണ്ടാക്കുന്നതിന് കൃഷിക്കാരുടെ സഹകരണം ഉറപ്പുവരുത്തുക.

36. കൃഷി ഭൂമി തരിശ് ഇടുന്നതിന്റെ കാരണങ്ങൾ കണ്ടെത്തി കൃഷി ചെയ്യാനുള്ള എല്ലാമാർഗ്ഗ നിർദ്ദേശങ്ങളും സാഹായവും ചെയ്ത് കൊടുക്കുക.

37. ജൈവവളത്തിന്റെ കുറവ് പരിഹരിക്കാൻ കന്നുകാലി വളങ്ങൾ, ജൈവവേലികൾ, ശീമക്കൊന്ന, ഡെയിംഞ്ച കൊഴിച്ചൽ എന്നിവയുടെ സാധ്യത പ്രയോജനപ്പെടുത്തുക.

38. കാർഷിക രംഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾ ഓരോന്നും കർഷകരുടെ കമ്മറ്റികൾ മുഖേന നിർവഹിക്കുക.

39. മണ്ണ് ജലസംരക്ഷണത്തിന് നിരൊഴുക്ക് സർവ്വേയുടെ അടിസ്ഥാനത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ പദ്ധതികൾ ആവിഷ്കരിക്കുക.

40. കൃഷി ആവശ്യത്തിന് വൈദ്യുതി കണക്ഷൻ ഉപാധികൾ ഇല്ലാതെ നൽകുക.

41 കീടരോഗ ബാധ തടയുന്നതിന് ഗവേഷണ ഫലങ്ങൾ പൂർണ്ണമായും കാർഷിക മേഖലയിൽ എത്തിക്കുന്നതിന് നടപടി എടുക്കുക.

42. രോഗം വന്നതും ഉൽപാദനക്ഷമത കുറഞ്ഞതുമായ തെങ്ങുകൾ വെട്ടിമാറ്റി പകരം രോഗ പ്രതിരോധവും ഉൽപാദനശേഷിയുമുള്ള ഇനങ്ങൾ കൃഷിചെയ്യുക. പ്രവർത്തനം കൃഷിഭവന്റെ മേൽനോട്ടത്തിൽ നടത്തുക.

43. പാടശേഖരണ സമിതികൾക്ക് നൽകുന്ന യന്ത്രോപകരണങ്ങളുടെ സബ്സിഡി വർദ്ധിപ്പിക്കുക.

44. സഹകരണ സംഘങ്ങളിൽ മുഴുവൻഡ കൃഷിക്കാരെയും അംഗങ്ങളാക്കുക, വായ്പാ നടപടികൾ ഉദാരമാക്കുക, വായ്പയുടെ വിനിയോഗവും തിരിച്ചടവും ഉറപ്പുവരുത്തുക.

45. പഞ്ചായത്തിലെ എല്ലാ സ്കൂളുകിലും കൃഷിത്തോട്ടം നിർമ്മിക്കുക, പച്ചക്കറികൃഷിക്ക് പ്രധാന്യം നൽകുക. സ്കൂളുകൾ തമ്മിൽ മത്സരം സംഘടിപ്പിക്കുക, സ്കൂൾ കാർഷിക മേളകൾ സംഘടിപ്പിക്കുക.

46. പഞ്ചായത്തിൽ കൃഷി ചെയ്യാതെ കിടക്കുന്ന ഭൂമിയിൽ റബ്ബർ, കശുമാവ് എന്നിവ വച്ചു പിടിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുക. കശുമാവിൻ തൈകൾ ലഭ്യമാക്കുക, റബ്ബർ ബോർഡിന്റെ സഹായം ലഭ്യമാക്കുക.

47. കുൺകൃഷി, ഓർക്കിഡ്കൃഷി എന്നിവയിലൂടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ കണ്ടെത്തുക.

48. കൃഷിഭവൻ കൃഷിക്കാർക്ക് സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റുക.

49. വിത്തുൽപാദന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

50. പഞ്ചായത്തിലെ കാർഷിക ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിന് ആവശ്യമായവരെ കൃഷിക്കാരിൽനിന്നോ തൊഴിലില്ലാത്ത ചെറുപ്പക്കാരിൽനിന്നോ തിരഞ്ഞെടുത്ത് പരിശീലിപ്പിക്കുകയും അവരുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്യുക - പഞ്ചായത്ത് തലത്തിൽ സേവന കേന്ദ്രങ്ങൾ ആരംഭിക്കുക.

51. തൊഴിലെടുക്കാൻ ശേഷിയും താൽപര്യവുമുള്ള തൊഴിലാളികളെ പഞ്ചായത്ത് തലത്തിൽ റജിസ്റ്റർ ചെയ്യുകയാണെങ്കിൽ കൃഷിക്കാർക്ക് പ്രയോജനപ്പെടുത്താൻ കഴിയും.

52. തെങ്ങുകയറ്റ തൊഴിലാളികളുടെ കുറവ് പരിഹരിക്കുന്നതിന് യന്ത്രം ഉപയോഗിച്ച് തെങ്ങുകയറുന്നതിന് പരിശീലനം നൽകുക, യന്ത്രങ്ങളുടെ ഉപയോഗം വ്യാപകമാക്കുക.

ഗ്രൂപ്പ് ഫാമിംഗ് സമിതികൾ

മടിക്കൈ പഞ്ചായത്തിൽ 14 പാടശേഖര സമിതികൾ റജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. 1989-90 വർഷത്തിലാണ് നെൽകൃഷിക്ക് ഗ്രൂപ്പു ഫാമിംഗ് നിലവിൽ വന്നത്. 10 സമിതികൾ ആരംഭകാലത്ത് തന്നെ റജിസ്റ്റർ ചെയ്യപ്പെട്ടവയാണെങ്കിലും 4 സമിതികൾ കഴിഞ്ഞ ഒരു വർഷത്തിനകം റജിസ്റ്റർ ചെയ്തിട്ടുള്ളവാണ്. സംഘകൃഷിയുടെ ആരംഭകാലത്ത് കുറച്ചൊക്കെ

പ്രവർത്തനോന്മുഖരാകാൻ ഈ സമിതിക്ക് കഴിഞ്ഞിരുന്നു. എന്നാൽ തുടക്കത്തിൽ ഉണ്ടായ ഉണർവ് നിലനിർത്താൻ കഴിഞ്ഞില്ലെന്ന് മാത്രമല്ല. ഇപ്പോൾ സംഘകൃഷി പേരിൽ മാത്രം ഒതുങ്ങിയിരിക്കുന്നു. കുണ്ടേനവയൽ, കിക്കാങ്കോട്, വാഴക്കോട് എന്നീ സമിതികൾക്ക് സ്വന്തമായ പവർട്രില്ലർ ഉണ്ട്. അതിനാൽ ഈ പാടശേഖരങ്ങൾക്ക് ഉഴവ് ചിലവ് കറയ്ക്കാൻ കഴിയുന്നുണ്ട്. ഇവയെ പ്രവർത്തിപ്പിക്കുന്നതിലും ഉപയോഗപ്പെടുത്തുന്നതിലും കൂട്ടായ്മ ആവശ്യമാണ്. മടിക്കൈ വയലിൽ സ്ഥാപിച്ച പമ്പുസെറ്റ് ഉപയോഗപ്പെടുത്തുന്നതിലും പ്രസ്തുത സമിതിക്ക് കഴിഞ്ഞിട്ടുണ്ട്. പലസമിതികളും സമിതിയുടെ ഭരണഘടനാ ബാദ്ധ്യത നിറവേറ്റാൻ പോലും അപ്രപ്തരാണ് - ഈ സമികതികളെ ആകെ കർമ്മോന്മുഖരാക്കുന്നതിലൂടെ നെൽകൃഷി രംഗത്ത് നമുക്ക് മുന്നേറ്റം ഉണ്ടാക്കാൻ ബോധപൂർവ്വമുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ രണ്ട് കുരുമുളക് സമിതികൾ ഉണ്ട്. ഇവയുടെ ആസ്ഥാനം കക്കാട്ട്, മലപ്പച്ചേരി എന്നിവിടങ്ങളിലാണ് - സ്വയം പ്രവർത്തന ക്ഷമമല്ലാത്തവയാണ്. കഴിഞ്ഞ മൂന്നു വർഷങ്ങളിലായി ദ്രുതവാട്ട രോഗം നിയന്ത്രിക്കുന്നതിന് സർക്കാർ കൊണ്ടുവന്ന പദ്ധതികൾ കൂട്ടായ്മയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ സമിതിയിൽ നിക്ഷിപ്തമായിരുന്ന ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിന് ഇവയ്ക്ക് കഴിഞ്ഞിട്ടില്ല - മരുന്നു തളിക്കുക, തോട്ടം ശുചീകരണം നടത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ യഥാസമയം കൂട്ടായി ചെയ്യുന്നതിന് കഴിഞ്ഞില്ല. അതുകൊണ്ടുതന്നെ പദ്ധതികളുടെ ലക്ഷ്യം പാളിപ്പോയി.

1990-91 കാലത്ത് വാർഡ് തലത്തിൽ പ്രവർത്തിച്ചിരുന്ന കേര സംരക്ഷണ സമിതികൾ ഇന്നില്ല. 1994-95 മുതൽ പഞ്ചായത്ത് തലത്തിൽ നാളികേര വികസന സമിതിയാണ് നിലവിലുള്ളത്. ഇവയുടെ പ്രവർത്തനവും സമിതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ സാധ്യമാക്കുന്നതിലേക്ക് വളർന്നിട്ടില്ല.

പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന വിവിധ സമിതികൾ പുനഃസംഘടിപ്പിക്കുകയും ഇവയെ പ്രവർത്തനക്ഷമമാക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് ബോധപൂർവ്വം പ്രവർത്തിക്കുകയും കർഷകരുടെ കൂട്ടായ്മ ഉറപ്പുവരുത്തുകയും വേണം. നിലവിൽ ഓരോ വിളയ്ക്കും ഓരോ സമിതിയാണുള്ളത് പകരം ഒരു പ്രദേശത്തെ എല്ലാ വിളകളെയും ഉൾകൊള്ളത്തക്കവണ്ണം പ്രദേശികമായി ഒരു നിശ്ചിത പ്രവർത്തന പരിധിയിൽ വരുന്ന കൃഷിക്കാരെ സംഘടിപ്പിച്ച് പ്രവർത്തിക്കുന്ന സധ്യതകളെ കുറിച്ച് ആലോചിക്കാവുന്നതാണ്.

ക്രമ നമ്പർ	പാടശേഖര സമിതിയുടെ പേര്	ഒന്നാം വിള	രണ്ടാം വിള	മൂന്നാം വിള
1	വാഴക്കോട്	29.96	26.96	18.36
2	കുണ്ടേന വയൽ	6.45	20	13.32
3	റാക്കോൽ	11.5	21	17.40
4	കീക്കാങ്കോട്ട്	10.00	18.36	18.36
5	കക്കാട്ട്	7.00	10.00	10.00
6	മടിക്കൈ	8.50	10.00	10.00
7	മലപ്പച്ചേരി	9.20		
8	കോളങ്ങാട്ട്	9.52		
9	ഉമിച്ചി - കാര്യളം	15.16		
10	നാര	9.30		
11	എരിക്കുളം	14.26		
12	ചേക്കാനം - പുതിയാണ്ടം	8.56		
13	ആലയി	2.27	14.24	12.6
14	ആലംമ്പാടി	10.8	12.00	7

അവലംബം : കൃഷിഭവൻ രേഖ.

സസ്യസംരക്ഷണ ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിന് രോഗ നിയന്ത്രണ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനും കൃഷിക്കാർക്കും തൊഴിലില്ലാത്തവർക്കും പ്രായോഗിക പരിശീലനം നൽകുക.ഇവരുടെ സേവനം കൃഷിക്കാർക്ക് പ്രയോജനപ്പെടുത്തുവാൻ കഴിയും.

ഗ്രാമ സഭകളിൽനിന്നും വന്നിട്ടുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങൾ പ്രായോഗിക പദ്ധതികളാക്കി മുൻഗണനാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതോടെ മടിക്കൈ പഞ്ചായത്തിലെ കാർഷിക മേഖലക്ക് നവ ചൈതന്യം പകരാൻ സാധ്യമാകുന്നവിതം വികസന പ്രവർത്തനങ്ങളെ പുതുക്കി പ്പണിയുന്നതിനും, കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിപ്പിച്ച് കൊണ്ട് ബഹുജന പങ്കാളിത്തത്തോടെ ബോധപൂർവ്വം സുസംഘടി തമായി മുന്നേറാൻ നമുക്ക് സാധിക്കു മെന്ന് പ്രത്യാശിക്കാം.

5. സഹകരണം വിഭവ സമാഹരണം.

രണ്ടാം ലോക മഹായുദ്ധത്തെത്തുടർന്നുള്ള ക്ഷാമവും കരിഞ്ചന്തയും, പൂഴ്ത്തിവെയ്പും മടിക്കൈയിലെ സാധാരണ കർഷകർക്ക് വളരെ ദുരിതങ്ങൾ വരുത്തി വെച്ചിരിക്കുന്നു., ഭക്ഷ്യധാന്യങ്ങൾക്കും മണ്ണെണ്ണയ്ക്കും ദൗർലഭ്യം നേരിട്ടു. ഈ അവസ്ഥ നേരിടുന്നതിന് വേണ്ടി കോട്ടച്ചേരി കോ-ഓപ്പറേറ്റീവ് സ്റ്റോറിന്റെ കീഴിൽ പഞ്ചായത്തിൽ തലയത്ത്, കോളിക്കന്ന്, തീയ്യർപാലം, എന്നീ സ്ഥലങ്ങളിൽ ന്യായ വില ഷാപ്പുകൾ ആരംഭിച്ചു.

ഇതേ കാലഘട്ടത്തിൽ ജന്മിമാരുടെയും വൻകിടകൃഷിക്കാരുടെയും മേൽക്കൊയ്മയിൽ ആലമ്പാടി ഐക്യ നാണയ സഹകരണ സംഘം നിലവിലുണ്ടായിരുന്നു. സാധാരണ കൃഷിക്കാർക്ക് ഈ സഹകരണ സംഘത്തിൽനിന്ന് യാതൊരു തരത്തിലുള്ള വായപകളോ മറ്റോ ലഭിച്ചിരുന്നില്ല. അതിനാൽ 1950 ഓടുകൂടി സാധാരണ ജനങ്ങൾക്കും കൃഷിക്കാർക്കും പ്രയോജനപ്പെടുന്ന രീതിയിലുള്ള ഒരു സഹകരണ സംഘം രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കർഷക സംഘത്തിന്റെ നേതൃത്തിൽ എൻ.ജി. കമ്മത്ത്, കനിക്കുണ്ടിൽ അപ്പുക്കാരണവർ, കെ.പി. നാരായണൻ തലയത്ത് അപ്പു, കല്ലിങ്കീൽ കോമൻ മണിയാണി തുടങ്ങിയവരുടെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ചു. ഇവരുടെ പ്രവർത്തന ഫലമായി ജന്മിമാരുടെ കൈയ്യിൽനിന്നും സാധാരണ ജനങ്ങൾക്ക് സഹകരണ സംഘത്തിന്റെ നേതൃത്വം കൈവന്നു. മടിക്കൈ സഹകരണ സൊസൈറ്റി എന്ന പേരിൽ കല്ലിങ്കീൽ ആസ്ഥാനമായി ഈ സ്ഥാപനം പ്രവർത്തനം തുടങ്ങി. ഈ കാലഘട്ടത്തിൽ മെമ്പർഷിപ്പ് തുക ഒരു രൂപയും ഒരു മെമ്പർക്ക് കിട്ടുന്ന പരമാവധി വായ്പ 5 രൂപ മുതൽ 25 രൂപ വരെയും ആയിരുന്നു.

1960 ൽ ഈ സൊസൈറ്റി മടിക്കൈ സർവ്വീസ് സഹകരണ ബാങ്കായി കളത്തുങ്കാൽ എന്ന സ്ഥലത്ത് പ്രവർത്തനം തുടർന്നു. മെമ്പർമാരിൽനിന്നും സാധാരണ ജനങ്ങളിൽനിന്നും ചെറിയ തുകസമാഹരിച്ചാണ് ബാങ്കിന് ആദ്യത്തെ കെട്ടിടം സ്വന്തമായത്. ബാങ്കിന്റെ പ്രഥമ പ്രസിഡന്റ് ശ്രീ. മടിക്കൈ കുഞ്ഞിക്കണ്ണൻ ആയിരുന്നു.

ഈ ബാങ്കിന് 5525 മെമ്പർമാരുണ്ട്. ബാങ്കിന്റെ ഹെഡ്ഡ് ഓഫിസ് അമ്പലത്തുകരയിലാണ്. ചാളക്കടവ്, ബങ്കളം എന്നീ പ്രദേശങ്ങളിൽ രണ്ടു ബ്രാഞ്ചുകളും പ്രവർത്തിക്കുന്നു. ഇത്കൂടാതെ 7 റേഷൻ ഷോപ്പുകളും 4 കൺസ്യൂമർ സ്റ്റോറുകളും, രണ്ട് ക്ലോത്ത് സെക്ഷനുകളും 7 വള ഡിപ്പോകളും, ഒരു കീടനാശിനി ഡിപ്പോയും പ്രവർത്തിക്കുന്നുണ്ട്. ബാങ്കിൽ ഇന്ന് 37 സ്ഥിരം ജീവനക്കാരും, സെയിൽസ്മാൻമാരായും, കമ്മീഷൻ ഏജന്റ് മാരായും 26 പേരും ജോലി ചെയ്യുന്നുണ്ട്.

പ്രവർത്തന രഹിതമായ സഹകരണ സംഘങ്ങൾ

a) കാർപെന്ററി & ബ്ലേക്ക് സ്മിത്ത് വർക്കേർസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി - പഞ്ചായത്തിലെ ഒന്നാം വാർഡിൽ ചാളക്കടവ് എന്നസ്ഥലത്ത് നല്ലനിലയിൽ പ്രവർത്തിച്ചിരുന്ന ഒരു സഹകരണ സ്ഥാപനമായിരുന്നു. ഇത് ശരിയായ മാനേജ്മെന്റിന്റെ അഭാവം തൊഴിലാളികളുടെ ഇടയിലുണ്ടായിരുന്ന സഹകരണമില്ലായ്മ തുടങ്ങിയ കാരണങ്ങളാൽ വൻ നഷ്ടം വരുത്തിവെച്ച് പ്രവർത്തനം നിലച്ചിരിക്കയാണ്.

b) ക്ഷീര വ്യവസായ സഹകരണ സംഘം - പഞ്ചായത്തിലെ നാലാം വാർഡിൽ നല്ലനിലയിൽ പ്രവർത്തിച്ചിരുന്ന ഒരു സഹകരണ സംഘമായിരുന്നു ഇത്. ഇന്ന് ഈ സംഘം പ്രവർത്തനരഹിതമാണ് മാനേജ്മെന്റിന്റെ കാര്യശേഷിയില്ലായ്മ മൂലം പ്രവർത്തനം നിലയ്ക്കുകയായിരുന്നു. ഇവിടെ ക്ഷീരകർഷകർക്ക് വിപണികണ്ടെത്താൻ സാധിക്കാത്തതിനാൽ പാലുൽപാദനം വളരെ പരിമിതമാണ് ഇന്ന് ഈ പഞ്ചായത്തിൽ.

c) മൺപാത്ര വ്യവസായ സഹകരണ സംഘം : മൺപാത്രങ്ങൾക്ക് പേര് കേട്ട ഒരു സ്ഥലമാണ് പഞ്ചായത്തിലെ 8ാം വാർഡിൽ സ്ഥിതി ചെയ്യുന്ന എരിക്കുളം പ്രദേശം. ഈ പ്രദേശത്തെ ഒരു വിഭാഗം ജനങ്ങളുടെ കുലത്തൊഴിലാണ് മൺപാത്ര വ്യവസായം. അസംസ്കൃത വസ്തുക്കൾ യഥേഷ്ടം ലഭ്യമാണെങ്കിലും ഈ വ്യവസായം ഇന്ന്

പ്രതിസന്ധിയുടെ വക്കിലാണ്. മൺപാത്രങ്ങൾ നിർമ്മിച്ച് ശരിയായി വിറ്റഴിക്കാൻ രൂപീകരിച്ച സഹകരണ സംഘം ഇന്ന് പ്രവർത്തന രഹിതമാണ്.

സെന്റ്രൽ ബീഡി വർക്കേർസ് ഇന്റസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി കാഞ്ഞങ്ങാട് ശാഖയുടെ കീഴിൽ പ്രവർത്തിക്കുന്ന കേരളാ ദിനേശ് ബീഡി നാലു ബ്രാഞ്ചുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ ഏകദേശം 550 ഓളം തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട്.

മേഖലകളിൽ ലഭിക്കുന്ന വായപകൾ

ഏകദേശം 4600 ഓളം കർഷക കുടുംബങ്ങളാണ് ഈ പഞ്ചായത്തിൽ താമസിക്കുന്നത്. കാർഷിക/ കാർഷികേതര വായ്പകളഴ് വിതരണം ചെയ്യുന്ന ഏക സഹകരണ ബാങ്ക് മടിക്കൈ സർവ്വീസ് സഹകരണ ബാങ്ക് മാത്രമാണ്. മുഴുവൻ കർഷകർക്കും അർഹമായ വായ്പകൾ നൽകാൻ ഈ സംഘത്തിന് സാധിക്കുന്നില്ല.

ക്രമ നമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗത്വം	ഓഹരി മൂലധനം	കടം	നിക്ഷേപം	വായ്പകൾ		പ്രവർത്തന മൂലധനം	ലാഭം / നഷ്ടം	ജീവനക്കാർ	താൽകാലിക ജീവനക്കാർ
								കാർഷികം	കാർഷികേതര				
1	മടിക്കൈ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബേങ്ക് Ltd. 351	1935	മടിക്കൈ പഞ്ചായത്തിന് മുഴുവൻ	5525	3371679	14676012	51934146	15982636	14052224		ലാഭം	37	26

സഹകരണ ബാങ്കു വഴി നടപ്പാക്കാവുന്ന പദ്ധതികൾ

a) ഭവനവായ്പ

പഞ്ചായത്തിലെ അർഹതപ്പെട്ട മുഴുവൻ കർഷകർക്കും കുറഞ്ഞനിരക്കിൽ സഹകരണത്തെ സ്ഥാപനം മുഖേന ഭവന വായ്പ അനുവദിക്കുക.

b) കാർഷിക ആവശ്യത്തിന് ക്രഡിറ്റ് ലിമിറ്റ് തയ്യാറാക്കുന്ന രീതിയിൽ ജില്ലാബാങ്കിൽ നിന്നും ഇപ്പോൾ വായ്പകൾ ലഭിക്കുന്നില്ല. അത്കൊണ്ട് പഞ്ചായത്തിലെ അർഹരായ മുഴുവൻ ആവശ്യക്കാർക്കും വായ്പകൾ ലഭ്യമാക്കാൻ സാധിക്കുന്നില്ല. അതുകൊണ്ട് ക്രഡിറ്റ് ലിമിറ്റിന് അനുസരിച്ച് വായ്പകൾ ജില്ലാബാങ്ക നൽകുവാൻ തയ്യാറാവണം.

c) ആവശ്യമായ മുഴുവൻ കുടുംബങ്ങൾക്കും കക്കൂസുകൾ നിർമ്മിക്കുവാൻ പഞ്ചായത്ത് മുഖേന സബ്സിഡി നൽകി സഹകരണ ബാങ്ക് വഴി വായ്പകൾ ലഭ്യമാക്കുക.

d) ചെറുഗ്രൂപ്പുകൾക്ക് ചെറുകിട വ്യവസായം തുടങ്ങുന്നതിന് വേണ്ട വായ്പകൾ ലഭ്യമാക്കുന്നതിന് സഹകരണ ബാങ്കുകൾ ആവശ്യമായ സ്കീമുകൾ തയ്യാറാക്കേണ്ടതാണ്.

സഹകരണം - മറ്റ് നിർദ്ദേശങ്ങൾ

കാർഷിക ഉൽപന്നങ്ങളെ അടിസ്ഥാനമാക്കി പഴം - പച്ചക്കറി സംസ്കരണവും, വിപണനവും നടത്തുന്ന സഹകരണ സംഘം രൂപീകരിക്കുക.

പഞ്ചായത്തിൽ ക്ഷീര വ്യവസായ സഹകരണ സംഘം തുടങ്ങുകയും പുത്തക്കാൽ, കുലോം റോഡ് എന്നീ സ്ഥലങ്ങളിൽ പാൽ സംഭരണ വിതരണ കേന്ദ്രം ആരംഭിക്കുക.

സഹകരണ മേഖലയിൽ കാർഷികോ ൽപന്നങ്ങളും, ഇറച്ചിക്കോഴി കോഴിമുട്ട എന്നിവയും സംഭരിച്ച് വിപണനം ചെയ്യുവാനും അത്യുൽപാദന ശേഷിയുള്ള കോഴിയിനങ്ങളെ ലഭ്യമാക്കാനും, താൽപര്യമുള്ള വ്യക്തികൾക്ക് കോഴി വളർത്തലിൽ ശാസ്ത്രീയ പരിശീലനം നൽകാനും സാമ്പത്തിക സഹായം നൽകുവാനും ഉള്ള സംവിധാനം ഉണ്ടാക്കണം.

സഹകരണ മേഖലയിൽ വനികൾക്ക് തുന്നൽ പരിശീലന കേന്ദ്രം സ്ഥാപിക്കണം.

ആവശ്യവസ്തുക്കൾ മിതമായ വിലക്ക് വിതരണം ചെയ്യുന്ന സഹകരണ മാവേലി സ്റ്റോർ രണ്ട് വില്ലേജിലും അനുയോജ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കണം.

മെഡിക്കൽ ലബോറട്ടറി സഹകരണ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ സ്ഥാപിക്കണം.

നിലവിലുള്ള കാർപന്ററി & ബ്ലേക്സ്മിത്ത് വ്യവസായ സഹകരണ സ്ഥാപനം പുനരുദ്ധരിക്കാൻ നടപടി സ്വീകരിക്കുക.

അത്യുൽപാദന ശേഷിയുള്ള പശുക്കളെ വാങ്ങുന്നതിന് സഹകരണ ബാങ്ക് വഴി ഉദാരമായ വായ്പ ലഭ്യമാക്കണം.

അമ്പലത്തുകര വില്ലേജ് കേന്ദ്രീകരിച്ച് കല്ലുകൊത്ത് വ്യവസായ സഹകരണ സംഘം രൂപീകരിക്കണം.

സുലഭമായി ലഭിക്കുന്ന മാങ്ങ ഉപയോഗിച്ച് അച്ചാർ നിർമ്മാണ് സഹകരണ സംഘം രൂപീകരിക്കണം.

സഹകരണസംഘം നൽകിവരുന്ന കാർഷിക വായ്പയുടെ പരിധി 25000 രൂപയായി മാറ്റണം.

സഹകരണ രംഗത്ത് കാർഷിക നഴ്സറി സ്ഥാപിക്കണം. മടിക്കൈ സർവ്വീസ് സഹകരണ ബാങ്കിന്റെ ശാഖ കാഞ്ഞിരപ്പൊയിലിൽ സ്ഥാപിക്കണം.

പരമ്പരാഗത കുടിൽ വ്യവസായമായ പായ നെയ്ത്, കൂട്ട മടയൽ എന്നിവ സഹകരണ മേഖലയിൽ ഏകോപിപ്പിച്ച് പരിഷ്കരിക്കണം.

സഹകരണ മേഖലയിൽ ആശുപത്രിസ്ഥാപിക്കണം.

മടിക്കൈ സർവ്വീസ് സഹകരണ ബാങ്കിന്റെ രാസവള ഡിപ്പോ എല്ലാവാർഡിലും അനുയോജ്യമായ സ്ഥലത്ത് ആരംഭിക്കുക.

കാരാക്കോട്ട് ഒരു പൊതു വിതരണ കേന്ദ്രം സ്ഥാപിക്കണം.

സഹകരണാടിസ്ഥാനത്തിൽ നോട്ട് ബുക്ക് നിർമ്മാണ യൂണിറ്റ് ആരംഭിക്കണം.

സഹകരണ ബാങ്കിന്റെ ശാഖ കോട്ടപ്പാറയിൽ ആരംഭിക്കണം.

എരിക്കുളത്തെ കളിമൺ നക്ഷേപങ്ങൾ ഉപയോഗപ്പെടുത്തി കൗതുക വസ്തുക്കൾ, പൂച്ചെട്ടികൾ തുടങ്ങിയവ നിർമ്മിക്കുന്ന ഒരു കുടിൽ വ്യവസായം സഹകരണ മേഖലയിൽ നടത്തുക.

വിഭവ സമാഹരണം.

കേരളത്തിലെ എല്ലാ മേഖലകളിലും പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് മടിക്കൈ. ഭൂരിഭാഗം ജനങ്ങളും കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നു. എടുത്തു പറയത്തക്ക വ്യവസായങ്ങളൊന്നും ഈ പഞ്ചായത്തിലില്ല. പഞ്ചായത്തിന്റെ വരുമാന മാർഗ്ഗം പ്രധാനമായും കെട്ടിട നികുതി, തൊഴിൽനികുതി എന്നിവയാണ്. പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് മൂലധനത്തിന്റെ അഭാവം ഒരു തടസ്സമായി നിൽക്കുന്നു. ആയതിനാൽ പുതിയ വിഭവ സമാഹരണ മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടത് അനിവാര്യമായിരിക്കയാണ്.

ക്രമ നമ്പർ	ഇനം	വരവ്
1	കെട്ടിട നികുതി	134771.19
2	തൊഴിൽ നികുതി	73991.00
3	വിനോദ നികുതി	125.00
4	പ്രദർശന നികുതി	210.00
5	പ്രദർശന നികുതിയിൽ മേലുള്ള സർചാർജ്ജ്	52.50
6	ലൈസൻസ് ഫീസ്	6921.75
7	ലൈബ്രറി സെസ്സ്	6520.06
8	വസ്തു കൈമാറ്റ നികതി	102967.00
9	സക്കാർ ഗ്രാന്റുകകളും മറ്റും ഒഴികെയുള്ള വരവ്	339959.15
10	മറ്റുള്ളവ	37389.45
	ചെലവ്	351966.00

മേൽകാണിച്ച പട്ടികയിൽ നിന്നും പഞ്ചായത്തിന്റെ ധനാഗമ മാർഗ്ഗങ്ങൾ വളരെ പരിമിതമാണെന്ന് കാണാം.

കെട്ടിട നികുതി.

ഇപ്പോൾ നിലവിലുള്ള കെട്ടിട നികുതി ശാസ്ത്രീയമായ രീതിയിലല്ല ചുമത്തിയിരിക്കുന്നത്. വലിയകെട്ടിടങ്ങൾക്ക്ആനുപാദികമായ രീതിയിൽ നികുതി ചുമത്തേണ്ടതാണ്.

തൊഴിൽ നികുതി

ഇപ്പോൾ മാസ ശമ്പളക്കാരിൽനിന്നും കച്ചവട സ്ഥാപന ഉടമസ്ഥരിൽനിന്നും മാത്രമാണ് നികുതി പിരിക്കുന്നത് എന്നാൽ ഗ്രാമ പഞ്ചായത്തിലുള്ള വാഹന ഉടമകളിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

വിനോദ നികുതി

പഞ്ചായത്തിന് വിനോദ നികുതിയിൽ നിന്നും വളരെ പരിമിതമായ സംഖ്യയാണ് ലഭിക്കുന്നത്.

മറ്റുവരുമാന മാർഗ്ഗങ്ങൾ

പഞ്ചായത്തിലെ അധീനതയിലുള്ള പുറപോക്ക് ഭൂമിയിൽനിന്നും തുച്ചമായ സംഖ്യയാണ് വരുമാനമായി കിട്ടുന്നത്. അത്കൊണ്ട് പഞ്ചായത്തിന്റെ കൈവശമുള്ള പുറംപോക്ക് ഭൂമിയിൽ കശുമാവ് മറ്റനുയോജ്യമായ ഫലവൃക്ഷങ്ങളോ നട്ട് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

പുതിയ സാധ്യതകൾ

ടൂറിസം : പഞ്ചായത്തിലെ പത്താം വാർഡിൽ

വാഴക്കോട്ട് കക്കട്ടിൽ എന്ന സ്ഥലത്തെ ഒരു സ്വകാര്യവ്യക്തിയുടെ കൈവശമുള്ള സ്ഥലം നല്ലൊരു പക്ഷി സങ്കേതമായി മാറ്റാൻ സാധിക്കും. പഞ്ചായത്ത് അതിന്റെ എല്ലാ സ്രോതസ്സും ഉപയോഗപ്പെടുത്തി ഒരു ടൂറിസ്റ്റ് കോന്ദ്രമാക്കി മാറ്റാൻ ശ്രമിക്കണം.

ഷോപ്പിംഗ് കോംപ്ലക്സ്

പഞ്ചായത്തിന് അനുയോജ്യമായ സ്ഥലത്ത് ആഴ്ച ചന്തകളും, ഷോപ്പിംഗ് കോംപ്ലക്സുകളും ആരംഭിക്കണം. വരുമാനമുള്ള മുഴുവൻ ആളുകളിൽ നിന്നും നികുതി വസൂലാക്കാൻ സാധിക്കണം.

സ്റ്റോൺ ക്രഷറുകൾ, കരിങ്കൽ ക്വാറികൾ, ചെങ്കൽ ക്വാറികൾ തുടങ്ങിയവക്ക് നികുതി ഏർപ്പെടുത്തുക.

നികുതി കൊടുക്കുന്നത് വഴി തങ്ങളും വികസന പ്രക്രിയയിൽ പങ്കാളികളാവുന്നു എന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുക.

പഞ്ചായത്തിലെ അനുയോജ്യമായ ഒരു സ്ഥലത്ത് ഒരു സിനിമാ തീയറ്റർ ആരംഭിക്കുന്നതിനു വേണ്ട പ്രോത്സാഹനങ്ങൾ നൽകുക.

ചിലവുകൾ

പഞ്ചായത്തിന്റെ ഉൗമാനത്തിൽ എറിയകുറും വിനിയോഗിക്കപ്പെടുന്നത് ഈ പഞ്ചായത്ത് ജീവനക്കാർക്കുള്ള ശമ്പളം, റോഡുകളുടെ അറ്റകുറ്റപ്പണി എന്നിവയ്ക്കാണ്. റോഡുകളുടെ അറ്റകുറ്റപ്പണി കോൺട്രാക്ട് വ്യവസ്തയിലാണ് നടന്നുവരുന്നത് ഈ പ്രവർത്തി സന്നദ്ധ സംഘടനകെളെയോ ജനകിയ കമ്മറ്റികളെയോ ഏൽപ്പിച്ചാൽ വിഭവ ചോർച്ച തടയാൻ സാധിക്കും.

മനുഷ്യാദ്ധ്വാനം

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട വിഭവം മനുഷ്യാദ്ധ്വാനം തന്നെയാണ്. തൊഴിൽ രഹിതരായ യുവജനങ്ങളുടെ കായിക ശേഷി ഉപയോഗപ്പെടുത്താതെ പാഴാവുകയാണ് പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുന്ന വികസന പ്രവർത്തനങ്ങൾ കോൺട്രാക്ടർമാരെ ഏൽപ്പിക്കാതെ സന്നദ്ധ സംഘടനകളെ ഏൽപ്പിക്കുകയാണെങ്കിൽ, വിഭവച്ചോർച്ചയിലുള്ള നഷ്ടം നികത്തിക്കൊണ്ട് പഞ്ചായത്തിന് നല്ലൊരു വരുമാനം ഉണ്ടാക്കാവുന്നതാണ്. തൊഴിൽ രഹിതരായ അഭ്യസ്ത വിദ്യർ നമ്മുടെ പഞ്ചായത്തിൽ വേണ്ടുവോളമുണ്ട്. ഇവരുടെ സേവനം വിദ്യാഭ്യാസം നിലവാരം ഉയർത്തുന്നതിൽ പ്രയോജനപ്പടുത്താം. ഇത്തരം വികസന പ്രവർത്തനങ്ങൾക്കുപുറമെ റോഡുകളുടെ നിർമ്മാണം, റോഡുസംരക്ഷണം, പരിസര മാലിന്യം ഇല്ലാതാക്കൽ, ആരോഗ്യകേന്ദ്രങ്ങൾ മെച്ചപ്പെടുത്തൽ തുടങ്ങിയ മേഖലകളിൽ മനുഷ്യാദ്ധ്വാനം ഉപയോഗപ്പെടുത്താം. കാർഷിക മേഖലയിൽ തൊഴിലാളികളെ ലഭ്യമാക്കുന്നതിന് ഒരു തൊഴിൽ ബ്യൂറോ ഏർപ്പെടുത്താവുന്നതാണ്.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ മിക്കവാറും എല്ലാവാർഡുകളിലും നല്ല രീതിയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളും ക്ലബ്ബുകളും ഉണ്ട്. വികസന പ്രവർത്തനങ്ങളിൽ മനുഷ്യാദ്ധ്വാനം പരമാവധി പ്രയോജനപ്പെടുത്താൻ ഈ മേഘലകളിലുള്ള സജീവമായ ഇടപെടൽ കൊണ്ട് സാധിക്കും.

2. നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ കല്ലും മണ്ണും സൗജന്യമായിസംഭരിക്കാൻ സാധിക്കും

3. വിദേശത്ത് ജോലിയുള്ളവരിൽനിന്നും പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് വിഭവ സമാഹരിക്കാൻ കഴിയും.

6. പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമം



പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 6.5% പട്ടിക ജാതി വിഭാഗമാണ. 1991 ലെ സെൻസസ് പ്രകാരം 1326 പട്ടികജാതികൾ ഈ പഞ്ചാത്തിലുണ്ട്. പഞ്ചായത്തിലെ പത്തു വാർഡുകളിലായി. 15 അംഗീകൃത കോളനികളിലും, അല്ലാതെയുമായി 378 പട്ടിക ജാതി കുടുംബങ്ങളാണുള്ളത്. പട്ടികവർഗ്ഗ വിഭാഗം ഈ പഞ്ചായത്തിൽ ഇല്ല.

തീണ്ടലും തൊടിലും നിലനിന്നിരുന്ന കാലഘട്ടത്തിൽ സവർണ മേധാവികളുടെയും അവർണ വിഭാഗങ്ങളുടെയും സാമൂഹ്യ ദുരാചരണങ്ങൾക്കിടയിൽ ഞെരിഞ്ഞമർന്ന് പീഢനങ്ങൾ അനുഭവിച്ച് കഴിഞ്ഞകാലങ്ങിൽനിന്ന് ഒട്ടേറെ പരിവർത്തനങ്ങൾക്ക് വിധേയമായിട്ടുണ്ടെങ്കിലും സാമൂഹ്യവികസന പ്രക്രിയയിൽ നിന്നും ഈ വിഭാഗക്കാർ അകന്നുനിൽക്കുന്നു എന്നത് പരിശോധിക്കപ്പെടേണ്ടതാണ്. വിദ്യാഭ്യാസ സാമൂഹീക മേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്തും നാടിന്റെ നാനോന്മുഖമായ പുരോഗതിക്കനുസരിച്ചും വേണ്ടത്ര വളർച്ച കൈവരിക്കുവാൻ ഈ വിഭാഗത്തിന് ഇന്നേവരെ കഴിഞ്ഞിട്ടില്ല. സാമൂഹ്യ സാമ്പത്തിക രംഗത്ത് നിരവധികാലം ചൂഷണത്തിന് വിധേയരായിരുന്ന ഈ വിഭാഗത്തിന് കിടികിടപ്പവകാശവും മിച്ചഭൂമിയുടെ ലഭ്യതയും കൈവരിക്കാൻ സഹായകമായിട്ടുണ്ട്.

ഈ വിഭാഗത്തിന്റെ ഉന്നമനത്തിനു വേണ്ടി സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പല പദ്ധതികളെയും കുറിച്ച് വേണ്ടത്ര അറിവില്ലാത്തതു കൊണ്ട് പദ്ധതികളുടെ നടത്തിപ്പിനുള്ള വ്യവസായമേറിയ നിബന്ധനകൾ കൊണ്ടും പല പദ്ധതികളുടെയും ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർണ്ണമായും നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നൽകുന്ന നിരവധി സഹായങ്ങൾ ഈ വിഭാഗത്തിന് ഭാഗികമാ. നേട്ടങ്ങൾ കൈ വരിക്കാൻ സഹായകമായിട്ടുണ്ട്. ഈ വര നേട്ടങ്ങൾ പ്രത്യക്ഷത്തിൽ കാണപ്പെടുന്നത് കോളനികളിലാണ്. എന്നാൽ നിരവധി പ്രശ്നങ്ങൾ ഇനിയും പരിഹരിക്കപ്പടാതെ നിലനിൽക്കുകയാണ്.

വിദ്യാഭ്യാസം

സാക്ഷരത പ്രവർത്തനത്തോട് കൂടി, നിരക്ഷരത ഒരു പരിധിവരെ നിർമ്മാർജ്ജനം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും വിദ്യാഭ്യാസപരമായി ഈ വിഭാഗത്തിന് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. ഒരു കാലത്ത് സമൂഹത്തിൽ നിലനിന്നിരുന്ന ഉച്ചനിചത്വങ്ങളുടെ ഭാഗമായി അക്ഷരാഭ്യാസം നിഷേധിക്കപ്പെട്ടിരുന്ന ഈ വിഭാഗം സാമൂഹ്യമാറ്റങ്ങൾ സംഭവിക്കുമ്പോഴും തങ്ങളുടെ മക്കളെ അക്ഷരം പഠിപ്പിക്കാൻ വിമുഖത കാട്ടിയിരുന്നു. അക്ഷരം പഠിച്ചാൽ അറിവുനേടിയാൽ തങ്ങളുടെ മക്കളെ തങ്ങൾക്ക് കിട്ടില്ലെന്ന വിശ്വാസം ഒരു ഭാഗത്ത് കുടുംബ പ്രാരാബ്ധങ്ങൾ മറുഭാഗത്ത് രണ്ടും കൂടിയാകുമ്പാൾപലരും കാലിച്ചെക്കൻമാരായി മാറുകയായിരുന്നു. എന്നാൽ ഇന്ന് സ്ഥിതി വളരെയേറെ മാറിയിട്ടുണ്ട്. എന്നാലും S.S.L.C. ക്കുശേഷം ഉപരിപഠനത്തിന് താത്പര്യം കാമിക്കുന്ന കുട്ടികൾ ഈ വിഭാഗത്തിൽ വളരെ കുറവാണ്. സാമ്പത്തികാടിത്തറയില്ലാത്ത കുടുംബങ്ങളിൽ കുടുംബ ബാധ്യത ഏറ്റെടുക്കേണ്ടതിനാൽ പഠിത്തം നിർത്തേണ്ടിവന്ന നിരവധി കുട്ടികളുണ്ട്. സ്കൂൾ വിദ്യാഭ്യാസ കാലത്തുതന്നെ കൊഴിഞ്ഞിപോകുന്ന കുട്ടുകളുടെ എണ്ണവും ഈ അടുത്ത കാലത്തായി കൂടിവരികയാണ്. S.S.L.C. ക്കു തോറ്റകുട്ടികൾ അവർക്കു തുടർന്നു പഠിക്കാൻ സാമ്പത്തിത സഹായം നൽകാൻ ഗവൺമെന്റ് തയ്യാറായിട്ടുപോലുംപഠിക്കാൻ തയ്യാറാകാതെ സഹായം ദുരുപയോഗം ചെയ്യുന്ന സ്ഥിതുയാണുള്ളത്. ഈ അവസ്ഥ ഉടനെ മാറ്റിയെടുക്കേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിൽ വിവിധ സ്കൂളുകളിലായി 96-97 അധ്യയന വർഷത്തിൽ 363 പട്ടികജാതി വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. ഇതിൽ 177 ആൺകുട്ടികളും 186 പെൺകുട്ടികളുമാണ്. 95-96 അധ്യയന വർഷത്തിൽ എൽ.പി. വിഭാഗത്തിൽ നിന്ന് 3 കുട്ടികളും യു.പി. വിഭാഗത്തിൽ നിന്ന് 15കുട്ടികളും, ഹൈസ്കൂളുകളിൽ നിന്നും 6 കുട്ടികളും

കൊഴിഞ്ഞുപൊയിട്ടുണ്ട്. കൊഴിഞ്ഞുപോയവരിൽ 12 ആൺകുട്ടികളും 12 പെൺകുട്ടികളുമാണ്. വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് സമൂഹത്തിലെ വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചാൽ മാത്രമെ ഈ അവസ്ഥക്ക് പരിഹാരം കാണാൻ കഴിയുകയുള്ളു.

തൊഴിൽ

കാർഷിക മേഖലയിലും അതുപോലെ മുള, ചൂരൽ, വള്ളി ഈറ്റ എന്നിവ ഉപയോഗിച്ചുകൊണ്ട് തടുപ്പ, മുറം, കൂട്ട,വട്ടി, കോര, കോരി, തുടുപ്പ്, തൊപ്പി, പാള, പായ എന്നിവ ഉണ്ടാക്കുന്ന കുലത്തൊഴിൽ ചെയ്തും ഉപജീവനം കഴിച്ചവരായിരുന്നു പഴയ തലമുറക്കാർ. ഈ വിഭാഗത്തിൽ സ്ത്രീകൾ പ്രധാനമായും ചെയ്തിരുന്ന ജോലി പായമടയലായിരുന്നു. പരമ്പരാഗത ജോലിചെയ്യാൻ അസംസ്കൃത വസ്തുക്കൾ ലഭ്യമല്ലാത്തതിനാലും പുതിയ തലമുറയ്ക്ക് ഈ തൊഴിലുകളോടുള്ള അഭിരുചിയും ആഭിമുഖ്യവും കുറഞ്ഞുവരുന്നതിനാലും ഈ തൊഴിലുകൾ അന്യം നിന്നുപോകുന്ന അവസ്ഥയാണുള്ളത്.

ഇന്ന് പ്രധാനമായും പഴയ തലമുറക്കാർ കാർഷിക മേഖലയിലും വന്ന തകർച്ച ഈ മേഖലയിലും തൊഴിലവസരങ്ങൾ കുറയാൻ കാരണമായിച്ചുണ്ട്. സാമ്പത്തിക നേട്ടമാണ് പുതിയ തലമുറയെ നിർമ്മാണ രംഗത്തേക്ക് തിരിച്ചുവിടുന്നതിന് കാരണമായിട്ടുള്ളത്. അതിനാൽ തൊഴിൽ എന്നിലുപരി ഭക്ഷ്യധാന്യ ഉൽപാദന വർദ്ധനവിന്റെ ആവശ്യകത കണക്കിലെടുത്ത് കാർഷിക മേഖലകളിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിന് ആവശ്യമായ നടപടികൾ കൈകൊള്ളേണ്ടതുണ്ട്. അന്യംനിന്നുപോകുന്ന പരമ്പരാഗത കൈ തൊഴിലുകളെ സംരക്ഷിക്കുന്നതിനാവശ്യമായ അസംസ്കൃത സാധനങ്ങളുടെ ലഭ്യതയും സംരക്ഷണവും ഉറപ്പുവരുത്തേണ്ടതുണ്ട്. ഉപജീവന മാർഗ്ഗത്തിനുള്ള തൊഴിൽ ഉറപ്പു വരുത്തുകയും പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുകയും ചെയ്താൽ മാത്രമെ സാമ്പത്തിക പരാധീനതയിൽ ബുദ്ധിമുട്ടുന്ന ഈ വിഭാഗത്തിനെ ഉദ്ധരിക്കാൻ കഴിയുകയുള്ളു.

പാർപ്പിടം.

പാർപ്പിടപ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ സർക്കാർ ഏജൻസികൾ നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ മുഖേന കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും ചില പ്രദേശങ്ങളിൽ ഇന്നും ചെറ്റക്കുടിലുകൾ നിലനിൽക്കുന്നുണ്ട്. ഈ വിഭാഗത്തിനിടയിൽ നിലനിൽക്കുന്ന കൂട്ടുകുടുംബ വ്യവസ്ഥയും സർക്കാർ പദ്ധതികൾ നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന ചില സാങ്കേതിക പ്രശനങ്ങളുമാണ് പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിൽ തടസ്സമായി നില്ക്കുന്നത്. വിവിധ സർക്കാർ ഏജൻസികളിൽ നിന്ന് വായ്പയെടുത്ത് വലിയ കടക്കെണിയിൽ അകപ്പെട്ടുപോയവരും ഈ പഞ്ചായത്തിലുണ്ട്. വീട് നിർമ്മാണത്തിന് സർക്കാർ അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം പല വീടുകളും പൂർത്തീകരിക്കാതെ കിടക്കുന്നുണ്ട്. വീട് വയ്ക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് വീട് വയ്കാൻ ആവശ്യമായ സ്ഥലവും വീടിനുള്ള ധന സഹായവും പുനരധിവാസ പദ്ധതി പ്രകാരം പതിച്ചുകൊടുത്തെങ്കിൽ മാത്രമെ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളു.

ആരോഗ്യം

ആരോഗ്യരംഗത്ത് കോളനികളുടെ നില വളരെ ശോചനീയമാണ്. പഞ്ചായത്തിലെ കോളനികളിൽ കക്കൂസുകളുള്ള വീടുകൾ വിരലിലെണ്ണാവുന്നവ മാത്രമാണ്. ഇക്കാരണത്താൽ തന്നെ വൃത്തിഹീനമായ ചുറ്റുപാടുകളിൽ താമസിക്കുന്നത് കാരണം സാക്രമിക രോഗങ്ങൾ കോളനികളിൽ വളരെ വേഗം പടർന്നു പിടിക്കുന്നതായി കാണുന്നു. പരിസര ശുചിത്വത്തെ കുറിച്ച് കോളനികൾ കേന്ദ്രീകരിച്ച് വ്യാപകമായ ക്യാമ്പെയിനുകളും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും, നിർബന്ധമായും ഓരോ വീടിനും കക്കൂസ് അനുവദച്ച് കൊടുക്കുകയും ചെയ്തെങ്കിൽ മാത്രമെ ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ കഴിയുകയുള്ളു.

ആചാരങ്ങൾ

പണ്ടു മുതൽക്കേ തന്നെ കൂട്ടമായി താമസിച്ചു വന്നിരുന്ന ഈ വിഭാഗക്കാർ തങ്ങളുടെ കോളനികളിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക്, കോളനിയിലെ മൂപ്പന്റെ സാന്നിദ്യത്തിൽ പരസ്പരം ചർച്ച ചെയ്യുകയും, തീർപ്പ് കൽപ്പിക്കുകയുമാണ്

ചെയതിരുന്നത്. ഇന്ന് സമൂഹത്തിൽ പൊതുവെ സ്ത്രീധന സമ്പ്രദായമാണ് നിലവിലുള്ളതെങ്കിൽ ഈ വിഭാഗത്തിന് പണ്ട് നിലവിലുണ്ടായിരുന്നത് ആൺ പണം നൽകുന്ന വ്യവസ്ഥയാണ്. കല്യാണം നടക്കണമെങ്കിൽ 8 പൊതി 10 അളവ് നെല്ല് ആൺവീട്ടുകാർ പെൺ വീട്ടുകാർക്ക് കൊടുക്കണമെന്നത് നിർബന്ധമായിരുന്നു. ഇന്ന് ഈ സ്ഥിതി തീർത്തും മാറിയിട്ടുണ്ട്. മൂന്നു ദിനങ്ങളിലായി നീണ്ടുനിന്നിരുന്ന കല്യാണ ചടങ്ങുകളിൽ തുടികൊട്ടി ആണും പെണ്ണും ഒന്നിച്ചു ചേർന്നുള്ള മംഗലക്കളി നിർബന്ധമായിരുന്നു. ഇവർ കൊട്ടിപാടിയിരുന്ന തുടി ഇവർക്ക് കിട്ടിയതിനെകുറിച്ച് ഐതിഹ്യങ്ങളും നിലവിലുണ്ട്. ഇന്നും ചില വീടുകളിൽ തുടി സൂക്ഷിച്ചു വരുന്നു. ഇവരുടെ ഇടയിൽനിന്നും ആരെങ്കിലും മരിച്ചാൽ മരിച്ചവരെ ദൈവമായി ആരാധിക്കുന്ന പ്രവണത ഇന്നും ചിലയിടങ്ങളിൽ നിലവിലുണ്ട്. തെയ്യം കലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവ്ർ ഈ വിഭാഗത്തിൽ നാമമാത്രമായി അവശേഷിക്കുകയാണ്.

പ്രശ്നങ്ങൾ

1. കോളനികളിൽ നിരക്ഷരത നിലനിൽക്കുന്നു. വിദ്യാഭ്യാസ പുരോഗതി പൂർണ്ണമായും കൈവരിച്ചിട്ടില്ല. സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് കൂടുന്നു.

2. എല്ലാവർക്കും സ്വന്തമായി പാർപ്പിടവും സ്ഥലവുമില്ല.

3. പ്രഥമിക സൗകര്യങ്ങളില്ല.

4. വൈദ്യുതിയില്ല.

5, പൊതു ശ്മശാനമില്ല.

6. ഭൂമിയില്ലാത്തവരും, ഭൂമിക്ക് പട്ടയം കിട്ടാത്ത പ്രശ്നങ്ങളുമുണ്ട്.

7. ആരോഗ്യസംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.

8. പരമ്പരാഗത തൊഴിൽ നിലനിർത്താൻ അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതക്കുറവ്.

9. IRDP പദ്ധതി പോലുള്ള സാമൂഹ്യ പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

10. പട്ടികജാതി വികസന കോപ്പർപറേഷന്റെയും, ഹരിജന ക്ഷേമവകുപ്പിന്റെയും പ്രവർത്തനം കാര്യക്ഷമമാക്കണം.

11. പട്ടിക ജാതി പട്ടിക വർഗ്ഗത്തിന്റെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര അറിവില്ലായ്മ.

12. നിലവിലുള്ള വീടുകൾ മിക്കതും വാസയോഗ്യമല്ല.

13. കടക്കെണിയിൽ പെട്ട് പോകുന്നു.

14. മദ്യപാനശീലം, കോളനികളുടെ പുരോഗതിക്ക് തടസ്സം നിൽക്കുന്നു.

15. മിക്ക കോളനികളിലും ഗതാഗത സൗകര്യങ്ങളില്ല.

സാധ്യതകൾ

1. മുഴുവൻ കുട്ടികൾക്കും നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം നൽകുന്നതിന് വേണ്ട കാര്യങ്ങൾ ഗ്രാമ പഞ്ചായത്ത് വഴി നടപ്പിലാക്കുക.

2. ഉന്നത പഠനത്തിന് സൗകര്യവും പ്രോത്സാഹനവും നൽകുക.

3. പഞ്ചായത്തിലെ രണ്ടാം വാർഡിൽ പ്രവർത്തിക്കുന്ന മെട്രിക് ഹോസ്റ്റലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക.

4. ബോധവൽക്കരണത്തിന്റെ ഭാഗമായി കോളനികളിലും വായനശാലകളിലും ടി.വി. സെറ്റ് സ്ഥാപിക്കുക.

5. കോളനികൾ കേന്ദ്രീകരിച്ച് കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.

6. പരമ്പരാഗത തൊഴിൽ മേഖലയെ പരിപോഷിപ്പിക്കുന്നതിന് കോളനികളിൽ സഹകരണാടിസ്ഥാനത്തിൽ യൂണിറ്റുകൾ തുടങ്ങുക.

7. കോളനിവാസിളെ പുനരധിവസിപ്പിക്കുന്നതിനായി ഗ്രാമ പഞ്ചായത്തിലെ മിച്ചഭൂമി കണ്ടെത്തി പതിച്ച് കൊടുക്കുകയും വീടുനിർമ്മാണത്തിനുള്ള ധനസഹായം വർദ്ധിപ്പിക്കുകയും ചെയ്യുക.

8. പഞ്ചായത്തിലെ മുഴുവൻ പട്ടിക ജാതി

കുടുംബങ്ങൾക്കും പ്രഥമിക സൗകര്യങ്ങൾ നൽകുന്നതിനു വേണ്ട നടപടികൾ പഞ്ചായത്തുതലത്തിൽ നടപ്പിലാക്കുക.

9. പഞ്ചായത്തിലെ മുഴുവൻ കോളനികളിലും വൈദ്യുതി എത്തിക്കുക.

10. കോളനികളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുക.

11. പഴകിയ വീടകൾ പുതുക്കി പണിയുന്നതിന് പലിശ രഹിത വായ്പ ലളിതമായ വ്യവസ്ഥയിൽ നൽകുന്നതിന് നടപടികൾ സ്വീകരിക്കുക.

12. കോളനികൾ കേന്ദ്രീകരിച്ച് വർഷത്തിൽ രണ്ട് പ്രാവശ്യം എങ്കിലും സൗജന്യ മെഡിക്കൽ ക്യാമ്പുകൾ സംഘടപ്പിക്കുക.

13. പരമ്പരാഗത തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടി അസംസ്കൃത വസ്തുക്കളായ ചുരൽ, കൈത എന്നിവ സംരക്ഷിക്കുക.

14. ഗ്രാമ വികസന വകുപ്പ് നടപ്പിലാക്കുന്ന IRDP പോലുള്ള പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കി യഥാർത്ഥ ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ പഞ്ചായത്തിൽ സമിതികളെ ചുമതലപ്പെടുത്തുകയും മേൽനോട്ടത്തിനും സംവിധാനം ഉണ്ടാക്കുക.

15. നടപ്പിലാക്കുന്ന മുഴുവൻ പദ്ധതികളെ കുറിച്ചും ബോധവൽകൽക്കരണം നടത്തുക.

16. പല വായ്പകളുടെയും പലിശനിരക്കുകൾ ഇളവുചെയ്യുക.

17. ആനുകൂല്യങ്ങൾ യഥാർത്ഥ ആവശ്യങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്ന് ഉറപ്പുവരുത്താൻ ജനകീയ ഇടപെടൽ നടത്തുക.

18. കോളനികളിൽ വ്യാജവാറ്റിനെതിരെ ജാഗ്രതാ സമിതികൾ രൂപീകരിക്കാൻ പഞ്ചായത്ത് മുൻകൈയ്യെടുക്കുക.

19. പഞ്ചായത്തിലെ ആറാം വാർഡിർ തലക്കാനം, ചുള്ളിമൂല ഒമ്പതാം വാർഡിൽ ചേക്കാനം എന്നിവ കേന്ദ്രീകരിച്ച് കോളനികൾ നിർമ്മിക്കുക.

20. കോളനികളിലേക്കുള്ള ഗതാഗത സൗകര്യം മെച്ചപ്പെടുത്തുക.

21. കോളനികളിൽ വായനശാലകൾ സ്ഥാപിക്കുക.

7. വിദ്യാഭ്യാസം



ദേശീയപ്രസ്ഥാനവും അതിന്റെ ഭാഗമായ സാമൂഹ്യ പരിഷ്ക്കരണപ്രവർത്തനങ്ങളും മടിക്കൈ പഞ്ചായത്തിന്റെ വികസനത്തിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഔപചാരിക വിദ്യാഭ്യാസം ആരംഭിക്കുന്നതിന് മുമ്പ് തന്നെ നാട്ടെഴുത്തച്ഛൻമാരുടെ സഹായത്തോടെ ഈ പ്രദേശത്ത് വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. കവിയും സംസ്കൃത പണ്ഡിതനുമായിരുന്ന ശ്രീ മതിരക്കോട്ട് കൃഷ്ണൻ ഗുരുക്കൾ, ശ്രീ തലയത്ത് കൃഷ്ണൻ ഗുരുക്കൾ, ശ്രീ എരിക്കുളം കോരൻ ഗുരുക്കൾ, ശ്രീ ശംഭു ജോത്സ്യർ, ശ്രീ കൂക്കൾ കോരൻ എഴുത്തച്ഛൻ, ശ്രീ ചിറക്കര കണ്ണൻ മാസ്റ്റർ, ശ്രീ സി. ഗോവിന്ദൻ മാസ്റ്റർ, ശ്രീ. കുഞ്ഞിരാമൻ മാസ്റ്റർ തുടങ്ങിയവരുടെ സേവനം ഈ രംഗത്ത് സ്തുത്യർഹമാണ്.

1922 ൽ മേക്കാട്ട് (ഇപ്പോഴത്തെ ഗവ. ഹൈസ്ക്കൂൾ മടിക്കൈ II) ആരംഭിച്ച സ്ക്കൂൾ ആണ് മടിക്കൈയിലെ ആദ്യത്തെ സ്ക്കൂൾ. ഇതേ കാലഘട്ടത്തിൽ തന്നെയാണ് മടിക്കൈ കുന്നിൻമേൽ ഏച്ചിക്കാനം തറവാട്ടുകാരുടെ നേതൃത്വത്തിൽ ആരംഭിച്ച എലിമെന്ററി സ്ക്കൂൾ പിന്നീട് 1929 ൽ എരിക്കുളത്ത് സ്ഥാപിതമായി. മടിക്കൈയിലെ ചാമക്കൊച്ചി എന്ന സ്ഥലത്ത് ഏച്ചിക്കാനം വകയായി ആരംഭിച്ച സ്ക്കൂൾ നാട്ടുകാരുടെ കാർഷിക പ്രശ്നങ്ങളിലുള്ള സമീപനങ്ങളിൽ പ്രതിഷേധിച്ച് നിർത്തലാക്കുകയുണ്ടായി. പിന്നീട് പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും വിദ്യാലയങ്ങൾ ആരംഭിച്ചുവെങ്കിലും ഹൈസ്ക്കൂൾ വിദ്യാഭ്യാസ സൗകര്യം അടുത്ത കാലത്ത് മാത്രമാണ് ലഭിച്ചത്. അത്വരെ നീലേശ്വരം രാജാസ് ഹൈസ്ക്കൂൾ, കാഞ്ഞങ്ങാട് ദുർഗ്ഗാ ഹൈസ്ക്കൂൾ എന്നിവടങ്ങളിൽ കാൽനടയായി പോയാണ് ഹൈസ്ക്കൂൾ വിദ്യാഭ്യാസം നേടിയത്. ഇപ്പോൾ പഞ്ചായത്തിൽ 10 സ്ക്കൂളുകൾ നിലവിലുണ്ട്. 4 എൽ.പി, 3 യു.പി. 3. ഹൈസ്ക്കൂൾ എന്നീ ക്രമത്തിൽ. ഒരു പക്ഷെ സംസ്ഥാനത്ത് സർക്കാർ വിദ്യാലയങ്ങൾ മാത്രമുള്ള ഒരു പഞ്ചായത്ത് നമ്മുടെതായിരിക്കാം.

10 വിദ്യാലയങ്ങൾ ഗ്രാമത്തിന്റെ സാക്ഷരതാ നിലവാരം ഉയർത്താൻ സഹായകമാണെങ്കിലും കിഴക്കൻ മേഖലയായ കാഞ്ഞിരപ്പൊയിൽ, മുണ്ടോട്ട്, മൽപ്പച്ചേരി, എരിക്കുളം പ്രദേശങ്ങളിൽ ഹൈസ്ക്കൂൾ ഇല്ലാത്തത് പരിഹരിക്കപ്പെടേണ്ടതാണ്. അത്പോലെ വാർഡടിസ്ഥാനത്തിൽ നോക്കിയാൽ 10 വാർഡിൽ മാത്രമേ വിദ്യാലയങ്ങൾ ഇല്ലാതുള്ളു. നിലവിലുള്ള ഹൈസ്ക്കൂളുകളിൽ സാങ്കേതിക പരിജ്ഞാനത്തിന് ഉതകത്തക്ക യാതൊരു പഠ്യ വിഷയങ്ങളും ഇല്ല എന്നതും ഒരു ന്യൂനതയായി നിലനിൽക്കുന്നു.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല. അതിനാൽ ചുരുക്കം വിദ്യാർത്ഥികൾ മാത്രമെ ഉന്നതപഠനത്തിന് പോകുന്നുള്ളു. ഏതാനും പേർ നീലേശ്വരത്തും കാഞ്ഞങ്ങാട്ടുമുള്ള സമാന്തര കോളേജുകളെ ആശ്രയിക്കുകയും മറ്റുള്ളവർ പഠനം നിർത്തുകയും ചെയ്യുന്നു.


'അക്ഷരകേരളം' പരിപാടിയുടെ ഒന്നാം ഘട്ടത്തിൽ മാതൃകാപരമായി നാം പ്രവർത്തിച്ചിട്ടുണ്ട്. എന്നാൽ തുടർസാക്ഷരതാ പരിപാടി വേണ്ടത്ര വിജയിപ്പിക്കാൻ നമ്മുക്ക് കഴിഞ്ഞിട്ടില്ല. അതോടൊപ്പം കാസർഗോഡ് ജില്ലാതലത്തിൽ 'അക്ഷര പുലരി' എന്ന പേരിൽ നടപ്പിലാക്കപ്പെട്ട 3, 4 ക്ലാസുകളിലെ വിദ്യാർത്ഥികളെ സാക്ഷരരാക്കാനുള്ള പരിപാടി നല്ല രീതിയിൽ തന്നെ നമ്മുക്ക് വിജയിപ്പിക്കാൻ കഴിഞ്ഞു. കൂടാതെ കാസർഗോഡ് ജില്ലാ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഡയറ്റ്, കേരളാ ശാസ്ത്ര സാഹിത്യ പരിഷത്ത് എന്നിവയുടെ സഹകരണത്തോടെ ഈ പഞ്ചായത്തിൽ നടപ്പിലാക്കിയ ''പഠനോത്സവം'' പരിപാടി ഇന്ത്യയിൽ തന്നെ പ്രശംസ പിടിച്ചു പറ്റിയതാണ്.

മടിക്കൈ II ഗവ. ഹൈസ്ക്കൂൾ കേന്ദ്രമായി പഞ്ചായത്ത് തല 'സ്ക്കൂൾ കോംപ്ലക്സ്' പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ എല്ലാ സ്ക്കൂളിലെയും അദ്ധ്യാപകർക്ക് പുനഃ പരിശീലനം നൽകുക എന്ന ഉദ്ദേശത്തോടെ പ്രവർത്തിക്കുന്ന കോംപ്ലക്സ് പരിപാടി കാര്യക്ഷമമാക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. അതേപോലെ ജില്ലാ പ്രൈമറി വിദ്യാഭ്യാസപരിപാടി (ഡി.പി.ഇ.പി.) യുടെ ഭാഗമായി ആവശ്യമുള്ള സ്ക്കൂളുകൾക്ക് കെട്ടിട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. കൂടാതെ പഠനോപകരണ നിർമ്മാണം സ്ക്കൂൾ സൗന്ദര്യ വൽക്കരണം എന്നിവയ്ക്ക് നൽകപ്പെടുന്ന തുകയും ഫലപ്രദമായി ഉപയോഗപ്പെടുത്തേണ്ടതാണ്.

പ്രീ പ്രൈമറി: പഞ്ചായത്തിൽ 18 പ്രീ പ്രൈമറി വിദ്യാഭ്യാസ കേന്ദ്രങ്ങളുണ്ട്. 1000 ജനസംഖ്യക്ക് ഒരു കേന്ദ്രമെന്ന നിലയിൽ 19352 ജനസംഖ്യക്ക് (1991 ലെ സെൻസസ്) 19 കേന്ദ്രങ്ങളെങ്കിലും ആരംഭിക്കേണ്ടതാണ്. 14 അംഗൺവാടികൾ ഐ. സി.ഡി.എസ്. ന്റെ കീഴിലും ഒരെണ്ണം പഞ്ചായത്ത് നഴ്സറിയുമാണ്. ഇവയിൽ എല്ലാ ഭാഗങ്ങളിലേയും കുട്ടികൾക്ക് എത്തിച്ചേരാൻ കഴിയുന്നില്ല എന്നത് ഒരു വസ്തുതയായി നിലനിൽക്കുന്നു. അതിനാൽ ആവശ്യമായസ്ഥലങ്ങളിൽ അംഗൺവാടികൾസ്ഥാപിച്ച് ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്. ഇത്തരം സ്ഥാപനങ്ങളിലെ അദ്ധ്യാപികമാർക്ക് പുനഃപരിശീലനം നൽകേണ്ടതും സ്ഥാപനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതും അത്യാവശ്യമാണ്.

പഞ്ചായത്തിൽ അംഗീകൃതമല്ലാത്ത ഇംഗ്ലീഷ് മീഡിയം നഴ്സറിയും ഒരു ശിശു മന്ദിരവും നിലവിലുണ്ട്. ഇത്തരം സ്ഥാപനങ്ങളിലേക്ക് 'ചേക്കേറുന്ന ഒരു പുത്തൻ സംസ്കാരം' വളരെ പരിമിതമായ തോതിലാണെങ്കിലും നമ്മുടെ പഞ്ചായത്തിൽ കാണപ്പെടുന്നുണ്ട്.

ഭൗതികസാഹചര്യങ്ങൾ: 10 സ്കൂളുണ്ടെങ്കിലും ക്ലാസ്മുറിക്കകത്തെ 4 ചുവരുകൾക്കുള്ളിൽ ഒതുങ്ങിക്കഴിയുന്ന വിദ്യാർത്ഥികൾക്ക് ഉന്മേഷം പകരാൻ കഴിയുന്നത്ര 'അക്കാദമിക്ക് സൗകര്യങ്ങൾ' ഇല്ല എന്നത് ഗൗരവമായ ഒരു പ്രശ്നമാണ്. ലബോറട്ടറി, ലൈബ്രറി, കളിസ്ഥലങ്ങൾ ഇവയുടെ പരിമിതിയും, ഫർണ്ണീച്ചർ, കെട്ടിട സൗകര്യക്കുറവ്, പഠനോപകരണങ്ങളുടെ അപര്യാപ്തത, എന്നിവ ഇവയിൽ പ്രധാനപ്പെട്ടവയാണ്. പട്ടിക 1 എ യിലും ബി യിലും ഇക്കാര്യം പറഞ്ഞിരിക്കുന്നതിനാൽ കൂടുതൽ വിശദികരിക്കേണ്ടതില്ലല്ലൊ.



പട്ടിക 1 എ

ക്രമ നമ്പർ	സ്കൂൾ കോഡ് നമ്പർ	സ്ഥല വിസ്തീർണ്ണം ഏ. സെന്റ്	കെട്ടിടം			ലാബ്		ലൈബ്രറി		മൂത്രപ്പുര		കക്കൂസ്		വൈദ്യുതി		കളി സ്ഥലം		കിണർ	
			സ്ഥിരം	അസ്ഥിരം	താൽക്കാലികം	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
1	01 ഗവ. ഹൈസ്ക്കൂൾ മടിക്കൈ 2	4.50	5	1	2	X		X		X		X		X		X		X	
2	02 ഗവ. ഹൈസ്ക്കൂൾ കക്കാട്ട്	4.00	4	2	2	X		X		X		X		X		X		X	
4	03 ഗവ. L.P. സ്ക്കൂൾ കീക്കാംകോട്ട്	0.60	2			X		X			X		X		X	X			X
4	04 ഗവ. ഹൈസ്ക്കൂൾ മടിക്കൈ	11.20	5			X		X		X		X		X		X		X	
5	05 ഗവ. യു.പി. സ്ക്കൂൾ പൂത്തക്കാൽ	1.00	3			X			X	X			X	X			X	X	
6	06 ഗവ. യു.പി. സ്ക്കൂൾ കാഞ്ഞിരപ്പൊയിൽ	3.00	1	1	1		X	X		X		X			X	X		X	
7	07 ഗവ. യു.പി. സ്ക്കൂൾ മടിക്കൈ ആലംപാടി	3.00	4			X			X	X		X			X	X		X	
8	08 ഗവ. L.P. സ്ക്കൂൾ മൽപ്പച്ചേരി	4.00	1	1		X		X		X		X			X	X		X	
9	09 ഗവ. L.P. സ്ക്കൂൾ ചെരണത്തല	1.00		1			X		X		X		X		X		X	X	
4	10 ഗവ. L.P. സ്ക്കൂൾ വാഴകോട്ട്	2.50	1	1			X		X		X		X		X	X		X	

പട്ടിക 1 ബി

ക്രമ നമ്പർ	വിദ്യാലയത്തിന്റെ പേര് സ്ഥാപിച്ച വർഷം	അദ്ധ്യാപകരുടെ എണ്ണം					കളിസ്ഥല വിസ്തീർണ്ണം	അറ്റകുറ്റപ്പണികൾ മറ്റു കുറിപ്പുകൾ
		അനുവദിച്ച പോസ്റ്റ്	നിലവിലുള്ളവരുടെ എണ്ണം		ഒഴിവുകളുടെ എണ്ണം	ദീർഘകാലഅവധിയിലുള്ളവർ		
			ആൺ	പെൺ				
1	ഗവ. ഹൈസ്ക്കൂൾ മടിക്കൈ 2 1922	37	26	11			0.50	ചുറ്റമതിൽ ഇല്ല അറ്റകുറ്റപ്പണികൾ നടത്തണം
2	ഗവ. ഹൈസ്ക്കൂൾ കക്കാട്ട് 1951	31	14	17	7	7	1.00	ഫർണ്ണിച്ചർ റിപ്പേർ പി.ടി.എ. ചെയ്യുന്നു
3	ഗവ. L.P. സ്ക്കൂൾ കീക്കാംകോട്ട്	4	2	1	1		0.20	ചുറ്റമതിൽ ഇല്ല ഫർണ്ണിച്ചർ ഇല്ല അറ്റകുറ്റപ്പണികൾ നടത്തണം
4	ഗവ. ഹൈസ്ക്കൂൾ മടിക്കൈ 1953	33	15	17	1		1.50	ചുറ്റമതിൽ ഇല്ല ഫർണ്ണിച്ചർ ഇല്ല അറ്റകുറ്റപ്പണികൾ നടത്തണം
5	ഗവ. യു.പി. സ്ക്കൂൾ പൂത്തക്കാൽ	11	7	4				ചുറ്റമതിൽ ഇല്ല അറ്റകുറ്റപ്പണികൾ നടത്തിയിട്ടില്ല
6	ഗവ. യു.പി. സ്ക്കൂൾ കാഞ്ഞിരപ്പൊയിൽ	11	3	8			1.00	ചുറ്റമതിൽ ഇല്ല ഫർണ്ണിച്ചർ ആവശ്യത്തിന് ഇല്ല
7	ഗവ. യു.പി. സ്ക്കൂൾ മടിക്കൈ ആലംപാടി 1929	12	5	6	1			അറ്റകുറ്റപ്പണികൾ ആവശ്യമാണ്
8	ഗവ. L.P. സ്ക്കൂൾ മൽപ്പച്ചേരി	6	3	2	1		1.50	ഫർണ്ണിച്ചർ ആവശ്യമാണ്
9	ഗവ. L.P. സ്ക്കൂൾ ചെരണത്തല	2	2				0.40	പഠനസൗകര്യങ്ങൾ ആവശ്യമാണ്
10	ഗവ. L.P. സ്ക്കൂൾ വാഴകോട്ട്	4	3		1		1.00	ഫർണ്ണിച്ചർ റിപ്പേർ ചെയ്യണം

കുട്ടികളുടെ പ്രവേശനം : പഞ്ചായത്തിലെ 10 വിദ്യാലയങ്ങളിലായി 4276 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. 2284 ആൺകുട്ടികളും. 1992 പെൺകുട്ടികളും. ഇതിൽ പട്ടികജാതി വിഭാഗത്തിൽ 177 ആൺകുട്ടികളും 186 പെൺകുട്ടികളും പെടുന്നു. 1996 - 97 വർഷത്തിൽ 114 കുട്ടികൾ പഠനം നിർത്തിയവരാണ്. ഇതിൽ 24 കുട്ടികൾ പട്ടികജാതി വിഭാഗത്തിൽ പെടുന്നു. സാമ്പത്തിക പരാധീനതയും ബോധവൽക്കരണമില്ലായ്മയും കൊഴിഞ്ഞു പോക്കിന് പ്രധാന കാരണങ്ങളാണ്. കുട്ടികളുടെ പ്രവേശനത്തിനുള്ള കുറവ് ചെരണത്തല, കീക്കാങ്കോട്ട് എന്നീ വിദ്യാലയങ്ങളുടെ നിലനിൽപ്പിനെ ബാധിച്ചിട്ടുണ്ട്. ആധുനിക 'സ്റ്റാറ്റസ്കോ' പ്രവണതയായ ഇംഗ്ലീഷ്മീഡിയം സ്ക്കൂളുകൾ ഈ പഞ്ചായത്തിലില്ലെങ്കിലും നീലേശ്വരം, കാഞ്ഞങ്ങാട് പ്രദേശങ്ങളിലെ അത്തരം സ്ക്കൂളുകളിൽ ഏതാനും കുട്ടികൾ ചേക്കേറുന്ന പ്രവണത കണ്ടുതുടങ്ങിയിട്ടുണ്ട്. കുട്ടികളുടെ പ്രവേശനത്തെ സംബന്ധിക്കുന്ന പട്ടിക 2 താഴെ കൊടുത്തിരുക്കുന്നു.

ക്രമ നമ്പർ	സ്റ്റാൻഡേർഡ്	ആകെ കുട്ടികൾ						തോറ്റ് പഠിക്കുന്നവർ						പഠനം നിർത്തിയവർ						
					SC/ST			SC/ST			മറ്റുള്ളവർ			SC/ST			മറ്റുള്ളവർ			
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആകെ
1	I	237	158	395	21	19	40													
2	II	187	186	373	15	11	26	2	1	3	8	8	16	2	0	2	1	3	4	6
3	III	200	193	393	21	23	44	1		1	24	7	31							
4.	IV	270	207	477	22	27	49	3		3	22	14	36	1		1				1
5.	V	211	236	447	11	34	45	1	1	2	19	9	28	1		1	2		2	3
6.	VI	237	216	453	17	22	39	4	1	5	23	8	31	5	9	14	19	6	25	39
7.	VII	244	217	463	22	22	44	3	3	6	31	21	52				1	4	5	5
8.	VIII	274	157	431	12	15	27	1		1	39	28	67	1		1	13	9	22	23
9.	IX	250	219	469	21	16	37	3	1	4	39	19	58	0	2	2	17	14	31	33
10.	X	174	201	375	15	7	22							2	1	3	1		1	4
ആകെ		2284	1992	4276	177	196	373	18	7	25	205	114	319	12	12	24	54	36	90	114

അക്കാദമിക്ക് പ്രവർത്തനങ്ങൾ :

ഈ പഞ്ചായത്തിലെ സ്കൂളുകളിലെ കുട്ടികളുടെ പഠന നിലവാരം തൃപ്തികരമാണെന്ന് പറയാൻ വയ്യ. ചെറുകിട കർഷകരുടേയും സാധാരണക്കാരുടേയും വീടുകളിൽ നിന്ന് വരുന്നവരാണ് ഭൂരിഭാഗവും. കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിൽവേണ്ടത്ര ശ്രദ്ധ പതിപ്പിക്കാൻ കഴിയുന്നില്ല എന്നതും ഒരു വസ്തുതയാണ്. ഭൗതീക സാഹചര്യങ്ങളുടെ അപര്യാപ്തതയും പഠന നിലവാരത്തെ ബാധിക്കുന്നു. പഠന രംഗത്ത് നൂതന മാർഗ്ഗങ്ങൾ സ്വീകരിച്ച് പഠന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്. പഞ്ചായത്തിൽ പരീക്ഷിക്കപ്പെട്ട അക്ഷരപ്പുലരി, പഠനോത്സവം തുടങ്ങിയ പരിപാടികൾ ഒരു പരിവർത്തനത്തിന് നാന്ദി കുറിച്ചുവെങ്കിലുംകൂടുതൽ നന്നായി കൊണ്ടു പോകേണ്ടതുണ്ട്. പാഠ്യേതര പ്രവർത്തനങ്ങളെന്ന നിലയിൽ ഫാർമേർസ് ക്ലബ്ബ്,ഗണിത ശാസ്ത്ര ക്ലബ്ബ്, സയൻസ് ക്ലബ്ബ് തുടങ്ങിയ പ്രവർത്തനവും പഞ്ചായത്തിലെ വിദ്യാലയങ്ങളെ ഒരു പരിധി വരെ സഹായിക്കുന്നുണ്ട്. അധ്യാപക രക്ഷാകർത്തൃ സമിതിയും മദർ പി:ടി.എ യും ഇക്കാര്യത്തിൽ സഹകരിച്ച് പ്രവർത്തിക്കുന്നത് നന്നായിരിക്കും.

അതോടൊപ്പം ഈ പഞ്ചായത്തിലെ മടിക്കൈ ഗവ: ഹൈസ്കൂൾ I, കക്കാട്ട് ഗവ: ഹൈസ്കൂൾ എന്നിവിടങ്ങളിൽ പി.ടി.എ. സഹായത്തോടെ കമ്പ്യൂട്ടർ പഠനത്തിന് തയ്യാറെടുത്ത് വരുന്നുണ്ട്.

പഞ്ചായത്തിലെ 3 ഹൈസ്കൂളുകളിലേയും കഴിഞ്ഞ 4 വർഷങ്ങളിലെ എസ്.എസ്.എൽ.സി വിജയശതമാനം പരിശോധിച്ചാൽ പകുതിയോളം വിദ്യാർത്ഥികൾ മാത്രമേ വിജയിക്കുന്നുള്ളു എന്നത് ദു:ഖകരമായ വസ്തുതയാണ്. ഇതിൽ ഏറെ പിന്നോക്കം നിൽക്കുന്നത് താരതമ്യേന കൂടുതൽ സൗകര്യങ്ങളുള്ള ഗവ: ഹൈസ്കൂൾ, മടിക്കൈ ആണ് എന്നത് നമ്മുടെ വിദ്യാഭ്യാസരംഗത്തെ മുരടിപ്പിനെ തുറന്നു കാണിക്കുന്നു. എസ്.എസ്.എൽ.സി വിജയശതമാനം പട്ടിക 3. എ, ബി എന്നിവയിൽ കൊടുത്തിരിക്കുന്നു.

പട്ടിക 3 എ

സ്ക്കൂളിന്റെ പേര്		1992 -93	1993 - 94	1994 - 95	1995-96
1 ഗവ. ഹൈസ്ക്കൂൾ, മടിക്കൈ III	മൊത്തം വിദ്യാർത്ഥികൾ	111	112	125	161
	വിജയശതമാനം	68	65	62	59
2 ഗവ. ഹൈസ്ക്കൂൾ, കാക്കാട്ട്	മൊത്തം വിദ്യാർത്ഥികൾ	41	66	75	90
	വിജയശതമാനം	61	51	64	62
3. ഗവ. ഹൈസ്ക്കൂൾ, മടിക്കൈ	മൊത്തം വിദ്യാർത്ഥികൾ	114	123	126	122
	വിജയശതമാനം	33	27	33	23

പട്ടിക 3 ബി

എസ്.എസ്.എ ൽ.സി. വിജയശതമാനം (മൊത്തം)

വർഷം	മൊത്തം വിദ്യാർത്ഥികൾ	വിജയ ശതമാനം
1992 - 93	266	54
1993 - 94	301	48
1994 - 95	326	53
1995 - 96	373	48

അനൗപചാരിക വിദ്യാഭ്യാസം :

ജന്മി ഭൂപ്രഭുക്കളുടെ അടിമത്തത്തിൽ നിന്ന് മടിക്കൈയിലെ കർഷകരെ മോചിപ്പിക്കുന്നതിന് ദേശീയപ്രസ്ഥാനവും കർഷകപ്രസ്ഥാനവും അനൗപചാരിക വിദ്യാഭ്യാസത്തിലൂടെ നടത്തിയ പ്രവർത്തനങ്ങൾ വായനശാലാ പ്ര സ്ഥാനത്തിനും തുടർന്ന് സാംസ്കാരിക നവോത്ഥാനത്തിനും വഴിയൊരുക്കി. അക്ഷരജ്ഞാനം ലഭിക്കാതിരുന്ന ജനങ്ങൾക്ക് അക്ഷരത്തിന്റെ പൊൻവെളിച്ചമേകാൻ 90 91 കാലഘട്ടത്തിൽ നടപ്പാക്കിയ സാക്ഷര കേരളം പരിപാടി പര്യാപ്തമായെങ്കിലും തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് വീഴ്ച വന്നതിനാൽ ആ പരിപാടിയുടെ പരമമായ ലക്ഷ്യം നേടാൻ സാധിക്കാതെ പോയി. ആധുനിക വാർത്താവിനിമയ മാർഗ്ഗങ്ങളുടെ സ്വാധീനം കമ്പോള സംസ്കാരത്തിന്റെ ജീർണ്ണത പരത്തുന്നുണ്ടെങ്കിലും ലോകത്തിന്റെ പല കോണുകളിൽ നടക്കുന്ന സംഭവങ്ങൾ പോലും സാധാരണ ജനങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്നുണ്ട് എന്നത് ആശാവഹമാണ്.

ഗ്രാമ സഭയിൽ നിന്നും ഉയർന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും വിശകലനം ചെയ്താൽ അവ വിവിധ തട്ടുകളിലുള്ള പഞ്ചായത്ത് സംവിധാനത്തിന്റെയും ഗവൺമെൻറിന്റേയും കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ പരിഹരിക്കാൻ കഴിയുകയുള്ളൂ എന്ന് കാണാം. ഭാവി പരിപാടികൾ ആസൂത്രണം ചെയ്യാൻ ഈ നിർദ്ദേശങ്ങൾ ഏറെ സഹായകമാകും.

പ്രശ്നങ്ങൾ :

1. മടിക്കൈ ഗവ: ഹൈസ്കൂളിലെ എസ്.എസ്. എൽ.സി വിജയ ശതമാനം താരതമ്യേന കുറവാണ്.

2. പല സ്കൂളുകളിലേയും ഭൗതീക സാഹചര്യങ്ങൾ തൃപ്തികരമല്ല. (കെട്ടിടം, ഫർണിച്ചർ, കളിസ്ഥലം, ശുദ്ധജലം, ചുറ്റുമതിൽ, തുടങ്ങിയവ)

3. കുട്ടികളുടെ എണ്ണം കുറയുന്നതിനാൽ ഡിവിഷൻ കുറയുന്ന സ്ഥിതി നില നിൽക്കുന്നു.

4. ചെരണത്തല, കീക്കാങ്കോട്ട് ഗവ. എൽ.പി. സ്കൂളുകൾ നില നിൽ പ്പിന്റെ ഭീഷണിയെ നേരിടുന്നുണ്ട്.

5. ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങൾ പഞ്ചായത്തിൽ തീരെ ഇല്ല.

6. സ്കൂൾ വിദ്യാർത്ഥികളിലെ നിരക്ഷരത ഇപ്പോഴും നിലനിൽക്കുന്നു.

7. പഞ്ചായത്തിലെ കിഴക്കൻ പ്രദേശത്തുള്ള വിദ്യാർത്ഥികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസ സൗകര്യങ്ങൾ ഇല്ല.

8. പ്രീ പ്രൈമറി സ്കൂളുകൾ വേണ്ടത്രയില്ല.

9. അങ്കൺവാടികൾക്ക് സ്വന്തമായി കെട്ടിടമില്ല.

10. വിദ്യാർത്ഥികൾക്ക് കലാകായികരംഗങ്ങളിൽ വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല.

11. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തിൽ തീരെ ഇല്ല.

12. എല്ലാ സ്കൂളുകളിലും കായികാദ്ധ്യാപകരില്ല.

13. കളിക്കോപ്പുകളും മറ്റ് ഉപകരണങ്ങളും ഇല്ല.

നിർദ്ദേശങ്ങൾ :

1. സാക്ഷരതാ തുടർ വിദ്യാഭ്യാസ പദ്ധതി ഊർജ്ജിതമാക്കണം

2. സ്കൂളുകളിലെ കൊഴിഞ്ഞുപോക്ക് തടയാൻ ശ്രദ്ധിക്കണം.

3. എല്ലാ ഹൈസ്കൂളുകളിലും കംപ്യൂട്ടർ കോഴ്സ് ആരംഭിക്കണം.

4. കാർഷിക പ്രാധാന്യം കണക്കിലെടുത്ത് വൊക്കേഷണൽ ഹയർ സെക്കണ്ടറി ഹൈസ്കൂളുകളിൽ ആരംഭിക്കണം.

5. ഉന്നതവിദ്യാഭ്യാസത്തിന് സഹായിക്കുന്ന പ്ലസ് ടു കോഴ്സ്, സങ്കേതിക വിദ്യാഭ്യാസം എന്നിവ ആരംഭിക്കണം.

6. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കണം.

7. സ്കൂൾ ലൈബ്രറികൾ പ്രവർത്തനക്ഷമമാക്കണം വായനാ മുറികൾ ഏർപ്പെടുത്തണം.

8. പി.ടി.എ., മാതൃസംഗമം, വിദ്യാലയ സംരക്ഷണ സമിതി എന്നിവ സജീവമാക്കണം.

9. അദ്ധ്യാപകർക്ക് കാലോചിതമായ പരിശീലന പരിപാടികൾ നൽ കണം.

10. ഹൈസ്കൂളുകളി ൽ നിന്നു പ്രൈമറി വിഭാഗം വേർപെടുത്തണം.

11. പ്രൈമറി സ്കൂളുകളോട് ചേർന്ന് പ്രീ-പ്രൈമറി ക്ലാസുകൾ തുടങ്ങണം.

12. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ''അക്ഷര പുലരി'' പ്രവർത്തനം ഊർജ്ജിതമാക്കണം. അഭ്യസ്ത വിദ്യരുടെ സഹായവും ഇതിൽ സ്വീകരിക്കാവുന്നതാണ്.

13. പഞ്ചായത്തിലെ കിഴക്കൻ മേഖലയിൽ ഒരു ഹൈസ്കൂൾ ആരംഭിക്കണം.

14. മുഴുവൻ കുട്ടികൾക്കും ഉച്ചഭക്ഷണം നൽകണം. ഉച്ചഭക്ഷണത്തിന്റെ തുക വർദ്ധിപ്പിക്കണം.

15. സഹകരണ മേഖലയി ൽ ഒരു കോളേജ് തുടങ്ങണം.

❖ ❖ ❖

8. കുടിവെള്ളവും പൊതുജനാരോഗ്യവും

ഏതൊരു ജനതയുടെയും ആരോഗ്യ പൂർണ്ണമായ നിലനിൽപിന് ശുദ്ധജലത്തിന്റെ ലഭ്യത ഉറപ്പ് വരുത്തേണ്ടത് അത്യാവശ്യമാണ്. ഇന്ന് സംസ്ഥാനത്തിന്റെ ഗ്രാമീണ മേഖലയിൽ കാണപ്പെടുന്ന സാംക്രമിക രോഗങ്ങളിൽ കൂടുതലും ജലജന്യരോഗങ്ങളാണെന്നത് ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ ആവശ്യമാണെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. രോഗം വന്ന് ചികിൽസിക്കുക എന്ന പൊതു ചിന്താഗതി തിരുത്തുവാനും ശുദ്ധവായു, ശുദ്ധജലം, പരിസര ശുചിത്വം, പോഷകാഹാരം എന്നീ ഘടകങ്ങൾക്ക് കൂടുതൽ പരിഗണന നൽകി രോഗവിമുക്തമായ ഒരു ജനതയെന്ന മഹത്തായ ലക്ഷ്യമാണ് ജനകീയ പദ്ധതി രൂപീകരണത്തിലൂടെ നമുക്ക് നേടാനുള്ളത്.

നമ്മുടെ പഞ്ചായത്തിലെ മുഖ്യ കുടിവെള്ള സ്രോതസ് കിണറുകളാണ്. ഗ്രാമത്തിലെ 4651 വീടുകളിൽ 80% വീടുകൾക്കും സ്വന്തമായി കിണറുകൾ ഉണ്ടെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ചെറിയ വിഭാഗം ജനങ്ങൾ മാത്രമാണ് പൊതുടാപ്പുകൾ ഉപയോഗപ്പെടുത്തുന്നത്. ശുദ്ധമായ നീരുറവ്കൾ ഉപയോപ്പെടുത്തുന്ന പത്തോളം കുടുംബങ്ങൾ ഇവിടെയുണ്ട്. സ്ഥിരമായി കുടിവെള്ളക്ഷാമം നേരിടുന്ന വാർഡുകൾ എടുത്ത് പറയാനില്ലെങ്കിലും മിക്കവാറും എല്ലാ വാർഡുകളിലും മാർച്ച് മാസത്തോടുകൂടി കുന്നിൻ പ്രദേശങ്ങളിലും പീഠഭൂമികളിലും ഉള്ള കിണറുകൾ വറ്റുന്നത് സാധാരണയാണ്. ഭൂഗർഭജലം ഫലപ്രദമായ രീതിയിൽ ഉപയോഗപ്പെടുത്തിയാൽ ഒരു പരിധി വരെ ഈ പ്രശ്നം തരണം ചെയ്യാൻ കഴിഞ്ഞേക്കാമെങ്കിലും പഞ്ചായത്തിലെ ചെറു ടൗണുകളായി വികസിച്ചുവരുന്ന ബങ്കളം, അമ്പലത്തുകര, കാലിച്ചാംപൊതി, എരിക്കുളം, കാഞ്ഞിരപ്പൊയിൽ എന്നീ പ്രദേശങ്ങൾക്ക്. വേണ്ടി ദീർഘ വീ ക്ഷണത്തോടെ ചെറുകിട ശുദ്ധജലവിതരണ പദ്ധതികൾ രൂപപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. കേരളാ വാട്ടർ അതോറിട്ടിയുടേതായി പഞ്ചായത്തിൽ നിലവിലുള്ള രണ്ട് ശുദ്ധജലവിതരണ പദ്ധതികളിൽ 4ാം വാർഡിലെ മുക്കുണ്ടിൽ സ്ഥാപിച്ചിരിക്കുന്നതിൽ നിന്നുള്ള ജലവിതരണം കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലെ ഒരു ഹൗസിംഗ് കോളനിയെ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. ഈ പദ്ധതി വികസിപ്പിച്ച് കാര്യക്ഷമമാക്കിയാൽ അമ്പലത്തുകര യിലും പരിസര പ്രദേശങ്ങളിലും പ്രയോജനപ്പെടുത്താവുന്നതാണ്.

മടിക്കൈ പഞ്ചായത്തിനെ ഉദ്ദേശിച്ച് മാത്രം കേരളാ വാട്ടർ അതോറിട്ടി നടപ്പിലാക്കിയ മണക്കടവ് ശുദ്ധജലവിതരണ പദ്ധതി (മണക്കടവ് കണിച്ചിറ ചാലിൽ പമ്പും പൂത്തക്കാൽ എരിക്കുളം പ്രദേശങ്ങളിലായി വാട്ടർടാങ്കും) ലക്ഷ്യത്തിന്റെ ഒരംശം പോലും നിറവേറ്റാൻ പര്യാപ്തമായിട്ടില്ലെന്നതാണ് അനുഭവം. പഞ്ചായത്തിൽ 10 വാർഡ്കളിലുമായി സ്ഥാപിച്ചിട്ടുള്ള 31 പൊതു ടാപ്പുകൾ ഈ പദ്ധതിയിൽ നിന്നും നേരിട്ടുള്ള വിതരണത്തിന് വേണ്ടിയുള്ളതാണ്. എന്നാൽ ജലസംഭരണികളുടെ ഏറ്റവും അടുത്തുള്ള ആറോളം ടാപ്പുകളിൽ മാത്രമേ വെള്ളം ലഭിക്കുന്നുള്ളു. 1996 മാർച്ച് മാസത്തിൽ കമ്മീഷൻ ചെയ്ത ഈ പദ്ധതി കൂടുതൽ പ്രയോജനപ്പെടുത്താൻ കഴിയേണ്ടതാണ്. നമ്മുടെ പഞ്ചായത്തിൽ ശുദ്ധജലവിതരണ സംവിധാനത്തിന്റെ പൊതുവിവരണ പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നു.

പട്ടിക 1

വാർഡ്	പൊതു ടാപ്പുകൾ	പൊതു കുഴൽ കിണറുകൾ	പൊതു കിണറുകൾ
1	3	2	2
2	3	2	4
3	4	3	2
4	3	3	4
5	3	1	
6	3	1	
7	3	3	2
8	3	2	3
9	3	1	1
10	3	3	
ആകെ	31	21	18

പ്രശ്നങ്ങൾ :

1. പഞ്ചായത്തിലെ ബങ്കളം, വൈനിങ്ങാൽ, കണ്ടംകെട്ടിച്ചാൽ, കാലിച്ചാപൊതി, കാരക്കോട്ട് കുന്ന്, എരിക്കുളം, കാഞ്ഞിരപ്പൊയിൽ, ചാളക്കടവ്, അമ്പലത്തുകര പ്രദേശങ്ങളിൽ മാർച്ച് മാസം മുതൽ മൺസൂൺ വരെ കുടിവെള്ളക്ഷാമമുണ്ട്.

2. കുഴൽ കിണറുകൾ പലതും അറ്റകുറ്റപണികൾ നടത്താതെ കേടായിരുക്കുന്നു.

3. കുഴൽ കിണറുകളിൽ ഇരുമ്പ്പൈപ്പ് ഉപയോഗപ്പെടുത്തുന്നതിനാൽ വെള്ളം കുടിക്കാനോ, വസ്ത്രം കഴുകാനോ ഉപയോഗപ്പെടുന്നില്ല.

4. പൊതുകുണറുകളും കുളങ്ങളും മണ്ണിടിഞ്ഞും മറ്റും ഉപയോഗശൂന്യമായിരിക്കുന്നു.

5. സ്വന്തമായി കിണറില്ലാത്ത കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്.

6. ഭൂരിഭാഗം കിണറുകൾക്കും ആൾമറ യില്ലാത്തതിനാൽ ആരോഗ്യപരമായി സുരക്ഷിതമല്ല.

7. ശുദ്ധജലവിതരണ പദ്ധതികൾ വേണ്ടത്ര പ്രയോജനപ്പെടുന്നില്ല.

പൊതുജനാരോഗ്യം

1957ൽ ഒന്നാം വാർഡിലെ ചാളക്കടവിൽ ഒരു വാടക കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ച ആയുർവ്വേദ ഡിസ്പെൻസറിയാണ് പഞ്ചായത്തിലെ ആദ്യത്തെ സർക്കാർ ആതുരാലയം. ഏതാണ്ട് ഇതേ കാലത്ത്തന്നെ അമ്പലത്തുകര (വാർഡ് 4) യി ൽ ഒരു കുടുംബക്ഷേമകേന്ദ്രവും പ്രവർത്തിച്ചു വന്നിരുന്നു. പഞ്ചായത്തിലെ ഏക അലോപ്പതി ചികി ൽസാകേന്ദ്രം 1972 ൽ പൂത്തക്കാൽ പ്രദേശത്ത് നിലവിൽ വന്ന മടിക്കൈ റൂറൽ ഡിസ്പൻസറിയാണ്. 1994-ൽ എരിക്കുളത്ത് സ്ഥാപിതമായ ഹോമിയോ ഡിസ്പൻസറിയും ഉണ്ട്. 1970 ന് മുമ്പ് ഗ്രാമത്തിലെ കുന്നുകളിൽ സുലഭമായിരുന്ന അപൂർവ്വ പച്ചമരുന്നുകൾ ഉപയോഗപ്പെടുത്തി നാട്ടു വൈദ്യൻമാരുടെ ചികിൽസ വ്യാപകമായിരുന്നു. വിഷചികിൽസാ രംഗത്ത് പ്രശസ്തി നേടിയ വൈദ്യൻമാർ ഉണ്ടായിരുന്നു. ചരട് ജപിച്ച് കൊടുക്കുക, മന്ത്രിച്ച് ഊതുക, ഉറുക്ക് എഴുതി കെട്ടുക, ക്ഷേത്രങ്ങളിലേക്ക് വഴിപാടുകൾ നേരുക തുടങ്ങിയ അന്ധവിശ്വാസ ജടിലമായ ചികി ൽസാരിതികൾ 1970 വരെ വ്യാപകമായിരിന്നു. പഴയതലമുറയിൽപെട്ട ചുരുക്കം ചിലർ ഇന്നും ഇത്തരം ചികി ൽസാരിതികളിൽ വിശ്വസിക്കുന്നുണ്ടെന്നത് ശ്രദ്ധേയമാണ്.

കിടത്തി ചികി ൽസിക്കാനാവശ്യമായ സംവിധാനമുള്ള ഒരു ആധുനുക ചികി ൽസാ കേന്ദ്രത്തിന്റെ അഭാവം ഈ പഞ്ചായത്തിന്റെ പൊതുജനാരോഗ്യരംഗത്തുള്ള ന്യൂനതയാണ്. ഇന്ന് ഗ്രാമത്തിലെ മിക്കവാറും എല്ലാ കുട്ടികളും പിറക്കുന്നത് ഗ്രാമത്തിൽ നിന്നും 10 മുതൽ 15 കിലോ മീറ്റർവരെ അകലെയുള്ള കാഞ്ഞങ്ങാട് നഗരത്തിലെ ആശുപത്രികളിലാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. വിദഗ്ധ ചികി ൽസക്കായി ഗ്രാമീണർ ആശ്രയിക്കുന്നതും കാഞ്ഞങ്ങാട്ടും മംഗലാപുരത്തും ഉള്ള സ്വകാര്യ ആശുപത്രികളെയാണ്.

റൂറൽ ഡിസ്പൻസറിയായി തുടങ്ങി ഇന്ന് പ്രൈമറി ഹെൽത്ത് സെന്ററായി പ്രവർത്തിച്ചുവരുന്ന ഏക ആതുര ചികി ൽസാ കേന്ദ്രം നാട്ടുകാർ നിർമ്മിച്ചു നൽകിയ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ ആതുരലായത്തിൽ കിടത്തി ചികിൽസിക്കാൻ സൗകര്യപ്പെടുംവിധം വികസിപ്പിക്കണമെന്നത് ഗ്രാമസഭകളിലെ പൊതു ആവശ്യമാണ്.

1957ൽ സ്ഥാപിതമായ മടിക്കൈ ആയുർവ്വേദ ഡിസ്പെൻസറി ഇന്ന് 10 കിടക്കകളുള്ള ഒരു ആശുപത്രിയായി പ്രവർത്തിച്ചുവരുന്നു. നമ്മുടെ ഗ്രാമത്തിന് പുറത്ത് നിന്ന്പോലും ധാരാളം രോഗികൾ ചികി ൽസയ്ക്കെത്തുന്ന ഈ ആശുപത്രിയിൽ 10 കിടക്കകൾ കൂടി പുതുതായി ഏർപ്പെടുത്തണമെന്നത് എല്ലാ ഗ്രാമസഭകളിൽ നിന്നും ഉയർന്ന്വന്ന പൊതു ആവശ്യമായിരുന്നു. ഈ ആതുരലായത്തിന് സർക്കാർ സഹായത്തോടെ നാട്ടുകാർ നിർമ്മിച്ചു നൽകിയ കെട്ടിടം കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ പര്യാപ്തമാണ്. എരിക്കുളത്ത് പ്രവർത്തിച്ചുവരുന്ന ഹോമിയോ ഡിസ്പൻസറിക്ക് സ്വന്തമായി കെട്ടിടം പണിയാനുള്ള പ്രവർത്തങ്ങൾ

തുടങ്ങിയിട്ടുണ്ട്. ഈ സ്ഥാപനവും അപ്ഗ്രേഡ് ചെയ്ത് ഉപയോഗപ്രദമാക്കണമെന്നതും പൊതുവായ ആവശ്യങ്ങളിലൊന്നാണ്.

മടിക്കൈ പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് കിഴിൽ 6 ഐ.പി.പി. സബ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. പൊതുജനാരോഗ്യരംഗത്ത് ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം പൊതുവെ തൃപ്തികരമാണ്. എന്നിരുന്നാലും ആരോഗ്യ പ്രവർത്തകരെ ബോധവൽക്കരണത്തിനായി ഫലപ്രദമായ രീതിയി ൽ ഉപയോഗപ്പെടുത്തുന്നതിൽ സന്നദ്ധ സംഘടനകളുടെ പങ്കിനെപ്പറ്റി ചുണ്ടിക്കാണിച്ചത് പരിഗണിക്കപ്പെടേണ്ടതാണ്.

പഞ്ചായത്തിലെ ജനന നിരക്ക് 9 ഉം മരണ നിരക്ക് 3 ഉം ആണ്. സംസ്ഥാന ശരാശരി യഥാക്രമം 17 ഉം 5.9 ഉം ആണ്. (അവലംബം P.H.C. അങ്കൺവാടി റജിസ്റ്ററുകൾ) 1995 - 96 ൽ ചാപിള്ള ജനനം ഇല്ല. ആകെ 174 വികലാംഗർ ഉണ്ട്. (അന്ധർ 17, ബധിരർ 40, മൂകർ 10, ബധിരമൂകർ 22, ചലനവൈകല്യമുള്ളവർ 85) 51 പേർ മന്ദബുദ്ധികളാണ്. 1995-96 വർഷത്തിൽ P.H.C.യിൽ ചികിൽസിച്ച പകർച്ചവ്യാധികളുടെ കണക്ക് -- ജലജന്യ രോഗങ്ങൾ 323, വായു ജന്യ രോഗങ്ങൾ 782, പ്രാണി ജന്യ രോഗങ്ങൾ 47 മറ്റുള്ളവ 81. (പഞ്ചായത്തിലെ 4, 5, 6 വാർഡ്കളിലെ ജനങ്ങൾക്ക് മാത്രമാണ് കൂടുതലായും ഈ സ്ഥാപനത്തെ ഉപയോഗപ്പെടുത്താൻ സൗകര്യമുള്ളത്. ഇതരപ്രദേശങ്ങളിലെ ജനങ്ങൾ ചികിൽസക്ക് ഗ്രാമത്തിന് പുറത്തുള്ള സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കുന്നു.) പകർച്ച വ്യാധികളിൽ പെടാത്ത മറ്റ് രോഗങ്ങൾ 7315. ഇതിന് പുറമെ ആയുർവ്വേദ ആശുപത്രികയിൽ 38190 ഉം, ഹോമിയോ ഡിസ്പെൻസറിയിൽ 15104 ഉം, രോഗികൾ ചികിൽസ തേടുകയുണ്ടായി. 1995-96 ൽ ആയുർവ്വേദ ആശുപത്രികയിൽ 152 രോഗികളെ കിടത്തി ചികിൽസിച്ചിട്ടുണ്ട്. കുഷ്ഠരോഗം ബാധിച്ച് ചികിൽസയിൽ കഴിയുന്നവർ 2 ഉം, മന്ത് രോഗം ബാധിച്ചവർ 4 ഉം ആണ്. പഞ്ചായത്തിൽ സ്ഥായിയായ സന്താനനിയന്ത്രണം സ്വീകരിച്ച അമ്മമാർ ആകെയുള്ളതിന്റെ 89 ശതമാനം ആണ്. പഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങളെകുറിച്ചുള്ള ലഘുവിവരങ്ങൾ പട്ടിക 2ൽ കൊടുത്തിരിക്കുന്നു.

പട്ടിക 2

നമ്പർ	സ്ഥാപനങ്ങൾ	വാർഡ്	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ എണ്ണം
1	പ്രൈമറി ഹെൽത്ത് സെന്റർ മടിക്കൈ	5	1972	16 (ഒഴിവുള്ള ഒരു HI പോസ്റ്റടക്കം)
2	ആയുർവേദ ആശുപത്രി മടിക്കൈ	1	1957	8
3.	ഹോമിയോ ഡിസ്പെൻസറി മടിക്കൈ	8	1994	4 (ഒഴിവുള്ള ഒരു P.T. സ്വീപ്പറടക്കം)
4.	ഐ.പി.പി. സബ് സെന്റർ ബങ്കളം	2	1987	1
5.	ഐ.പി.പി. സബ് സെന്റർ കാലിച്ചാംപൊതി	3	1987	1
6	ഐ.പി.പി. സബ് സെന്റർ മടിക്കൈ	5	1960	1
7.	ഐ.പി.പി. സബ് സെന്റർ മുണ്ടോട്ട്	5	1987	1
8.	ഐ.പി.പി. സബ് സെന്റർ കാഞ്ഞിരപ്പൊയിൽ	7	1987	1
9.	ഐ.പി.പി. സബ് സെന്റർ എരിക്കുളം	8	1987	1

കക്കൂസ്

പൊതുജനാരോഗ്യം ഫലപ്രദമാകണമെങ്കിൽ പകർച്ചവ്യാധികൾ നിയന്ത്രിക്കപ്പെടേണ്ടത് അത്യാവശ്യമാണ്. ഇതിൽ പരിസര ശുചിത്വം പാലിക്കാൻ ഓരോ വീടിനും കക്കൂസ് സൗകര്യം ഉണ്ടാവേണ്ടത് അത്യവവശ്യമാണ്. പഞ്ചായത്തിലെ 4651 വീടുകളിൽ 970 വീടുകൾക്ക് മാത്രമേ കക്കൂസ് ഉള്ളൂ (20%). ഇത് പൊതുവെ വയറിളക്കം, വിരശല്യം, തുടങ്ങിയ സാംക്രമിക രോഗങ്ങൾക്ക് കാരണമാകുന്നുണ്ട്. വിശാലമായ വെളിമ്പ്രദേശങ്ങളും കുന്നുകളും തുറസായ മലവിസർജനത്തിന് സൗകര്യമാണെന്നത് കക്കൂസിന്റെ അടിയന്തിരാവശ്യത്തെ ക്കുറിച്ച് ചിന്തിക്കുന്നതിൽ തടസം നിൽക്കുന്നു. ആകെയുള്ള കിണറുകളിൽ ഭൂരിപക്ഷവും ആൾമറ കെട്ടാത്തതാണെന്നതും കൂട്ടി വായിച്ചാൽ ജലജന്യ രോഗങ്ങളുടെ ഉറവിടത്തിന്റെ വ്യാപ്തി മനസിലാകും. പഞ്ചായത്തിൽ ബ്രഹത്തായ ഒരു സമ്പൂർണ്ണ ശുചിത്വ പദ്ധതി അടിയന്തിര പ്രാധാന്യം നൽകി നടപ്പിലാക്കേണ്ടതുണ്ട്. ഈ പ്രശ്നത്തിൽ ജനങ്ങൾ നേരിടുന്ന രണ്ട് പ്രധാന പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

1. സാമ്പത്തിക പരാധീനത
2. ആവശ്യകതയെ കുറിച്ച് ബോധ്യമില്ലായ്മ എന്നിവയാണ്.

സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സഹകരണ ബേങ്കുകൾ, സന്നദ്ധ സംഘടനകൾ, എന്നിവയുടെ സഹകരണവും സഹായവും ആദ്യത്തെ പ്രശ്നത്തിന് പരിഹാരമാവും. പൊതുജനാരോഗ്യ ബോധവൽക്കരണം കൂടുതൽ ഫലപ്രദമായാൽ രണ്ടാമത്തെ പ്രശ് നവും പരിഹരിക്കാവുന്നതാണ്.

പരിസരശുചിത്വം

അടുത്തകാലത്തായി മലമ്പനി, മന്ത്, കുഷ്ടം, എന്നീ പകർച്ച വ്യാധികൾ നാമമാത്രമായിട്ടാണെങ്കിലും ഈ പഞ്ചായത്തിലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കാര്യമായ വ്യവസായങ്ങൾ ഗ്രാമത്തിലില്ലാത്തതിനാൽ വ്യവസായ മലിനീകരണത്തിന്റെ പ്രശ്നമില്ലെങ്കിലും നാലാം വാർഡിലുള്ള ബെസ്കോട്ട് ഫാർമസിക്യൂട്ടിക്കൽസ് & കെമിക്കൽസ് എന്ന ചെറുകിട വ്യവസായ സ്ഥാപനത്തിൽ നിന്നും ഒഴുക്കിവിടുന്ന രാസപദാർത്ഥം കലർന്ന ജലം പരിസരത്തുള്ള ചില കിണറുകളിൽ കലരുന്നതായി ഗ്രാമസഭയിൽ ചർച്ച ചെയ്യപ്പെടുകയുണ്ടായി. അടുത്ത കാലത്ത് കരിങ്കൽ വ്യവസായമേഖലയിൽ സ്ഥാപിച്ചുകൊണ്ടിരിക്കുന്ന സ്റ്റോൺ ക്രഷറുകൾ വായു മലിനീഒരണമുണ്ടാക്കുന്നു എന്ന പരാതി ഉണ്ട്. ഇത് ബന്ധപ്പെട്ട വ്യവസായികളുമായി ചർച്ചചെയ്ത് പരിഹരിക്കപ്പെടേണ്ടതാണ്. ഗ്രാമത്തിൽ ഗൃഹ പരിസര ശുചിത്വത്തിനാണ് കൂടുതൽ പ്രാധാന്യം കൊടുക്കേണ്ടത്. വീടുകളിൽ നിന്നും അലക്ഷ്യമായി വലിചെറിയുന്ന പ്ലാസ്റ്റിക്ക് ചവറുകളും, അടുക്കള മാലിന്യങ്ങളും പരിസരമലീകരണമുണ്ടാക്കുന്നതിന് കാരണമാണ്. വീട്ടമ്മമാരെ ബോധവൽക്കരിക്കുന്നതിലുടെ ഈ മാലിന്യങ്ങളെ കമ്പോസ്റ്റ് വളമാക്കി മാറ്റുന്നതിനും അടുക്കളതോട്ടങ്ങളിൽ ഉപയോഗപ്പെടുത്തുന്നതിനും സാധിക്കും. ജലജന്യ രോഗങ്ങൾ കൂടുതലായി കണ്ടുവരുന്ന വർഷകാലത്തും വേനലിന്റെ അന്ത്യത്തിലും, കിണറുകൾ ക്ലോറിനേറ്റ് ചെയ്യുന്നതും, പ്രാണികൾക്കെതിരെ മരുന്ന് തളിക്കുന്നതും ഒരു പരിധി വരെ പ്രയോജനപ്പെടും.

പൊതുശ്മശാനം.

എരിക്കുളത്താണ് ഒരു പൊതുശ്മശാനം ഉള്ളത്. 1980 മുതൽ നിലവിലുള്ള ഈ ശ്മശാനത്തിൽ ഇന്നുവരെ ഒരു ശവമടക്ക് പോലും നടന്നിട്ടില്ല. വീട്ടുവളപ്പിൽ ശവം സംസ്ക്കരിക്കുന്ന സമ്പ്രദായം ഇന്നും മാറ്റമില്ലാതെ തുടരുന്നു. മുഴുവൻ ഗ്രാമസഭകളിലും പൊതുശ്മശാനങ്ങൾ വേണമെന്ന ആവശ്യമുയർന്നതും ശ്രദ്ധേയമാണ്. പൊതുശ്മശാനത്തിന്റെ ആവശ്യകതയെക്കുറിച്ചും നിലവിലുള്ള സമ്പ്രദായത്തിന്റെ ദോഷവശങ്ങളെക്കുറിച്ചും വിവിധ സമുദായ പ്രതിനിധികളുമായി

ച്ചർച്ച നടത്തിയും ബോധവൽ ക്കരണത്തിലൂടെയും പൊതുധാരണ ഉണ്ടാക്കേണ്ടത് ആവശ്യമാണ്.

പ്രശ്നങ്ങളുടെ സംഗ്രഹം

1. പ്രൈമറി ഹെൽത്ത് സെന്ററിൽ എല്ലാസമയത്തും ഡോക്ടറുടെ സേവനം ലഭ്യമല്ല.

2. പ്രൈമറി ഹെൽത്ത് സെന്റർ പഞ്ചായത്തിലെ എല്ലാ വാർഡുകളിലുമുള്ള ജനങ്ങൾക്ക് ഉപയോഗപ്പെടുന്നില്ല.

3. പ്രസവത്തിനും വിദഗ്ദ്ധ ചികിൽസക്കും 10 മുതൽ 20 കി.മി. ദൂരെ യാത്ര ചെയ്യേണ്ടിവരുന്നു.

4. കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ പ്രവർത്തന സാധ്യത പരമാവധി ഉപയോഗപ്പെടുത്തുന്നില്ല.

5. ആയുർവ്വേദ ആശുപത്രിയിൽ ആവശ്യത്തിന് കടക്കളില്ല.

6. 4ാം വാർഡിലെ ജനങ്ങളെ ഉദ്ദേശിച്ചുള്ള കുടുംബക്ഷേമ ഉപകേന്ദ്രം 2 കി.മി. ദൂരെ 5ാം വാർഡിലാണ് സ്ഥിതി ചെയ്യുന്നത്.

7. P.H.C. യിൽ രോഗനിർണ്ണയത്തിനുള്ള ലാബറട്ടറി സൗകര്യമില്ല.

8. 80% വീടുകൾക്കും കക്കൂസില്ല.

9. ഭൂരിഭാഗം കിണറുകൾക്കും ആൾമറയില്ല.

10. പരിസര ശുചിത്വത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങൾ ബോധവാൻമാര ല്ല.

11. ചികിൽസാ രംഗത്ത് അന്ധവിശ്വാസം ചെറിയ തോതിൽ നില നിൽക്കുന്നു.

12. പൊതു ശ്മശാനത്തിന്റെ ആവശ്യകതയെക്കുറിച്ച് ജനങ്ങൾ ബോധവാൻമാര ല്ല.

❖ ❖ ❖



9. ഗതാഗതം,

ജനജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത സ്ഥാനമാണ് റോഡിനുള്ളത്. യാത്രാ സൗകര്യത്തോടൊപ്പം വാണിജ്യമേഖലകളുടെ നിലനില്പിനും റോഡ് ആവശ്യമാണ്.

മടിക്കൈ പഞ്ചായത്ത് നിലവിൽ വന്നിട്ട് ദശകങ്ങൾ ഏറെ ആയെങ്കിലും ആദ്യമായി പഞ്ചായത്തിലേക്ക് ബസ് സർവീസ് നടത്തുന്നത് 1960കളിലാണ്. അതിനു കാരണം പഞ്ചായത്തിലെ റോഡുകളുടെ ശോച്യാവസ്ഥയാണ്.

ആദ്യകാലഘട്ടത്തിൽതന്നെ റോഡുകൾ ഉണ്ടായിരുന്നെങ്കിലും 1980ന് ശേഷമാണ് ഗുണപരമായ മാറ്റത്തിന് തുടക്കം കുറിച്ചത്. ഇപ്പോൾ 135.26 കി. മി. റോഡാണ് പഞ്ചായത്തിലുള്ളത്. ഇതിൽ 31 കി. മി. പി. ഡബ്ല്യു. ഡിയുടേതും ബാക്കി വരുന്നത് പഞ്ചായത്തു വകയുമാണ്. പഞ്ചായത്തുവക 16.91 കി. മി. കച്ചു റോഡും, 81. 52 കി. മി. പക്ക റോഡും 6.3 കി. മി. ടാർചെയ്ത റോഡുമാകുന്നു. ടാർ റോഡുകളുടെ വിശദവിവരങ്ങൾ പട്ടികയിൽ കൊടുത്തിരിക്കുന്നു.

കർഷക ഗ്രാമമായ മടിക്കൈയിൽ ഗതാഗത സൗകര്യത്തിന്റെ അപര്യാപ്തത ഉൽപ്പന്നങ്ങൾ കൃത്യമായി വിപണിയിലെത്തിക്കുന്നതിനു തടസമാകുന്നു. കൾവർട്ടുകളുടെയും കലുങ്കുകളുടെയും അഭാവം മഴക്കാലമായാൽ റോഡുകൾ കുത്തിയൊലിച്ചു പോകാൻ കാരണമാകുന്നു. അതോടൊപ്പം നിലവിലുള്ള റോഡുകളിൽ അസഹ്യമായ കയറ്റിറക്കവും വളവ് തിരിവും സുഗമമായ ഗതാഗതത്തിന് തടസം നിൽക്കുന്നു.

റോഡ് സംബന്ധിച്ച വിവരങ്ങൾ പട്ടിക 1

കച്ച കി. മി	പക്ക കി. മി	മെറ്റൽ	ടാർ പഞ്ചായത്ത്	ടാർ പി. ഡബ്ല്യു ഡി	ടാർ എൽ. എച്ച്	ടാർ മറ്റുള്ളവ	ആകെ കി. മി
16.907	81.52	ഇല്ല	6.3	31	ഇല്ല	-	137.259

പട്ടിക 2 ടാർ റോഡിന്റെ വിശദ വിവരം

നമ്പർ	റോഡ്	ഉടമസ്ഥത	ദൂരം	വീതി	യാത്രാ സൗകര്യം
1.	മുണ്ടോട്ട് - കാഞ്ഞിരപ്പൊയിൽ	P W D	1.5 കിമി	8 മി.	ഇല്ല
2.	കാഞ്ഞിരപ്പൊയിൽ-ചായ്യോത്ത്	P W D	6.3	8 മീ	ഉണ്ട്
3.	തീയ്യർപാലം-എണ്ണപ്പാറ	P W D	4.8	8 മീ.	ഇല്ല
4.	ചെമ്മട്ടം വയൽ-തീയർപാലം	P W D	2	8 മീ.	ഉണ്ട്
5.	അടുക്കത്ത്പറമ്പ്-ഗുരുവനം	P W D	1.5	8 മീ.	ഇല്ല
6.	നീലേശ്വരം-മടിക്കൈ-കാഞ്ഞങ്ങാട്	P W D	5.15	8 മീ.	ഉണ്ട്
7.	കാഞ്ഞിരപ്പൊയിൽ-തണ്ണീർപന്തൽ	P W D	1	8 മീ.	ഇല്ല
8.	അടുക്കത്ത്പറമ്പ്-പുളിക്കാൽ	പഞ്ചായത്ത്	2	8 മീ.	ഉണ്ട്
9.	ആലമ്പാടി-കാരാക്കോട്	പഞ്ചായത്ത്	2	8 മീ.	ഉണ്ട്
10	കണ്ണിപ്പാറ-പാലാക്കാൽ	പഞ്ചായത്ത്	1.5	8 മീ.	ഇല്ല
12.	കുരങ്ങനാടി-എരിപ്പിൽ	പഞ്ചായത്ത്	2	8 മീ.	ഉണ്ട്
13.	എരിക്കുളം-പൂത്തക്കാൽ	പഞ്ചായത്ത്	.75	8 മീ.	ഇല്ല
14.	മേക്കാട്ട്-ചാളക്കടവ്	പഞ്ചായത്ത്	1.25	8 മീ.	ഇല്ല

80 ഷെഡ്യൂളിൽ പഞ്ചായത്തിൽ ബസ് സർവ്വീസ് നടത്തുന്നുണ്ട്. ഇത് മുഴുവനും സ്വകാര്യ ബസുകളാണ്. അതുകൊണ്ടു തന്നെ സ്വകാര്യ വാഹന പണിമുടക്കുകൾ പഞ്ചായത്തിനെ പൂർണ്ണമായും നിശ്ചലമാക്കാറുണ്ട്. മറ്റു വാഹന സൗകര്യം പഞ്ചായത്തിൽ ഇല്ല. നീലേശ്വരത്ത് നിന്നോ കാഞ്ഞങ്ങാടു നിന്നോ വരുന്ന വാഹനങ്ങളാണ് പഞ്ചായത്തിന് ആശ്വാസമേകുന്നത്. റവന്യൂ വരുമാനത്തിന്റെ നല്ലൊരു ശതമാനം റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് ചെലവഴിച്ചതായി കണക്കുകൾ സൂചിപ്പിക്കുന്നു. കഴിഞ്ഞ വർഷത്തെ കണക്കുകൾ പട്ടിക 2ൽ കൊടുത്തിരിക്കുന്നു.

വർഷം	റോഡ്	ചെലവഴിച്ച തുക
93 - 94	ചാളക്കടവ്-മണക്കടവ്	211000
94 - 95	കൊരങ്ങനാടി -	132100
	ചാളക്കടവ്-മണക്കടവ്	356000
	ചാളക്കടവ്-മേക്കാട്ട്	47000
95 - 96	ചാളക്കടവ്-മേക്കാട്ട്	247000
	കാനായി കൾവർട്ട്	130000

നിലവിവുള്ള റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതോടൊപ്പം തന്നെ, ഇനിയും റോഡ് സൗകര്യമില്ലാതെ വിഷമിക്കുന്ന പ്രദേശങ്ങളിൽ റോഡുകൾ നിർമ്മിക്കേണ്ടതും അത്യാവശ്യമാണ്. കൂടാതെ മുണ്ടോട്ട്, മുണ്ടലായി, പള്ളത്തുവയൽ, കാരാക്കോട് റോഡ് പാലങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ പണിയുകയാണെങ്കിൽ മടിക്കൈയുടെ ഗതാഗത രംഗത്ത് വൻ മാറ്റത്തിന് വഴിതെളിക്കും.

നടപ്പാതകൾ - പഴയകാലങ്ങളിൽ പഞ്ചായത്തിൽ ഏറെ ഉപയോഗിച്ചിരുന്നത് നാട്ടുവഴികളായിരുന്നു. എന്നാൽ ഇന്ന് അവ കാട് പിടിച്ചും, സ്വകാര്യ വ്യക്തികൾ കൈയേറിയും ഉപയോഗശൂന്യമായി കിടക്കുന്നു. അല്പ ബാക്കിയുള്ളവ വർഷകാലങ്ങളിൽ വെള്ളം കയറിയും നശിക്കുന്നു. കൂടാതെ നടപ്പാലങ്ങൾ ഇനിയും ഒട്ടേറെ സ്ഥലങ്ങളിൽ ആവശ്യമാണെന്നത് ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന പ്രശ്നങ്ങൾ സൂചിപ്പിക്കുന്നു. ജനകീയ സഹകരണത്തോടെ പഞ്ചായത്തിന്റെ ഗതാഗത പ്രശ്നങ്ങൾ പരിഹരിക്കേണ്ടിയിരുക്കുന്നു.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ മിക്കറോഡുകളും ഗതാഗത യോഗ്യമല്ല.
2. റോഡിൽ അപകടകരമായ വളവുകൾ ഗതാഗത തടസ്സം സൃഷ്ടിക്കുന്നു.
3. മഴക്കാലത്ത് വെള്ളം കെട്ടിനിന്ന് ഗതാഗത സ്തംഭനമുണ്ടാകുന്നു.
4. ചില സ്ഥലങ്ങളിൽ റോഡില്ലാതെ വിഷമിക്കുന്ന അവസ്ഥയുണ്ട്.
5. പഞ്ചായത്തിൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ഇല്ല.

നിർദ്ദേശങ്ങൾ

1. റോഡുകൾ ഗതാഗത യോഗ്യമാക്കണം.
2. ഉണ്യം വെളിച്ചം-പുളിക്കാൽ, മുണ്ടോട്ട്-കയ്യുള്ളക്കൊച്ചി, കാര്യളം-എരിപ്പ്, പേരൂർ-അഞ്ചാംവയൽ-കോളിക്കാൽ, കാഞ്ഞിരപ്പൊയിൽ-പ്രാക്കൊടൽ-കറുവളപ്പ് തുടങ്ങിയ പ്രദേശങ്ങളിൽ റോഡ് നിർമ്മിക്കണം.
3. കൂട്ടപ്പുന്ന-ചെരണത്തല റോഡ് എരിക്കുളം വരെ വ്യാപിപ്പിക്കണം.
4. പുതുതായി നിർമ്മിക്കേണ്ട നടപ്പാതകൾ.
    1. കോങ്കോട്ടിനടുത്ത് ശാസ്താംകാവിൽ.
    2. വെണ്ണനൂർ മുതൽ-പെരളംവരെ.
    3. വാഴക്കോട്-നർക്കല-പാലത്തുങ്കാൽ.
    4. കൊക്കോട്ട്-പുളിക്കാൽ.
    5. ചാളക്കടവ്-പോത്തംകൈ.
5. നിർമ്മിക്കേണ്ട കൾവർട്ടുകൾ
    1. അടുക്കത്ത് പറമ്പ്.
    2. മേക്കാട്ട് സ്കൂളിന് സമീപം.
    3. പറക്കട.
6. പഞ്ചായത്തിൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നടത്തണം.

നിലവിലുള്ള റോഡുകൾ

	റോഡ്	ഉടമസ്ഥത	ഇനം	നീളം കി. മി.
1.	കോട്ടപ്പാറ - വാഴക്കോട്	പഞ്ചായത്ത്	ചരൽ റോഡ്	1
2.	കണ്ണിപ്പാറ - പാലക്കാൽ	"	"	1
3.	കക്കാട്ടമ്പലം - അടുക്കത്ത്പറമ്പ്	"	"	1.5
4.	എരിക്കുളം - കോളിക്കുന്ന്	"	"	1.2
5.	ബങ്കളം - പള്ളത്തുവയൽ	"	"	1
6.	എടുക്കത്ത് പറമ്പ് - കക്കാട്ട്	"	"	1
7.	മടിക്കൈ മാടം - പെരിയാന്തോട്	"	"	2
8.	നൂഞ്ഞി വയൽ - നൂഞ്ഞി	"	"	.7
9.	ആലമ്പാടി - കാരാക്കോട്	"	"	2.5
10.	പള്ളത്തുവയൽ - കൊടുങ്കാൽ			1
11.	എരിക്കുളം - കൊടുങ്കാൽ			.3
12.	ബങ്കളം - മുങ്ങം			1
13.	ചാമക്കുഴി - കണിച്ചിറ			1.500
14.	കാരാക്കോട് - ചുണ്ടയിൽ			1
15.	കൊളങ്ങാട്ട് വയൽ - വെണ്ണൂർ			1.200
16.	കണ്ണിപ്പൊറ - അയോളം			1.300
17.	അലയികുന്ന് - കല്ലിങ്കൽ			2
18.	കൂട്ടപ്പുന്നകാൽ അപ്രോച്ച് റോഡ്			.5
19.	കാരാക്കോട് - തുണുപ്പ്			1.500
20.	മലപ്പച്ചേരി - കാടങ്കോട			1
21.	ചൂട്ടക്കാട് - മുക്കുണ്ട്			.780
22.	കൂട്ടപ്പുന - ചെരണത്തല			1
23.	മലപ്പച്ചേരി - കടുക്കാത്തൊണ്ടി			1.500
24.	കണ്ണിപ്പാറ - അരയി - അരയാലുങ്കാൽ			.800
25.	ബങ്കളം - കുവളപ്പ്			.900
26.	കാനിക്കീൽ - ചരലടുക്കം			.500
27.	മലപ്പച്ചേരി - മാനക്കോട്ടടുക്കം			1
28.	തോട്ടിനാട് - മുണ്ടോട്ട്പാറ			1
29.	നന്ദപുരം - മുണ്ടോട്ട്വയൽ			1
30.	കോതോട്ട്പാറ - കോതോട്ട്ചാൽ			1
31.	ബങ്കളം - തെക്കൻബങ്കളം			1

32.	കൂട്ടപ്പുന്നക്കാൽ - ചെരണത്തല വിഷ്ണുക്ഷേത്രം	.500
33.	ചാളക്കടവ് - മണക്കടവ്	.600
34.	പുത്തക്കാൽ - മണക്കടവ്	1
35.	പെരൂർ - കോളിക്കാൽ	2
36.	കാലിച്ചാമരം - വെള്ളമേനി	1.500
37.	മൈത്തടം - മോലോത്തുങ്കാൽ	.300
38.	വെള്ളച്ചേരി - കാര്യത്തോട്	1.200
39.	പഴയ പഞ്ചായത്താഫീസ് - കരുവക്കൈ	1
40.	കാഞ്ഞിരപ്പോയിൽ - തോട്ടിനാട്	.800
41.	ആയുർവ്വേദ ഡിസ്പെൻസറി - ചാളക്കടവ്	50
42.	നീലേശ്വരം - ആലയി " "	1.500
43.	നുഞ്ഞിവയൽ - ചൂതുകുണ്ട് " "	600
44.	പഴയ പഞ്ചായത്താഫീസ് - പോസ്റ്റാഫീസ്	1
45.	പോസ്റ്റാഫീസ് - കീക്കാംകോട്ട്	1
46.	ബങ്കളം - ഉദയമ്മാടം	1
47.	എരിക്കുളം - പൂജാകുതിര്	1
48.	കണിക്കൂലോം മുക്കുണ്ട്	.500
49.	കണിക്കൂലോം - നാദക്കോട്ട്	.500
50.	പുത്തക്കാൽ - മണക്കടവ്	.700
51.	ചാർത്താംകാൽ - കോളിക്കുന്ന്	.600
52.	ചാളക്കടവ് - എരിക്കുളം	.500
53.	എരിക്കുളം - കാടക്കോട് - ചരലുക്കം	1.500
54.	കല്യാണം - കല്യാണംവയൽ	1
55.	മാടം - കാര്യതോട്	1.500
56.	കാര്യത്തോട് - അരീക്കര	1.500
57.	അയോളം - കണിച്ചിറ	1



ഊർജം

ഒരു ഗ്രാമത്തിന്റെ നാനാമേഖലയിലെ വികസനത്തിന് ഊർജം അനിവാര്യമാണ്. ഊർജം വികസനത്തിന്റെ ചാലകശക്തിയാണ്. കാർഷിക മേഖലയിൽ അധിഷ്ഠിതമായ ഈ പഞ്ചായത്തിൽ ഊർജോല്പാദനം തീരെ ഇല്ലെങ്കിലും ഊർജ ഉപയോഗം കുറവല്ല. വെളിച്ചം പകരാൻ എണ്ണവിളക്കുകളും, പാചക ആവശ്യത്തിനായി വിറകുകളും ചാണക വരടികളും, ജലസേചനത്തിന് ഏത്താംകൊട്ട ഊവേണികളും ഉപയോഗിച്ച മടിക്കൈയുടെ മണ്ണിലേക്ക് ആധുനിക യുഗത്തിന്റെ മികച്ച സംഭാവനകളിലൊന്നായ വൈദ്യുതി വിരുന്നുവന്നത് ഏതാണ്ട് എഴുപതുകളുടെ ആദ്യകാലങ്ങളിലാണ്.

കാർഷികമേഖലയിൽനിന്നും ആധുനികലോകം വ്യാവസായിക മേഖലകളിലേക്ക് ചേക്കേറിയപ്പോൾ ഈ പഞ്ചായത്തിൽ ഇത് കാര്യമായ മാറ്റമൊന്നും വരുത്തിയില്ല. രണ്ട് കരിങ്കൽ ക്രഷറുകളും - എരിക്കുളം, കാഞ്ഞിരപ്പൊയിൽ - ഒരു പൈനാ ക്ലേ സംസ്കരണ കേന്ദ്രവുമാണ് - ബെസ്കോട്ട്, അമ്പലത്തുകര - നിലവിലുള്ള വ്യവസായങ്ങൾ വൈദ്യുതിയുടെ ലഭ്യതക്കുറവും വോൾട്ടേജ് കമ്മിയും വ്യാവസായിക രംഗത്ത് പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ തൽപരകക്ഷികൾക്ക് താൽപര്യക്കുറവുണ്ടാക്കുന്നു. കാർഷികാവശ്യത്തിനും ജലസേചനത്തിന് വേണ്ടി പഞ്ചായത്തിന്റെവിവിധ പ്രദേശങ്ങളിൽ മണ്ണെണ്ണ, ഡീസൽ, ഇലക്ട്രിക് പമ്പുസെറ്റുകൾ എന്നിവ ഉപയോഗിച്ചു വരുന്നുണ്ട്. റേഷൻ കടകൾ മുഖേന മണ്ണെണ്ണപർമിറ്റ് ലഭ്യമായതോടെ കൂടുതൽ മണ്ണെണ്ണ പമ്പുസെറ്റുകൾ ഉപയോഗിക്കുന്നതായി കാണപ്പെടുന്നു.

കർഷക തൊഴിലാളികളും കർഷകരും അധിവസിക്കുന്ന അവികസിതമായ നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ പാചകാവശ്യത്തിന് വിറകടുപ്പുകളാണ് അധികവും ഉപയോഗിക്കുന്നത്. മണ്ണെണ്ണ സ്റ്റൗ ഉപയോഗിക്കുന്നവർ വളരെ ചുരുക്കമാണ്. ഗ്യാസ് അടുപ്പുകൾ ഉപയോഗിക്കുന്ന ചിലരും ഇവിടെയുണ്ട്. ഗ്യാസ് അടുപ്പുകളും, മണ്ണെണ്ണ അടുപ്പുകളും, ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ സംഭാവനയായ പുകയില്ലാത്ത ദക്ഷത കൂടിയ അടുപ്പുകളും ഉപയോഗിക്കുന്ന കുടുംബങ്ങളിൽ മിക്കവയിലും അംഗസംഖ്യ കുറവാണ്. കൂടാതെ ഉദ്യോഗസ്ഥ കുടുംബങ്ങളാണ് കൂടുതലും മണ്ണെണ്ണ സ്റ്റൗ, ഇലക്ട്രിക് സ്റ്റൗ, ഗ്യാസടുപ്പുകൾ എന്നിവ ഉപയോഗിക്കുന്നത്. വിശാലമായ പറമ്പുകളും, കശുമാവിൻ തോപ്പുകളും മറ്റു കാടുകളും ഉള്ളതുകൊണ്ടുതന്നെ ഗ്രാമവാസികൾക്ക് വിറകുശേഖരണം എളുപ്പമാവുന്നു. പാചക വാതകങ്ങൾ ഉപയോഗിക്കുമ്പോഴുണ്ടാകുന്ന ധനനഷ്ടം ഒഴിവാക്കാൻ വിറകുകളുടെ ലഭ്യത സഹായിക്കുന്നു. കൂടാതെ പാചകവാതകങ്ങൾ ആവശ്യത്തിനനുസരിച്ച് ലഭിക്കാറില്ല. പുക കൂടുതൽ ഉണ്ടാക്കുന്ന പാചക ഇന്ധനങ്ങളെ ഒഴിവാക്കി ബയോഗ്യാസ് അടുപ്പുകളും, ഇലക്ട്രിക് സ്റ്റൗവും, മണ്ണെണ്ണസ്റ്റൗവും, പുകയില്ലാത്ത അടുപ്പുകളും ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണം നടത്തേണ്ടതാണ്. നമ്മുടെ പഞ്ചായത്തിൽ ഒരു വാർഡിൽ പൂർണമായും വൈദ്യുതി എത്തിയിട്ടില്ല. ഇതിന്റെ അഭാവത്തിൽ ആധുനികതയുടെ മുഖമുദ്രയായ ടി. വി. യും മറ്റ് സാങ്കേതിക യന്ത്രോപകരണങ്ങളുടെ ഉപയോഗവും പ്രയോഗവും ഇവർക്ക് ലഭിക്കുന്നില്ല.

1970-കളിലാണ്, മടിക്കൈ പഞ്ചായത്തിലേക്ക് വൈദ്യുതി കടന്നുവരുന്നത്. മാവുങ്കാൽ 110 കെ. വി സബ്സ്റ്റേഷന്റെ പരിധിയിലുള്ള നീലേശ്വരം, മാവുങ്കാൽ എന്നീ മേജർ സെക്ഷനുകളുടെ കീഴിലുള്ള 14 ട്രാൻസ്ഫോർമറുകളിലൂടെയാണ്. വൈദ്യുതി ലഭിക്കുന്നത്.

വൈദ്യുതി വിതരണം ചെയ്യുന്ന ട്രാൻസ്ഫോർമറുകളുടെ പേരുകൾ

നീലേശ്വരം സെക്ഷൻ	മാവുങ്കാൽ സെക്ഷൻ
1. ചാളക്കടവ്	1. ഏച്ചിക്കാനം
2. അടുക്കത്തുപറമ്പ്	2. വാഴക്കോട്
3. എരിക്കുളം	3. കണിച്ചിറ
4. നാര	4. മണക്കടവ്
5. കൊളങ്ങാട്	5. മണക്കടവ്
6. ബങ്കളം	6. മുണ്ടോട്ട്
7. മൂലായിപ്പള്ളി	
8. ബെസ്റ്റ് പാരീസ്	

പഞ്ചായത്തുമായി ബന്ധപ്പെട്ട ട്രാൻസ്ഫോർമറുകളുടെ ശേഷിയും ഉപയോക്താക്കളുടെ എണ്ണവും താരതമ്യപ്പെടുത്തുമ്പോൾ ട്രാൻസ്ഫോർമറുകളെല്ലാം അധിക ഭാരം ചുമക്കുന്നവയാണ്. നമ്മുടെ പഞ്ചായത്തിൽ മൊത്തം 4224 വീടുകളുൾപ്പെടെ 5830 കെട്ടിടങ്ങളാണുള്ളത്. അവയിൽ 918 വീടുകളും, 10 വ്യവസായ സ്ഥാപനങ്ങളും, 106 വ്യാപാര സ്ഥാപനങ്ങളും വൈദ്യുതീകരിച്ചിട്ടുണ്ട്. കൂടാതെ 218 കണക്ഷൻ കാർഷികാവശ്യത്തിനായും ഉപയോഗിക്കുന്നുണ്ട്. ഇത് മൊത്തം ആവശ്യകതയുടെ 17.4% മാത്രമാണ്.

നിലവിലുള്ള ഉപഭോക്താക്കൾ

1. ഗാർഹികം	918
2. വ്യാപാരം	106
3. വ്യാവസായികം	10
4. കാർഷികം	218

കണക്ഷൻ ലഭിക്കാൻ കാത്തിരിക്കുന്നവർ

ഓർഡിനറി	94
ഒ. ടി. പി.	5
ഒ. വൈ. ഇ. സി.	21

120 അപേക്ഷകർക്ക് ഇനിയും കണക്ഷൻ ലഭിക്കാൻ ബാക്കിയുണ്ട്. ഗ്രാമത്തിലെ പുളിയനടുക്കം, കറുവാളപ്പ്, കാരാക്കോട്ട്, പട്ടത്തും മൂല, ബങ്കളം ഹരിജൻ കോളനി, ബങ്കളം, എരിക്കുളം, എന്നീ ലക്ഷം വീട് കോളനികളും വൈദ്യുതീകരിച്ചിട്ടില്ല. പഞ്ചായത്തിൽ ഇനിയും വൈദ്യുതി എത്താത്ത പ്രദേശങ്ങൾചുവടെ പറയുന്നവയാണ്. കാഞ്ഞിരപ്പൊയിൽ, പുളിക്കാൽ, വെള്ളച്ചേരി, തലക്കാനം, മുങ്ങത്ത്, ചുള്ളിമൂല, വാഴക്കോട്, വെണ്ണന്നൂർ, മൊളീനടുക്കം, കോങ്കോട്ട്, കുണ്ടുകര, ചുണ്ട, കാരളി, കുണ്ടേൻ മൂല, നർക്കല എന്നിവയാണ്. പഞ്ചായത്തിൽ തെരുവു വിളക്കുകളൊന്നും തന്നെ സ്ഥാപിച്ചിട്ടില്ല. പഞ്ചായത്തിലെ പ്രധാനപ്പെട്ട ടൗണുകളും വാണിജ്യകേന്ദ്രങ്ങളുമായ അമ്പലത്തുകര, പുത്തക്കാൽ, മുണ്ടോട്ട്, കാഞ്ഞിരപൊയിൽ, എരിക്കുളം, ചാളക്കടവ്, കാലിച്ചാംപൊതി, ബങ്കളം എന്നിവിടങ്ങളിൽ തെരുവ്വിളക്കുകൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. നീണ്ട രണ്ട് വ്യാഴവട്ടക്കാലമായിട്ടും, ഉപഭോക്താക്കൾ ഏറെയുണ്ടായിട്ടും വൈദ്യുതി ബോർഡിന്റെ ഓഫീസ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

പ്രശ്നങ്ങൾ

1. പഞ്ചയത്തിലെ ഒരു വാർഡും പൂർണ്ണമായും വൈദ്യുതീകരിച്ചിട്ടില്ല.

2. പഞ്ചായത്തിലെ 12 ഹരിജൻ കോളനികൾ വൈദ്യുതീകരിക്കാൻ ബാക്കിയുണ്ട്.

3. പഞ്ചായത്തിൽ എവിടേയും തെരുവു വിളക്കുകൾ സ്ഥാപിച്ചിട്ടില്ല.

4. സ്റ്റെപ്പ്-അപ്പ് ഉപയോഗം വോൾട്ടേജ് ക്ഷാമത്തിന് ഇടയാക്കുന്നു.

5. വിതരണ ലൈനുകളുടെ നീളവും, ട്രാൻസ്ഫോർമറിന്റെ കുറഞ്ഞ ക്ഷമതയും വോൾട്ടേജ് ക്ഷാമം രൂക്ഷമാക്കുന്നു.

6. അനെർട്ടിന്റെ - നീലേശ്വരം ബ്ലോക്ക് - പരിധിയിൽ പഞ്ചായത്തിനെ കൊണ്ടുവരിക.

7. ശാസ്ത്രസാഹിത്യ പരിഷത്തിന്റെ പുകയില്ലാത്ത അടുപ്പുകൾ വ്യാപകമായി ഉപയോഗിക്കപ്പെടുന്നില്ല.

8. ഗോബർ ഗ്യാസ് സ്റ്റൗ ഉപയോഗം കുറവാണ്.

9. കാർഷികാവശ്യത്തിന്നു വേണ്ടുന്ന മണ്ണെണ്ണ യഥേഷ്ടം ലഭ്യമല്ല.

സാധ്യതകൾ

1. വൈദ്യുതി എത്തിയിട്ടില്ലാത്ത സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കുകയോ, അഞ്ചിൽ കൂടിതൽ വീടുകൾക്ക് ഒരു സോളാർ പ്ലാന്റ് സ്ഥാപിക്കുകയോ ചെയ്യുക.

2. തെരുവു വിളക്കുകൾ മൊത്തത്തിൽ സ്ഥാപിക്കുന്നതിന് അധികചെലവ് ഉണ്ടാവുകയാണെങ്കിൽ പ്രധാന കേന്ദ്രങ്ങളിൽ സോളാർ ട്യൂബുകൾ സ്ഥാപിക്കുന്നത് നല്ലതാണ്.

3. വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം കണ്ടെത്താൻ, വിതരണ ലൈനുകളിൽ തട്ടുന്ന മരക്കമ്പുകൾ വെട്ടിമാറ്റുക, ഉയർന്ന ക്ഷമതയുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

4. പഞ്ചായത്തിന്റെ പരിധിയിൽ ഒരു സെക്ഷൻ ഓഫീസ് തുറന്ന് പ്രവർത്തിക്കുന്നത് ഗുണം ചെയ്യും.

5. അനർട്ടിന്റെ ഉല്പന്നങ്ങൾ കുറഞ്ഞ നിരക്കിൽ യഥേഷ്ടം വിതരണം ചെയ്യുക വഴി ഊർജ്ജ പ്രതിസന്ധി കുറയ്ക്കാൻ കഴിയും.

നിർദ്ദേശങ്ങൾ

1. പുകയില്ലാത്ത ദക്ഷത കൂടിയ അടുപ്പിന്റെ ഉപയോഗം വ്യാപകമാക്കണം.

2. കാർഷികാവശ്യത്തിനുള്ള ഇന്ധനങ്ങൾ പൊതുവിതരണ കേന്ദ്രം മുഖാന്തിരം തന്നെ വിതരണം ചെയ്യണം.

3. ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കണം.



10. സാമൂഹ്യക്ഷേമം - പാർപ്പിടം

ഏറെ പിന്നോക്കം നിന്നിരുന്ന പഞ്ചായത്തിലെ ജനത ഇന്ന് സാമൂഹ്യസാമ്പത്തിക രംഗത്ത് മുന്നേറ്റത്തിന്റെ പാതയിലാണ്. സംഘടിത തൊഴിൽ മേഖലയുടെ സ്വാധീനവും കാർഷിക രംഗത്തെ പുതിയ പ്രവണതയും ഈ മുന്നേറ്റത്തിന്റെ പ്രധാന ഹേതുവാണ്. എന്നാൽ കഴിഞ്ഞ ഒന്നര ദശകത്തോളമായി സാമൂഹ്യക്ഷേമ രംഗങ്ങളിൽ പഞ്ചായത്തിൽ നടപ്പിലാക്കപ്പെട്ട പരിപാടികൾ അവഗണിക്കത്തക്കതല്ല സാമൂഹ്യക്ഷേമ ഗുണനിലവാരം ശാസ്ത്രീയമായി വിലയിരുത്തുന്നതിനുള്ള പഠനങ്ങളൊന്നും തന്നെ നടന്നിട്ടില്ല. ഈ സാഹചര്യത്തിൽ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന ക്ഷേമപദ്ധതികൾ വിലയിരുത്താനാണ് ഇവിടെ ശ്രമിക്കുന്നത്.

ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം നിലവിൽ ദാരിദ്ര്യ രേഖക്ക് താഴെ കഴിയുന്ന 1947 കുടുംബങ്ങളാണുള്ളത്. ഇവരുടെ വാർഡ് തിരിച്ചുള്ള പട്ടിക താഴെ ചേർത്തിരിക്കുന്നു.

വാർഡ്	ദാരിദ്ര്യ രേഖക്ക്കീഴിലുള്ള കുടുംബങ്ങളുടെ എണ്ണം	SC/ST	1985 മുതൽ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	SC/ST	സഹായം ലഭിച്ചതു വഴി ദാരിദ്ര്യ രേഖക്ക് മുകളിലെത്തിയകുടുംബങ്ങൾ
1.	165	ഇല്ല	29	3	5
2.	241	5	44	16	8
3.	293	4	61	17	15
4.	262	13	55	18	50
5.	208	22	38	17	30
6.	152	2	41	11	33
7.	177	12	82	54	31
8.	173	7	53	20	9
9.	276	2	41	24	5
10.	വാർഡ് രൂപീകരിക്കുന്നതിന് മുമ്പുള്ളതാണ്				
ആകെ	1947	67	444	185	136

ഗ്രാമ വികസന വകുപ്പിന്റെ വിവിധ സ്കീമുകൾ പ്രകാരം ഇതിനകം 444 ദരിദ്രകുടുംബങ്ങൾക്ക് സഹായം ലഭിച്ചിട്ടുണ്ട്. ഇതിൽ 185 കുടുംബങ്ങൾ പട്ടകജാതി കുംടുംബങ്ങളാണ്. ഈ സാഹായങ്ങളുടെ ഫലമായി 136 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് മുകളിലായി എത്തിക്കാൻ കഴിഞ്ഞതായി പട്ടിക സൂചിപ്പിക്കുന്നു. എന്നിരുന്നാലും 1811 കുടുംബങ്ങൾ ഇന്നും ദാരിദ്ര്യരേഖക്ക് കീഴെ തന്നെയാണ്.

ഡി. ഡബ്ല്യു. സി. ആർ. എ

ഗ്രാമീണ വനിത ശിസുവികസന പരിപാടി എന്നറിയപ്പെടുന്ന ഈ പദ്ധതി ഐ.ആർ.ഡി.പി. സർവ്വെ ലിസ്റ്റിൽ ഉൾപെടുന്ന വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനു വേണ്ടി ഉള്ളതാണ്. പഞ്ചായത്തിലെ ഈ പദ്ധതിപ്രകാരം 6 യൂണിറ്റുകൾ ഇതിനകം രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഇവയിൽ 4 എണ്ണം മാത്രമേ സജീവമായി പ്രവർത്തിക്കുന്നുള്ളു.

യൂണിറ്റ്	സ്ഥലം	വനിത എണ്ണം	ആരംഭിച്ച വർഷം	വായ്പ	സബ്സിഡി	റീമോൾഡിംഗ് ഫണ്ട്
ഗ്രാനൈറ്റ് മെറ്റൽ	നൂഞ്ഞി	10	1994-95	80,000	40,000	15,000
പശുവളർത്തൽ	അമ്പലത്തുകര	7	1994-95	41,181	11,900	15,000
കൺടെക്ഷനറി	ചാളക്കടവ്	11	1995-96	88,000	29,337	25,000
പായനെയ്ത്ത്	ഏച്ചിക്കാനം	11	1995-96	77,000	38,500	15,000
ഗ്രാനൈറ്റ് മെറ്റൽ	കോട്ടപ്പാറ	11	1996-97	1,65,000	44,000	15,000
ബ്രോയിലറിംഗ്	അടുക്കത്ത് പറമ്പ്	10	1996-97			

94-95 അമ്പലത്തുകരയിൽ ആരംഭിച്ച പശു വളർത്തൽ കേന്ദ്രം ഇന്ന് നിർജീവ അവസ്ഥയിലാണ്. അടുക്കത്ത് പറമ്പിൽ ആരംഭിച്ച ബ്രോയിലറിംഗ് യൂണിറ്റ് വായ്പ ലഭ്യമല്ലാത്തതു മൂലം പ്രവർത്തനമാരംഭിക്കുന്നതേയുള്ളു. ട്രൈസം (Training Rural Youth for Self Employment) ഗ്രാമീണ മേഖലയിലെ യുവതീയുവാക്കൾക്ക് (18നും 35നും മദ്ധ്യ) സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ട്രൈസത്തിന്റെ കീഴിൽ 74 പേർക്ക് ഇതിനകം പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്. ഐ.ആർ.ഡി.പി. സർവ്വെ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങളിലെ അംഗങ്ങളായവർക്കാണ് ഈ പദ്ധതിയുടെ ഗുണഫലം ലഭിക്കുന്നത്. ആകെ പരിശീലനം ലഭിച്ച 74 പേരിൽ 44 പേർ മാത്രമേ സ്വയം തൊഴിൽ കണ്ടെത്തിയിട്ടുള്ളു.

	പരിശീലനം വിഷയത്തിന്റെ പേര്	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	മറ്റു തൊഴിൽ ഏർപ്പെട്ടവർ	അവശേഷിക്കുന്നവർ
1.	ബാംബൂ കെയ്ൻ വർക്ക്	4	-	4	-
2.	പമ്പുസെറ്റ് റിപ്പയർ	3	3	-	-
3.	ഇലക്ട്രീഷ്യൻ	9	4	4	1
4.	ബുക്ക് ബൈൻഡിംഗ്	9	-	9	-
5.	പ്ലംബിംഗ്	2	-	2	-
6.	ഓട്ടോമൊബൈൽ	1	-	1	-
7.	വെൽഡിംഗ്	2	-	2	-
8.	വയറിംഗ്	1	-	1	-
9.	സ്റ്റോൺ കട്ടിംഗ്	3	3	-	-
10.	സൈക്കിൾ റിപ്പയർ	1	1	-	-
11.	പെയിന്റിംഗ്	1	1	-	-
12.	വീവിംഗ്	9	7	2	-
13.	ഷീറ്റ് മെറ്റൽ	2	-	2	-
14.	ഡ്രൈവിംഗ്	3	3	-	-
15.	T V & റേഡിയോ റിപ്പയർ	4	2	2	-
16.	വില്ലേജ് പോർട്ടർ	20	20	-	-
	ആകെ	74	44	29	1

മുകളിൽ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്ന് വ്യക്തമാകുന്നത് ഗ്രാമീണ മേഖലയിൽ തൊഴിൽ സാധ്യതയുള്ള വിഷയങ്ങളിൽ പരിശീലനം നേടിയവർക്ക് മാത്രമേ സ്വയം തൊഴിൽ കണ്ടെത്താൻ കഴിഞ്ഞിട്ടുള്ളു. ഇതര വിഷയങ്ങളിൽ പ്രാദേശികമായ തൊഴിൽ സാധ്യതയുടെ ദൗർലഭ്യമോ പരിശീലനത്തിന്റെ അപര്യാപ്തതയോ സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വിഘാതമായിട്ടുണ്ട് എന്നതാണ് ഇവ

പരിശോധിക്കപ്പെടേണ്ടതാണ്. തൊഴിൽ രാഹിത്യം ഏറെ അനുഭവിക്കുന്ന ഗ്രാമീണയുവത്വത്തിന് ട്രൈസം പദ്ധതിയിലൂടെ കൂടുതൽ കാര്യക്ഷമമായി ഉപയോഗപ്പെടുത്തിയാൽ ജീവിതമാർഗ്ഗം കണ്ടെത്താൻ കഴിയുമെന്ന് മേൽപ്പട്ടിക സൂചിപ്പിക്കുന്നു.

സി. ആർ. എസ്. പി.

ദാരിദ്ര്യരേഖക്ക് കീഴിലുള്ള കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിനാണ് ഈ പദ്ധതി ഉപയോഗപ്പെടുന്നത് പഞ്ചായത്ത് ഐ.ആർ.ഡി.പി. സർവ്വെ ലിസ്റ്റിൽ ഉൾപ്പെട്ട 1756 വീടുകളിൽ കക്കൂസുകൾ ഉണ്ടായിരുന്നില്ല. വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തി 113 കുടുംബങ്ങൾക്ക് ഇതിനകം കക്കൂസുകൾ അനുവദിച്ചിട്ടുണ്ട്. ഇവയിൽ 77 എണ്ണത്തിന്റെ പണി പൂർത്തിയായി.

വാർഡ്	IRDP സർവേ പ്രകാരം കക്കൂസില്ലാത്ത വീടുകൾ	1992നു ശേഷം വിവിധ പദ്ധതികളിലായി അനുവദിച്ചത്	പൂർത്തീകരിച്ചത്	ഇനി കക്കൂസ് വേണ്ടവ
1	152	9	7	143
2	235	8	4	227
3	260	23	20	237
4	192	12	9	183
5	168	8	6	160
6	145	11	2	134
7	154	7	-	147
8	180	28	27	152
9	270	5	2	262
ആകെ	1756	113	77	1645

ടൂൾകിറ്റ്

ഗ്രാമീണ മേഖലയിലെ കൈതൊഴിലുകാർക്ക് തൊഴിലുപകരണം വിതരണം ചെയ്യുന്ന പദ്ധതിയാണ് ടൂൾകിറ്റ്. പഞ്ചയത്തിൽ 94-95 വർഷം പേർക്ക് രൂപക്കുള്ള തൊഴിലുപകരണം ഈ പദ്ധതിപ്രാകരം ലഭിച്ചിട്ടുണ്ട്.

മാതൃസംരക്ഷണം - അംഗൺവാടികൾ

സാമൂഹ്യക്ഷേമ രംഗത്ത് അടിസ്ഥാനപരമായി പ്രവർത്തനം കഴ്ചവെക്കുന്ന 15 അങ്കൺവാടികൾ നമ്മുടെ പഞ്ചായത്തിൽ 10 വാർഡുകളിലായി ഉണ്ട്. I. C. D. S. ന്റെ കീഴിൽ പ്രവർത്തിക്കുന്ന ഈ അങ്കൺവാടികൾ ഇളംകുരുന്നുകളുടെ മാനസികവും ശാരീരികവുമായ വളർച്ചക്ക് നിർണ്ണായക പങ്കു വഹിക്കുന്നുണ്ട്. 1000 ജനങ്ങൾക്ക് ഒരു അഗംൺവാടി എന്ന് ഐ.സി.ഡി.എസ് ന്റെ ലക്ഷ്യം നിറവേറ്റാൻ കഴിയേണ്ടതുണ്ട്. കുട്ടികളുടെ അഭിവൃദ്ധിയോടൊപ്പം അമ്മമാരുടെ ക്ഷേമവും ഈ കേന്ദ്രത്തിലൂടെ ലഭ്യമാകുന്നുണ്ട്. നിലവിലുള്ള അംഗൺവാടികളുടെ പ്രാഥമിക സൗകര്യങ്ങളുടെ അഭാവം ജീവനക്കാരിൽ പ്രയാസവും കുട്ടികളിലും രക്ഷിതാക്കളിലും അസന്തുഷ്ടിയും വളർത്തുന്നുണ്ട്. സ്വന്തമായി കെട്ടിടവും സ്ഥലവും ഇല്ലാത്തതും കളികോപ്പുകളുടെ ദൗർല്ലഭ്യവും ഈ രംഗത്ത് പോരായ്മയായി തന്നെ നിലനിൽകുന്നു. അംഗൺവാടികളിലെ ജീവനക്കാരുടെ സ്ഥിതിയും അതി ദാരുണമാണ്. വർക്കർ, ഹെൽപ്പർ എന്നീ രണ്ട് തസ്തികയാണ് നിലവിലുള്ളത്. 10 മുതൽ 3.30 വരെ തൊഴിലെടുക്കുന്ന ഇവർ ഗൃഹ സന്ദർശനംവരെ നടത്തേണ്ടി വരുന്നുണ്ട്. ഏറെ ക്ലേശം സഹിക്കുന്ന ഇവരുടെ വേതനം വളരെ തുച്ചമാണ്, ഈ അവസ്ഥ മാറ്റേണ്ടതുണ്ട്.

വാർഡ്	സ്ഥലം	കെട്ടിടം	സ്ഥലമുള്ളവ	കളിപ്പാട്ടം	സ്ഥലമുണ്ടായിട്ടും കെട്ടിടമില്ലാത്തവ
1	ചാളക്കടവ്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
2.	ബങ്കളം	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
2.	മൂങ്ങത്ത്	ഇല്ല	ഇല്ല	ഇല്ല	ഇല്ല
3.	കാനത്തും മൂല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
	കുണ്ടും കുട്ടിച്ചാൽ	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
4	കുണ്ടേന	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
5	കുണ്ടാറ	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
6	തീയ്യർ പാലം	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
7	തോട്ടിനാട്ട്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
	കാഞ്ഞിരപ്പൊയിൽ	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
8	എരിക്കുളം	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
9	കോളിക്കുന്ന്	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
	പള്ളത്തുവയൽ	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
10	കോട്ടപ്പാറ	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
	കാരാക്കോട്	ഇല്ല	ഇല്ല	ഇല്ല	ഇല്ല

പെൻഷൻ സംബന്ധിച്ച്

വിധവ പെൻഷൻ -

പഞ്ചായത്തിൽ 94 പേർക്കാണ്നിലവിൽവിധവ പെൻഷൻ ലഭിക്കുന്നത്. അർഹരായ പലർക്കും ഈ പെൻഷൻ ലഭിക്കുന്നില്ല എന്ന പരാതിയുണ്ട്. നിലവിലുള്ള നിയമം അനുസരിച്ച് പ്രായ പൂർത്തിയായ ആൺകുട്ടികൾ ഉണ്ടെങ്കിൽ പെൻഷൻ ലഭിക്കുന്നതല്ല. ഇതിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതുണ്ട്.

കർഷക തൊഴിലാളി പെൻഷൻ

പഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും നിർദ്ധന കർഷക തൊഴിലാളികളായതുകൊണ്ടു തന്നെ ഈ പെൻഷൻ പദ്ധതി വളരെ പ്രതീക്ഷയോടെയാണ് കാണുന്നത്. അർഹരായ ബഹുഭൂരിഭാഗവും പേർക്കും ഈ ആനുകൂല്യം ലഭിക്കുന്നില്ല. അതു കൊണ്ട് തന്നെ കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

പഞ്ചായത്തിൽ 27 പേർക്ക് വാർദ്ധക്യകാല പെൻഷനും 96-97 വർഷത്തിൽ മാത്രം 29 പേർക്ക് പ്രസാവാനുകൂല്യവും ലഭിച്ചിട്ടുണ്ട്.

തൊഴിലില്ലായ്മ വേതനം

ക്ഷേമ നിധി

പൊതു വിതരണം

പഞ്ചായത്തിൽ ആകെ 8 റേഷൻ ഷോപ്പ് പ്രവർത്തിക്കുന്നുണ്ട് ഇതിൽ 3277 കാർഡുകളുണ്ട്

ക്രമ നമ്പർ	വാർഡ് നമ്പർ	സ്ഥലം	കാർഡ് ഉടമകളുടെ എണ്ണം			ഗുണഭോക്താക്കളുടെ എണ്ണം
			എൻ.ഇ.	ഇ.	ആകെ	
1.	1.	ചാളക്കടവ്	155	124	279	1373
2.	2.	ബങ്കളം	445	186	631	5724
3.	3.	കാലിച്ചാംപൊതി	187	89	276	1356
4.	4.	കളത്തുങ്കാൽ	290	220	510	2286
5.	5.	ആലമ്പാടി	330	129	459	2309
6.	7.	കഞ്ഞിരപ്പൊയിൽ	410	15	425	2047
7.	8.	എരിക്കുളം	286	159	445	2234
8.	1.	ചാളക്കടവ്			252	1300

പഞ്ചായത്തിൽ 3277 കാർഡുകളിലായി 95-96 വർഷത്തിൽ വിതരണം ചെയ്ത ഭക്ഷ്യ വസ്തുക്കളുടെ വിവരം പട്ടികയിൽ കൊടുത്തിരിക്കുന്നു

		ചാളക്കടവ്	ബങ്കളം	കാലിച്ചാം പൊതി	കളത്തു ങ്കാൽ	ആല മ്പാടി	കാഞ്ഞിര പ്പൊയിൽ	എരിക്കുളം	വർഷം
അരി		82724.4	6112800	7290	162115	177600	191412	151840	1995
ഗോതമ്പ്		1467.	20000	405000	10288	4512	14768	35672	
റവ		360.	6000	243000	-	500	1440	4784	1996
മൈദ		944.	20000	48600	3600	2160	281	4885	
പഞ്ചസാര		4842.6	15000	32400	12837	10520	8920	208522	
മണ്ണെണ്ണ	പി.	6846	234 X 12	4020	7772	14100	42	990	
	സി	13813	2800 X 12	85700	33168	21960	24500	404683	

പി - പർമിറ്റ് സി - കാർഡ്

റേഷൻഷാപ്പുകളെ കൂടാതെ പഞ്ചായത്തിൽ അമ്പലത്തുകര, ചാളക്കടവ് എന്നിവിടങ്ങളിൽ കൺസ്യൂമർ സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. ഓണക്കാലത്ത് പ്രത്യേക ഓണ ചന്തകൾ പഞ്ചായത്തിൽ നിലവിൽ വരാറുണ്ട് വിലക്കയറ്റം കൊണ്ട് പൊറുതി മുട്ടുന്ന ഉപഭോക്താക്കൾക്ക് ഏറെ സഹായകമാകാറുള്ള മാവേലി സ്റ്റോറുകൾ നമ്മുടെ പഞ്ചായത്തിൽ തീരെ ഇല്ല.

പ്രശ്നങ്ങൾ

1. സി.ആർ.എസ്.പി. പദ്ധതിയിൽ 1756 കുടുംബങ്ങളിൽ 113 എണ്ണത്തിന് മാത്രമേ കക്കൂസ് അനുവദിച്ചിട്ടുള്ളു.

2. നിലവിലുള്ള അഗൺവാടികളിൽ എല്ലാ മേഖലയിൽ നിന്നും കുട്ടികൾക്ക് എത്തിപ്പെടാൻ കഴിയുന്നില്ല.

3. നിലവിലുള്ള ആഗൺവാടികളുടെ അവസ്ഥ പരിമിതമാണ്.

4. ആവശ്യസാധന വിലനിലവാരം പിടിച്ചു നിർത്തുന്ന മാവേലി സ്റ്റോർ പഞ്ചായത്തിൽ ഇല്ല.

നിർദ്ദേശങ്ങൾ

1. 1000 ജനസംഖ്യക്ക് 1 എന്ന തോതിൽ ആവശ്യമായ സ്ഥലങ്ങളിൽ അഗൺവാടികൾ അനുവദിക്കുക.

2. കെട്ടിടമില്ലാത്ത അഗൺവാടികൾക്ക് കെട്ടിടം നിർമ്മിക്കുക.

3. അഗൺവാടികളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് വേണ്ടി ജനകീയ ഇടപെടലുകൾ ശക്തമാക്കുക.

4. അഗൺവാടി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുക.

5. ഐ.ആർ.ഡി.പി. സർവേ കാര്യക്ഷമമായി നടത്തുക.

6. എരിക്കുളത്ത് രാജീവ് ദശലക്ഷം പദ്ധതിയിൽപ്പെടുത്തി നിർമിച്ച വീടുകൾ അർഹരായവർക്ക് നൽകുക.

പാർപ്പിടം

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ്. പഞ്ചായത്തിലെ 85% ജനങ്ങളും കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ജീവിക്കുന്നവരാണ്. അത് കൊണ്ട് തന്നെ കുടിലുകളും ഇടത്തരം വീടുകളുമാണ് പഞ്ചായത്തിൽ ഭൂരിഭാഗവും ഉള്ളത് 19,352 -1991ലെ കാനേഷുമാരി- ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ 4224 വീടുകളാണുള്ളത്. ഉള്ളവതന്നെ കൂടുതലും അടിസ്ഥാന സൗകര്യങ്ങൾ കുറഞ്ഞ വീടുകളാണ്. ഗൾഫ് മേഖലയുടെ സ്വാധീനം കൂടുതൽ ഇല്ലാത്തതിനാൽ കോൺക്രീറ്റ് സൗധ സംസ്കാരം ഒരു പരിധിവരെ പഞ്ചായത്തിൽ ഇല്ല എന്നത് ഒരു പ്രത്യേകതയാണ്.

സർക്കാർ ഏജൻസികൾ മുഖേനയുള്ള വീടുകളുടെ എണ്ണം വളരെ കുറവാണ്. ഉള്ളവതന്നെ ദുർബല വിഭാഗങ്ങൾക്ക് മാത്രമായും, അതുതന്നെ വളരെ പരിമിതമായ തോതിൽ മാത്രമാണ്. പഞ്ചായത്തിൽ നടപ്പിലാക്കപ്പെട്ടിട്ടുള്ളത്. - വിശദവിവരങ്ങൾ ചുവടെ - കഴിഞ്ഞ ദശകങ്ങളിൽ ഓലമേഞ്ഞ വീടുകളായിരുന്നു ഏറെയെങ്കിലും സമീപകാലത്ത് ഓടുമേഞ്ഞവ സ്ഥാനം പിടിക്കുകയുണ്ടായി. വളരെ കുറഞ്ഞതോതിൽ കോൺക്രീറ്റ് വീടുകളും ഉയർന്നു വന്നിട്ടുണ്ട്. ഇതിന് നിദാനം ധാന്യവിളകളിൽ നിന്നും നാണ്യ വിളകളിലേക്കുള്ള മാറ്റം ഗൾഫ് മേഖലയിലുള്ള സ്വാധീനം, അസംഘടിത തൊഴിൽ മേഖലയിൽ നിന്നും സംഘടിത തൊഴിൽ മേഖലയിലേക്കുള്ള വ്യതിയാനം എന്നിവയാണ്.

ഭൂവിസ്തൃതി ഏറെയുള്ള പഞ്ചായത്താണ് മടിക്കൈ, ജലലഭ്യത ഗതാഗത സൗകര്യം എന്നിവ പഞ്ചായത്തിലെ വീടുകളുടെ കേന്ദ്രീകരണത്തിന് ഇടയാകുന്നു. മാറിവരുന്ന സാഹചര്യങ്ങളിൽ സാധനസാമഗ്രികളുടെ വിലവർദ്ധനവ് പുതിയ വീടുവെക്കുന്നതിന് പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നു.

പഞ്ചായത്തിൽ 15ഓളം ഹരിജൻ കോളനികൾ ഉണ്ട്. ബങ്കളം, നാര, നാന്തൻകുഴി, കാഞ്ഞിരപ്പൊയിൽ, കൊളങ്ങാട്ട്, പുളിയനടുക്കം, തോട്ടനാട്ട്, ഏച്ചിക്കാനം, കല്യാണം, കാരാക്കോട്, കുണ്ടേന, കണ്ടംകുടിച്ചാൽ, കറുകവളപ്പ്, എന്നിവയാണവ. സ്വന്തമായി കൈവശഭൂമിയില്ലാത്തവരും പുറമ്പോക്കിൽ കുടിലു കെട്ടി താമസിക്കുന്നവരും ഈ വിഭാഗങ്ങിൽ കുറേയെങ്കിലുമുണ്ട് എന്നത് മടിക്കൈ പഞ്ചായത്തിന്റെ പ്രധാന പ്രശ്നമാണ്. ഭൂരഹിത ഭവനരഹിതർക്കായി എരിക്കുളത്ത് നിർമ്മിക്കപ്പെട്ടിട്ടുള്ള രാജീവ് ദശലക്ഷം പദ്ധതി പ്രകാരമുള്ള വീടുകൾ ഇതുവരെയായി ആർക്കും പതിച്ചു നൽകിയിട്ടില്ല. കൂട്ടപ്പനയിൽ പട്ടികജാതി വികസന വകുപ്പ് ഹരിജനങ്ങൾക്കായി പണിത വീടുകൾ സൗകര്യപ്രദമല്ലാത്തവയാതിനാൽ വാസയോഗ്യ മല്ലാത്തവയാണ്. പതിച്ചു നൽകിയ കുടുംബങ്ങൾ ഒന്നും തന്നെ അവിടെ താമസിക്കുവാൻ തയ്യാറാകുന്നില്ല.

കോളനികളിലെ വീടുകളുടെ നില ശോചനീയമാണ്, വൈദ്യുതി, വിദ്യാഭ്യാസ പ്രശ്നങ്ങൾ,സാനിറ്റേഷൻ അപര്യാപ്തത എന്നിവ കോളനികളുടെ വികസനത്തിന് തടസ്സമായി നിൽക്കുന്നു.

ഐ.ആർ.ഡി.പി. സർവ്വേപ്രകാരം വീട് ആവശ്യമായി വരുന്നവരുടെ എണ്ണത്തേക്കാൾ വളരെ താഴ്ന്നതാണ് അനുവദിക്കപ്പെട്ട വീടുകൾ എന്നത് പുതുതായി പാർപ്പിടങ്ങൾ ഉണ്ടാക്കേണ്ടവരുടെ പ്രധാന പ്രശ്നമാണ്.

ഓരോ വർഷങ്ങളിലും വർദ്ദിച്ചുവരുന്ന പാർപ്പിട നിർമ്മാണ സാമഗ്രികളുടെ വിലനർദ്ദനവ്, കൂലി വർദ്ദനവ് പുതിയ പാർപ്പിടങ്ങൾ ഉണ്ടാക്കുന്നതിന് വലിയ പ്രതിബന്ധമായി നിൽകുന്നു. അത് കൊണ്ട് തന്നെ ദുർബലവിഭാഗങ്ങൾക്ക് ഗവമെൻറ് നൽകുന്ന സാമ്പത്തിക സഹായങ്ങൾ വീടുവയ്കുന്നതിന് അപര്യാപ്തമാണ്.

ഭവന നിർമ്മാണം

- ദുർബല ജന വിഭാഗങ്ങൾക്ക് വീട് വെക്കാനാവശ്യമായ സാമ്പത്തിക സഹായം.
- പുല്ല് മേഞ്ഞ മുഴുവൻ വീടുകളും ഓടുമേയാനാവശ്യമായ പദ്ധതി.
- ലക്ഷം വീട് കോളനികൾ റിപ്പയർ ചെയ്ത് വാസയോഗ്യമാക്കുവാനുള്ള നടപടി
- ലക്ഷം വീട് കോളനികൾ വൈദ്യുതീകരിക്കുന്നതിനും കുടിവെള്ളം ലഭ്യമാക്കുന്നതിനുമുള്ള നടപടി.
- മുഴുവൻ ഹരിജനങ്ങൾക്കും സൗജന്യമായി വീടം നിർമ്മിച്ച് കൊടുക്കുക.
- അടുക്കത്ത് പറമ്പ് ദുർബല ജനവിഭാഗങ്ങൾക്ക് പഞ്ചായത്ത് അനുവദിച്ച് കൊടുത്ത 4 സെൻറ് ഭൂമിയിൽ സൗജന്യമായി വീട് വെക്കാൻ ആവശ്യമായ പദ്ധതി.

പ്രശ്നങ്ങൾ

- ഭവന നിർമ്മാണ സാമഗ്രികളുടെ വിലവർദ്ദനവ്.
- വീടുനിർമ്മാണ സങ്കേതങ്ങളുടെ അഭാവം.
- സാമ്പത്തിക പരിമിതി.
- ധനകാര്യസ്ഥാപനങ്ങളിൽ വായ്പകളിൻമേലുള്ള ഉയർന്ന പലിശനിരക്ക്.
- ഉയർന്ന സമതല പ്രദേശങ്ങളിൽ വയലുകൾ പുരയിടങ്ങളാക്കി മാറുന്ന പ്രവണത ചെറിയതോതിൽ ഉണ്ട്.
- ഹരിജൻകോളനികൾ മിക്കവാറും വീടുകളും അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാത്തവയാണ്.
- ഗവൺമെൻറ് സഹായത്തോടെ ചില ഏജൻസികൾ നിർമ്മിച്ച വീടുകൾ വാസയോഗ്യമല്ലാത്ത മാതൃകയിലാണ് നിർമ്മിച്ചിട്ടുള്ളത്.

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന ഒരു ലൈബ്രറി ഇപ്പോൾ പ്രവർത്തനം നിലച്ചിരിക്കുന്നു. പഞ്ചായത്തു വകയായുള്ള സാംസ്കാരിക നിലയം ഫലപ്രദമായ രീതിയിൽ പ്രവർത്തന ക്ഷമമാക്കുന്നതോടൊപ്പം ഈ ലൈബ്രറി പുനരുദ്ധരിച്ച് അതിന്റെ ഭാഗമാക്കാവുന്നതാണ്. അഞ്ച് ഹരിജന കോളനികളിലും സാംസ്കാരിക നിലയത്തിലും ടി.വി. സ്ഥാപിച്ചിട്ടുണ്ട്. ബഹുഭൂരിക്ഷം കലാകായിക സംഘടനകൾക്കും സ്വന്തമായി കെട്ടിടങ്ങൾ ഉണ്ട്. വരിസംഖ്യയും, സംഭാവനകളുമാണ് ഇവയുടെ വരുമാന സ്രോതസ്. ഇവയുടെ പ്രവർത്തനങ്ങളും സേവനങ്ങളും ഏകോപിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും തലത്തിൽ ഒരു സാംസ്കാരിക വികസന സമിതി രൂപീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

വടക്കെ മലബാറിന്റെ തനതു കലകളായ പൂരക്കളി തെയ്യം, മംഗലംകളി -ഹരിജനങ്ങൾക്കിടയിൽ പ്രചാരത്തിലുള്ളത്- എന്നിവയും പഞ്ചായത്തിന്റെ അനുഷ്ഠാന കലകളാണ്. ഗ്രാമത്തിലെ കണികൂലോം, മടിക്കൈ മാടം, ഏച്ചിക്കാനം തറവാട് എന്നിവിടങ്ങളിലെ പുരാതന കൊത്തുവേലകളും, അവയുടെ നിർമ്മാണത്തിലെ വാസ്തു ശില്പ ചാതുര്യവും പ്രസിദ്ധമാണ്.

പാടുന്ന പടവാൾ എന്ന പേരിൽ പ്രശസ്തനായ ശ്രീടിഎസ് തിരുമുമ്പ് അദ്ദേഹത്തിന്റെ അന്ത്യനാളുകൾ ചെലവഴിച്ചത് ഈ ഗ്രാമത്തിലാണ്. യശഃശരീരനായ ആ സാഹിത്യകാരന് നിത്യസ്മാരകമായി ഒരു വായനശാലയും ഒരു ട്രസ്റ്റും സ്ഥാപിച്ചിട്ടുണ്ട്.

പൊതുവേ കുറഞ്ഞുവരുന്ന വായനാശീലം ഈ രംഗത്തുള്ളപ്രവർത്തനത്തിന് ഒരു പ്രശ്നമാണ്. ലൈബ്രറിയുടെ ആവശ്യകത ബോദ്ധ്യപ്പെടുത്തുന്നതിന് സ്കൂൾതലത്തിൽ തന്നെ ബോധപൂർവമായ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

സാദ്ധ്യതകളും നിർദേശങ്ങളും

1. പഞ്ചായത്ത് സാസ്കാരിക നിലയത്തിൽ റഫറൻസ് ലൈബ്രറി സ്ഥാപിക്കുക.
2. പഞ്ചായത്തിലെ കലാ-സാംസ്കാരി സംഘടനകളെ ഏകോപിപ്പിക്കുക
3. തനത് നാടൻ കലകൾക്കു വേണ്ട പ്രോത്സാഹനം നൽകുക.
4. വായനശാലകൾ ഗ്രന്ഥാലയങ്ങളാക്കി മാറ്റുന്നതിന് പദ്ധതി രൂപപ്പെടുത്തുക.
5. സ്ത്രീകളുടെ വായനാശീലം വളർത്തുന്നതിന് സാഹിത്യസംവാദവും പുസ്തക പരിചയമേളകളും സംഘടിപ്പിക്കുക.
6. സമ്പൂർണ മദ്യനിരോധനം ഉറപ്പാക്കാൻ സന്നദ്ധ സംഘടനകളുടെയും, സാംസ്കാരിക സ്ഥാപനങ്ങളുടേയും സഹകരണത്തോടെ ബോധവൽക്കരണം ഊർജിതമാക്കുക.



12. വനിത

പ്രബുദ്ധ കേരള സൃഷ്ടിയിൽ മലബ്ബാർ പ്രദേശത്തെ സമരേതിഹാസങ്ങൾ വഹിച്ച പങ്ക് അനല്പമാണല്ലോ. അക്കൂട്ടത്തിൽ ഒട്ടേറെ ധീര വനിതകളെ സംഭാവന ചെയ്യാൻ കഴിഞ്ഞ നാടാണ് മടിക്കൈ. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി മാറിയ കർഷക സമരം മടിക്കൈയിലും വലിയ ആവേശവും സ്വാധിനവും ഉണ്ടാക്കിയിട്ടുണ്ട്. ജൻമി നാടുവാഴിത്തത്തിനെതിരെ നടന്ന എതിരിടലുകളെ പോലീസ് വേട്ടയിലൂടെ അടിച്ചമർത്തിയ അന്നത്തെ ഭരണകൂടത്തിന്റെ ചെയ്തികളുടെ ദുരന്തഫലങ്ങൾ അനുഭവിച്ച ഒട്ടേറെ ധീരവനിതകൾ ഇവിടെ ഉണ്ടായിരുന്നു. കമ്മ്യൂണിസ്റ്റ് പ്രവർത്തനം നിരോധിക്കപ്പെട്ട ആ കാലയളവിൽ അതിൽ അടിയുറച്ചു നില്ക്കാനും ആ പാർട്ടിയെ വളർത്താനും ശ്രമിച്ച വനിതകൾ ഇവിടേയും ഉണ്ട്. ഇവരിൽ ഏറ്റവും ആദ്യം എടുത്തു പറയാവുന്ന പേര് എരിക്കുളം കാരിച്ചിയമ്മയുടേതാണ്. ഒളിവിൽ കഴിയുന്ന പാർട്ടി പ്രവർത്തകരെ പോലീസിന്റെ പിടിയിൽ പെടാതെ സംരംക്ഷിക്കാനും അവർക്കാവശ്യമായ സന്ദേശങ്ങൾ അതാതു സമയത്ത് അതാതിടങ്ങളിൽ എത്തിക്കാനും ശ്രീമതി കാരിച്ചിയമ്മ കാണിച്ചിരുന്ന തന്റേടം അഭിനന്ദനീയവും ആദരണീയവും ആണ്.

ഒരു പ്രധാന വ്യക്തിയുടെ ഒളിസങ്കേതം മണത്തറിഞ്ഞ പോലീസ് കുന്നിറങ്ങി നാട്ടിടവഴിയിലേക്കെത്തവെ അവരെ തടഞ്ഞു നിർത്തി നർമ്മഭാഷണത്തിലൂടെ വഴി തിരിച്ചുവിടാനും ഒളിവിൽ കഴിയുന്ന പ്രവർത്തകരെ സംരക്ഷിക്കാനും കാരിച്ചിയമ്മ ധൈര്യം കാട്ടിയിരുന്നു. മരണംവരെയും തന്റെ പ്രസ്ഥാനത്തിൽ അടിയുറച്ച് വിശ്വസിച്ച് പ്രവർത്തിക്കുകയായിരുന്നു അക്ഷരത്തിന്റെ അനുഗ്രഹം ലഭിക്കാതിരുന്നിട്ടു കൂടി ആ മഹതി ചെയ്തത്.

ഇതേപോലെതന്നെ ഇവിടെ നടന്ന പോലീസ് വേട്ടയിൽ കഷ്ടതകൾ അനുഭവിച്ച ഒട്ടേറെ വനിതകൾ വേറെയും ഉണ്ടായിരുന്നു. ശ്രീമതി വി. കാരിച്ചിയമ്മ ബങ്കളം, ശ്രീമതി സി. ചിരുത ചാർത്താങ്കാൽ, ശ്രീമതിമാർ നീരളി കൊറമ്പി, കരിവാക്കാൽ കുഞ്ഞാത തുടങ്ങിയവർ സജീവ സാമൂഹ്യ പ്രവർത്തകരായിരുന്നു. ഔപചാരിക വിദ്യാഭ്യാസം അശേഷം ലഭിക്കാത്തവരാണ് ഇവരിൽ മിക്കവരും. അക്ഷരാഭ്യാസമില്ലാതിരുന്നിട്ടു കൂടി ഉയർന്ന സാമൂഹ്യ ബോധമുള്ളവരായിരുന്നു മടിക്കൈയിലെ സ്ത്രീകൾ.

വിദ്യാഭ്യാസ പരമായി വളരെ പിന്നോക്കാവസ്ഥയിലാണ് നമ്മുടെ വനിതകൾ. 1990ൽ നടന്ന സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിലൂടെ ഈ കുറവ് കുറെയേറെ പരിഹരിക്കപ്പെട്ടു. അന്ന് സാക്ഷരതായജ്ഞത്തിൽ സജീവ പങ്കാളികളായത് പഠിതാക്കളായും - പഠിപ്പിക്കുന്നവരായും- വനിതകളായിരിന്നു. ഇപ്പോൾ എസ്.എസ്.എൽ.സിയും, ബിരുദവും, ബിരുദാനന്തരബിരുദവും നേടിയ ഒട്ടേറെ വനിതകൾ നമ്മടെ പഞ്ചായത്തിൽ ഉണ്ട്.

കേരളത്തിലെ പൊതു സ്ത്രീപുരുഷ അനുപാതത്തിനനുസൃതമാണ് മടിക്കൈ പഞ്ചായത്തിലേയും സ്ഥിതി. ആകെ 19352 ജനങ്ങളുള്ളതിൽ 10021 സ്ത്രീകളാണ്. പുരുഷൻമാർ 9331. 1000 പുരുഷൻമാർക്ക് 1020 സ്ത്രീകൾ.

തൊഴിൽ മേഖല

അദ്ധ്വാനിച്ച് കുടുംബം പുലർത്തുന്ന ബാധ്യത നന്നായി നിറവേറ്റുന്നവരാണ് ഇവിടത്തെ സ്ത്രീകൾ. ഏറ്റവും പ്രധാനമായി ഏർപ്പെട്ടിട്ടുള്ളതൊഴിൽ കാർഷിക ജോലി തന്നെ ബീഡി തെറുപ്പ് -വീട്ടിലിരുന്നും കമ്പനികളിൽ വെച്ചും- തൊഴിലായി സ്വീകരിച്ച ധാരാളം വനിതകൾ നമ്മുടെ നാട്ടിലുണ്ട്. പഞ്ചായത്തിലെ എരിക്കുളം എന്ന പ്രദേശം മൺ പാത്ര നിർമ്മാണത്തിലും, അതിനു വേണ്ടുന്ന വിറക് ശേഖരണത്തിലും അവചുട്ടെടുത്ത ശേഷം വളരെ ദൂരപ്രദേശങ്ങൾ വരെ നടന്ന് ചെന്ന് വിൽകുന്നതിലും സ്ത്രീകളുടെ അദ്ധ്വാനമാണ് കൂടുതലും ചെലവഴിക്കപ്പെടുന്നത്. കുണ്ടേൻവയൽ 4-ാം വാർഡ് ഏഴാം വാർഡിലെ നാന്ദൻകുഴി എന്നിവിടങ്ങളിൽ പരമ്പരാഗത തൊഴിലായ പായനെയ്ത്ത്, വള്ളിക്കൂട്ട മെടയൽ എന്നിവയിൽ ഏർപ്പെട്ട സ്ത്രീകൾ ഉണ്ട്. രണ്ടാം വാർഡിൽ ഈറ്റയുപയോഗിച്ച്കൂട്ട, മുറം എന്നീ സാധനങ്ങൾ മെടഞ്ഞ് വില്പനനടത്തുന്നത് മുഖ്യതൊഴിലായി സ്വീകരിച്ച ധാരാളം സ്ത്രീകൾ ഉണ്ട്. കാർഷിക മേഖലയിൽ പുരുഷനൊപ്പം തന്നെ കൂലി ലഭിക്കാത്തതിന്റെ പേരിലും, കാർഷിക മേഖലയുടെ തകർച്ച കാരണം ജോലികുറവായതിനാലും മറ്റ് സ്ഥലങ്ങളിലേക്ക് കെട്ടിട നിർമ്മാണ ജോലിക്കു പോകുന്ന പതിവ് അടുത്തകാലത്തായി കണ്ടുതുടങ്ങിയിട്ടുണ്ട്. ചെങ്കൽ മേഖലയിലും കരിങ്കൽ ക്വാറകളിലും ഒട്ടേറെ സ്ത്രീകൾ ജോലി ചെയ്യുന്നുണ്ട്. ഇത്തരത്തിൽ ഒട്ടേറെ പേർ വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും ഇതിലേറെ വനിതകൾ

തൊഴിലില്ലാതെ വീട്ടു പണികളിൽമാത്രം ഒതുങ്ങികഴിയുന്നവരായി ഇവിടെയുണ്ട്.

ഗവൺമെൻറ് · അർദ്ധഗവൺമെൻറ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ഥിരവരുമാനമുള്ള സ്ത്രീകളുടെ എണ്ണം തുലോം കുറവാണ്. പഞ്ചായത്തിലെ സ്കൂളുകളിലേയും, ഗവൺമെൻറ് ആഫീസുകളിലേയും, ബാങ്കുകളിലേയും വനിതാജീവനക്കാരെ പരിശോധിച്ചാൽ മിക്കവരും പുറത്ത്നിന്നും വന്ന് ഈ പഞ്ചായത്തിൽ ജോലിചെയ്യുന്നവരാണ്. ഇവിടെ ചുരുക്കം ചില വനിതകൾ മറ്റ് സ്ഥലങ്ങളിൽ ജോലിചെയ്യുന്ന സ്ഥിര വരുമാനക്കാരായുണ്ട്. ദിനേശ് ബീഡി മേഖലയാണ് താരതമ്യേന സ്ഥിരവരുമാനക്കാരായ കൂടുതൽ വനിതകളെ ഉൾക്കൊള്ളുന്നതെന്നു പറയാം.

പഞ്ചായത്തിലെ കൂലിനിരക്കിൽ സ്ത്രീ പുരുഷൻമാർ തമ്മിൽ അന്തരം വലുതാണ്. കാർഷിക മേഖലയിൽ കൂലി പുരുഷനു 60 രൂപയും സ്ത്രീക്ക് 30 രൂപയുമാണ്. കെട്ടിട നിർമാണത്തിൽ പുരുഷനു 100 രൂപയും സ്ത്രീക്ക് 60 രൂപയുമാണ് കൂലി നിരക്ക്. മണ്ണ് ചുമക്കുക, കല്ല് ചുമക്കുക, തോൽ അരിയുക, പുല്ല്ശേഖരിക്കുക തുടങ്ങിയ പല ജോലിക്കും സ്ത്രീകൾക്ക് നൽകുന്ന വേതനം തുച്ഛമാണ്.

സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള കർഷക തൊഴിലാളി പെൻഷൻ വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, തൊഴിലില്ലായ്മാ വേതനം ഇവയുടെ ഗുണഫലം അനുഭവിക്കുന്ന വനിതകളുടെ എണ്ണം പരിമിതമാണ്. അർഹരായ ഒട്ടേറെ സ്ത്രീകൾ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഉണ്ട്. ഐ. സി. ഡി. എസ്. പദ്ധതിയിൽപ്പെടുന്നതിനാൽ പഞ്ചായത്തിൽ 14 ആംഗൺവാടികൾ ഉണ്ട്. കൂടാതെ പഞ്ചായത്തിൻെറ കീഴിൽ ഒരു നേഴ്സറി സ്കൂളും പ്രവർത്തിക്കുന്നു. ഇവയിലെല്ലാം കൂടി 15 വർക്കർമാർ, 15 ഹെൽപ്പർമാർ -മുഴുവനും സ്ത്രീകൾതന്നെ- ജോലി ചെയ്യുന്നു. 500 കുട്ടികളാണ് അംഗൻവാടികളിൽ എത്തുന്നത്. അംഗൺവാടി ജീവനക്കാരുടെ സ്ഥിതി വളരെ ശോചനീയമാണ്. മാസത്തിൽ 4 അവധി ദിവസം മാത്രം ലഭിക്കുന്ന ഇവരുടെ വേതനം വളരെ തുച്ഛമാണ്. 10 വർഷത്തിൽ കൂടുതൽ സർവീസുള്ള ഒരു അങ്കൺവാടി വർക്കർക്ക് ലഭിക്കുന്ന പരമാവധി വേതനം 550 രൂപയാണ്. ഇവർ ചെയ്യുന്ന സേവനം വളരെ അഭിനന്ദനാർഹമാണ് താനും. ചെയ്യുന്ന ജോലിക്ക് ജീവിക്കാനാവശ്യമായ അർഹമായ വേതനം ലഭിക്കാതിരുന്നാൽ ഏതൊരാൾക്കും സ്വന്തം തൊഴിലിൽ ആത്മാർത്ഥത കാണിക്കാനാവില്ലല്ലോ. ഇനിയും കൂടുതൽ അങ്കൺവാടികൾ സ്ഥാപിക്കേണ്ടതും നിലവിലുള്ള അങ്കൺവാടികളുടെ ശോചനീയാവസ്ഥ പരിഹരിക്കേണ്ടതും അത്യാവശ്യമാണ്. അങ്കൺവാടികളിലെത്താത്ത കുട്ടികൾ പല വീടുകളിലും ബാക്കിയുണ്ട്താനും. കുട്ടികളെ കാടാതെ ഓരോ അങ്കൺവാടിയുടെ കീഴിലും 10 ഗർഭിണികൾക്കും 10 മുലയൂട്ടുന്ന അമ്മമാർക്കും പാകംചെയ്ത പോഷകാഹാരം വിതരണം ചെയ്യുന്നുണ്ട്. ഇതിൻെറ ചുമതല കൂടി നിലവിലുള്ള വർക്കേഴ്സും ഹെൽപ്പേഴ്സുമാണ് വഹിക്കുന്നത്.

മിക്ക അങ്കൺവാടികളോടും ചേർന്ന് മഹിളാസമാജങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ഇവയൊന്നും തന്നെ പ്രവർത്തനക്ഷമമല്ല. ഇവയൊക്കെ സജീവമാക്കിയാൽ വനിതാ ക്ഷേമത്തിൽ ഇവയ്ക്ക് നല്ല പങ്ക് വഹിക്കുവാൻ കഴിയും. വനിതകളുടെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് 10 വാർഡുകളിൽനിന്നും ഉയർന്നുവന്ന പ്രശ്നങ്ങൾ ഏകദേശം സാമ്യമുള്ളവയാണ്. അവ മുൻഗണനാക്രമത്തിൽ ചുവടെ ചേർക്കുന്നു.

എല്ലാ വാർഡുകളിലേയും സ്ത്രീകളെ അലട്ടുന്ന പ്രധാന പ്രശ്നം കുടുംബനാഥൻമാരുടെ മദ്യപാനമാണ്. വാർഡുകളിൽ വ്യാപകമായി നടക്കുന്ന വാറ്റുചാരായ ഉദ്വാദനവും വിൽപ്പനയും പഞ്ചായത്തിൽ സ്ത്രീകളുടെ മനഃസമാധാനത്തിനും ആരോഗ്യത്തിനും ഭീഷണിയായിരിക്കുന്നു.

പഞ്ചായത്തിൽ പല സ്ഥലങ്ങളിലും സാമ്പത്തിക പരാധീനതകൾമൂലം ഉപരിപഠനം നടത്താൻ സാധിക്കാത്ത പെൺകുട്ടികൾ ഏറെയുണ്ട്. സ്ത്രീകളുടെ കൂലിനിരക്ക് പുരുഷൻമാരുടേതിനേക്കാൾ കുറവാണ്. വാർഡിൽ റേഷൻ കടകൾ ആവശ്യാനുസരണം ഇല്ലാത്തതിനാൽ വളരെ ദൂരം നടന്ന്ചെന്ന് റേഷൻവാങ്ങേണ്ടിവരുന്നത് സ്ത്രീകൾ ആണ്. പഞ്ചായത്തിൽ സ്ത്രീകൾക്കുമാത്രമായ വിദ്യാഭ്യാസ സ്ഥാപനങ്ങളോ ലൈബ്രറികളോ വായനശാലകളോ ഒന്നും തന്നെയില്ല. പല സ്ഥാപനങ്ങളിലും സംഘടനകളിലും സ്ത്രീകൾ പ്രസിഡണ്ടോ സെക്രട്ടറിയോ അല്ല.

വീട്ടുജോലികളിൽ സഹായിക്കാൻ ഉള്ള മനോഭാവം കുറഞ്ഞതോതിലെ പുരുഷൻമാരുടെ ഇടയിൽ ഉള്ളൂ.

പഞ്ചായത്തിൽ വനിതകൾ നടത്തുന്ന വ്യവസായ യൂണിറ്റുകളും മറ്റ് തൊഴിൽദായക കേന്ദ്രങ്ങളും വളരെ കുറവാണ്

റേഷൻ കടകളിൽ ജോലിചെയ്യുന്ന ഒറ്റ സ്ത്രീയും ഇല്ല.

പഞ്ചായത്തിൻേറ ചില ഭാഗങ്ങളിൽ ചെറിയ തോതിലെങ്കിലും ബാല്യ വിവാഹം നടക്കുന്നു.

സ്ത്രീധന സമ്പ്രദായവും നിലവിലുണ്ട്.

പ്രൈവറ്റ് മെഖലയിൽ ബീഡി തെറുക്കുന്ന സ്ത്രീകൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.

പഞ്ചായത്തിൽ ക്രഷേകൾ ഒന്നും പ്രവർത്തിക്കുന്നില്ല.

കാർഷിക മേഖല തളർച്ചയെ നേരിടുന്നതിനാൽ പലരും നെൽകൃഷി ഉപേക്ഷിക്കുന്നത് സ്ത്രീകളുടെ തൊഴിൽസാധ്യത കുറക്കുന്നു.

പഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത്സെൻറർ മാത്രമേ ഉള്ളൂ. പി. എച്ച്. സി. യിൽ ഐ. പി. വിഭാഗം ഇല്ലാത്തത് സ്ത്രീകളെ ബാധിക്കുന്നു.

തൊഴിൽ രഹിതരായ ധാരാളം പെൺകുട്ടികളും സ്ത്രീകളും പഞ്ചായത്തിലുണ്ട് - ഇവരുടെ സമയവും ഊർജവും പാഴായിപ്പോകുന്നു.

തുടർ സാക്ഷരതാ കേന്ദ്രങ്ങൾ പഞ്ചായത്തിൽ ഇല്ലാത്തതിനാൽ നവ സാക്ഷരർക്ക് തുടർവിദ്യാഭ്യാസം നേടാൻ കഴിയുന്നില്ല.

പഞ്ചായത്തിലെ പൊതു സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഉപയോഗയോഗ്യമായ കിണർ, കക്കൂസ്, മൂത്രപ്പുര എന്നിവ ആവശ്യമാണ്.

അടുക്കളപ്പുക ശ്വസിച്ച് സ്ത്രീകളുടെ ആരോഗ്യം ക്ഷയിച്ചുകൊണ്ടിരിക്കുന്നു.

പഞ്ചായത്തിൻേറ എല്ലാ ഭാഗങ്ങളിലും അങ്കൺവാടികൾ ഇല്ലാത്തതിനാൽ കൊച്ചുകുട്ടികളെ വളരെദൂരെവരെ കൊണ്ടുവിടേണ്ടിവരുന്നു.

മഹിളാ സമാജം പ്രവർത്തനം പഞ്ചായത്തിൽ സജീവമല്ല. അർഹരായ എല്ലാവർക്കും പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല.

നിർദേശങ്ങൾ

1. പഞ്ചായത്തിലെ മുഴുവൻ അങ്കൺവാടികൾക്കും മൂത്രപ്പുരകൾ, കഞ്ഞിപ്പുര, കുടിവെള്ളം, വൈദ്യുതി എന്നിവ ലഭ്യമാക്കണം.

2. റജിസ്റ്റർ ചെയ്ത മുഴുവൻ മഹിളാ സമാജങ്ങളുടെയും പ്രവർത്തനം കാര്യക്ഷമമാക്കണം. അവയോടനുബന്ധിച്ച് തുന്നൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കണം. അടുക്കളത്തോട്ടം, കോഴിവളർത്തൽ തുടങ്ങിയവയിൽ പരിശീലനം, വിഭവങ്ങൾ എന്നിവ നൽകണം.

3. 9-ാം വാർഡിൽ ഒരു പി. എച്ച് സി ആരംഭിക്കണം. മലപ്പച്ചേരിയിൽ ഒരു ക്രഷേ ആരംഭിക്കണം.

4. നിലവിലുള്ള പി. എച്ച്. സി. യുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി ഐ. പി. വിഭാഗം കൂടിയുള്ള ആശുപത്രിയാക്കണം.

5. 9-ാം വാർഡിലെ പോത്തംകൈ, കൂണ്ടേമ്മൂല, എരിപ്പ്, മൂലായിപ്പള്ളി, 5-ാം വാർഡിൽ മൈത്തടം എന്നിവിടങ്ങളിൽ അങ്കൺവാടികൾ സ്ഥാപിക്കണം.

6. പഞ്ചായത്തിൽ കുടനിർമാണം, നയ്ത്ത് റിക്ഷാ ഡ്രൈവിംഗ് തയ്യൽ എന്നിവയിൽ സ്ത്രീകൾക്കായി പരിശീലനകേന്ദ്രങ്ങൾ.

7. പഞ്ചായത്തിലെ എല്ലാ വീടുകളിലും ദക്ഷത കൂടിയ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കണം

8. 4-ാം വാർഡിലെ നിലവിലുള്ള ഡി. ഡബ്ല്യു. സി. ആർ. എ. യൂണിറ്റിന് സ്വന്തമായി കെട്ടിടവും സ്ഥലവും അനുവദിക്കണം.

9. വെള്ളച്ചേരി - പള്ളം ഭാഗത്തും മലപ്പച്ചേരിയിലും റേഷൻ ഷാപ്പുകൾ അനുവദിക്കണം.

10. എരിക്കുളത്ത് മണ്ണ്കൊണ്ടുള്ള പൂച്ചട്ടി നിർമാണ യൂനിറ്റ് വനിതകൾക്ക്വേണ്ടി കൗതുക വസ്തു നിർമാണ യൂനിറ്റ് എന്നി ആരംഭിക്കണം.

11. 9-ാം വാർഡിലെ കോളിക്കുന്നിൽ വാഴനാരുകൊണ്ടുള്ള കൗതുകവസ്തു നിർമാണ യൂനിറ്റ് ആരംഭിക്കണം. 2-ാംവാർഡിൽ പായനെയ്ത്ത്, കുട്ടനെയ്ത്ത് എന്നിവയ്ക്കുള്ള യൂനിറ്റുകളും ആരംഭിക്കണം.

12. പഞ്ചായത്തിനെ ചാരായവിമുക്ത പഞ്ചായത്താക്കി മാറ്റാനുള്ള ഊർജിതശ്രമം നടത്തുകയും മദ്യവർജന സമിതികളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പ്വരുത്തുകയും ചെയ്യണം.

13. എല്ലാ വാർഡിലേയും റേഷൻകട, ബസ്സ്റ്റോപ്പ്, ബീഡിക്കമ്പനികൾ, മറ്റ് തൊഴിൽശാലകൾ എന്നിവയോട് ചേർന്ന് സ്ത്രീകൾക്ക് മാത്രമായി മൂത്രപ്പുരകൾ സ്ഥാപിക്കണം.

14. എരിക്കുളത്ത് നിർമ്മിക്കുന്ന മൺപാത്രങ്ങൾക്ക് വിപണന സൗകര്യങ്ങൾ ഉണ്ടാക്കുകയും ഉൽപ്പാദനം കാര്യക്ഷമമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.

15. സ്ത്രീകൾക്ക് നേരെയുള്ള അതിക്രമം അവസാനിപ്പിക്കാനുള്ള നടപടിക്രമങ്ങൾ നടപ്പാക്കുക.

16. പഞ്ചായത്തിലെ അർഹരായ എല്ലാ വനിതകൾക്കും പെൻഷൻ അനുവദിക്കുക.

17. പഞ്ചായത്തിൽ ബാല്യവിവാഹം കർശനമായി നിരോധിക്കാനുള്ള പ്രവർത്തനം ആരംഭിക്കണം.

18. സ്ത്രീധന നിരോധന നിയമം കർശനമായി നടപ്പാക്കുക.

19. പഞ്ചായത്തിൽ സഹകാര്യ ബീഡി

വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ള വനിതകൾക്ക് ക്ഷേമനിധി മറ്റാനുകൂല്യങ്ങൾ എന്നിവ നടപ്പാക്കുക.

20. വിവിധ തൊഴിലുകളിൽ സ്ത്രീകൾക്കും പുരുഷൻമാർക്കും നൽകുന്ന വേതനത്തിലെ അന്തരം ഒഴിവാക്കുക.

21. വിധവകളുടെ പെൺകുട്ടികൾക്ക് വിവാഹത്തിന് ധനസഹായം ലഭ്യമാക്കാനുള്ള പദ്ധതി ഊർജിതമാക്കുകയും അവരുടെ പഠനത്തിനും ഇതുപോലുള്ള ആനുകൂല്യങ്ങൾ അനുവദിക്കുക.

22. റേഷൻകടകളിൽ സ്ത്രീകളെ ജോലിക്കാരായി നിയമിക്കുക.

23. അടുക്കള ജോലിയിൽ പുരുഷൻമാരും സഹായിക്കാനുള്ള മനോഭാവം വളർത്തുക.

24. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കണ്ടുവരുന്ന ശീട്ടുകളി ശല്യം അവസാനിപ്പിക്കാനുള്ള നടപടികൾ കൈകൊള്ളുക.

25. 10-ാം വാർഡിലെ ഡി. ഡബ്ല്യു. സി. ആർ. എ. യൂണിറ്റന്റെ പ്രവർത്തനം കാര്യ ക്ഷമമാക്കുക.

26. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുക.

പൊതുവെ ഏതു പ്രദേശം എടുത്തു നോക്കിയാലും കൂടുതൽ ദുരിതം അനുഭവിക്കുന്ന വിഭാഗമാണ് സ്ത്രീകൾ. സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടാൽ സമൂഹത്തിന്റെ ആകെ പ്രശ്നങ്ങൾ പരിഹരിച്ചു എന്നുപറയാം. നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ട സ്ത്രീത്വത്തെ തൊട്ടുണർത്തി കർമ്മോൻമുഖരാക്കി അവരെ സാമൂഹ്യമാറ്റ പ്രക്രിയയിൽ പങ്കാളികളാക്കേണ്ടതുണ്ട്. സ്ത്രീയെ പെങ്ങളായും, ഭാര്യയായും, അമ്മയായും, അമ്മൂമ്മയായും മാത്രം കണക്കാക്കാതെ രാഷ്ട്രപുനർനിർമ്മാണ പ്രക്രിയയിൽ പുരുഷനോടൊപ്പം നിന്ന് പൊരുതാൻ കരുത്തുള്ള സ്വന്തമായ അസ്തിത്വമുള്ളവരാക്കി മാറ്റാൻ പ്രവർത്തിക്കേണ്ടതാണ്. അതിന് വേണ്ടി അവർക്ക് ലഭിക്കേണ്ടുന്ന എല്ലാ പരിഗണനകളും അനുകൂല്യങ്ങളും സഹായങ്ങളും നൽകികൊണ്ട് എല്ലാ അർത്ഥത്തിലും സമ്പന്നമായ ഒരു സ്ത്രീ സഞ്ചയത്തെ വാർത്തെടുക്കാൻ ഈ പഞ്ചായത്തിന്റെ വികസന പ്രക്രിയയിലൂടെ സാധ്യമാകുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.



ഉപസംഹാരം

അധികാരം ജനങ്ങളിലേക്ക് - ആ മഹത്തായ ലക്ഷ്യം സാക്ഷാത്കരിക്കപ്പെടുകയാണ്. ഗ്രാമത്തിന്റെ വികസന പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ ഗ്രാമസഭയിൽ എത്തിച്ചേർന്ന വോട്ടർമാരുടെ മുഖങ്ങളിൽ പ്രത്യാശയുടെ പൊൻകിരണത്തോടൊപ്പം സംശയത്തിന്റെ കാർമേഘവും നിഴലിച്ചിരുന്നില്ലേ? ആസൂത്രണത്തിന്റെ പിന്നിട്ട അധ്യായങ്ങൾ ഡിപ്പാർട്ടുമെൻറലിസവും അധികാര കേന്ദ്രീകരണവും ആയിരുന്നുവല്ലോ?

കാർഷിക വ്യവസായ സേവന മേഖലകളിൽ അനുഭവത്തിന്റെ പാഠങ്ങളായിരുന്നു ഗ്രാമ സഭാ ചർച്ചകളിൽ മുഴങ്ങിക്കേട്ടത്. സന്നദ്ധസേവനത്തിന്റെ ഓട്ടേറെ മാതൃകകൾ നമുക്ക് മുന്നിലുണ്ട്. പുതിയ സംരംഭത്തിൽ അവ നമുക്ക് കരുത്തേകും. പരിമിതമായ ധനാഗമമാർഗ്ഗങ്ങൾ ദൈനംദിന ചെലവിനു പോലുമെത്താത്ത പഞ്ചായത്തിന് ജനങ്ങളുടെ പ്രതീക്ഷ സഫലീകരിക്കാൻ സാധ്യമല്ല തന്നെ. അതുകൊണ്ട് പുതിയ *വികസന സംസ്കാരം* രൂപപ്പെടുത്തിയേ തീരൂ. കക്ഷി രാഷ്ട്രീയത്തിനും വിഭാഗീയ ചിന്തകൾക്കും അതീതമായി വസ്തുനിഷ്ഠമായ വിശകലനങ്ങളുടെ അന്തഃസത്തയാകണം വികസനത്തിന്റെ മാർഗ്ഗരേഖ. അടിസ്ഥാന സൗകര്യങ്ങൾ പോലും ഇല്ലാത്ത ജനങ്ങളെ പുനരുദ്ധരിക്കണമെങ്കിൽ ഭൂരിപക്ഷം ഗ്രാമീണരുടെ ആശ്രയമായ കാർഷിക മേഖലയുടെ വളർച്ച ത്വരിതപ്പെടുത്തേണ്ടിയിരിക്കുന്നു.


9ാം പദ്ധതിക്കു വേണ്ടി നീക്കിവെക്കപ്പെടുന്ന 14800 കോടി രൂപയുടെ 40% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുദിക്കുകയാണെങ്കിൽ 5920 കോടി രൂപ ലഭിക്കും. ആ നിലക്ക് നമ്മുടെ പഞ്ചായത്തിന് 72.9 ലക്ഷം രൂപ പ്രതിവർഷം ലഭിക്കുമെന്നു കാണാം ഇതോടൊപ്പം ഗ്രാമീണരുടെ സന്നദ്ധത കൂടി ആയാൽ വികസനത്തിൽ പുതിയൊരു അധ്യായം കൂടി നമുക്ക് എഴുതിച്ചേർക്കാം.

പുതിയ ഗ്രാമവികസന പദ്ധതി ചർച്ച ചെയ്യപ്പെടുന്ന ഈ ഘട്ടത്തിൽ ജനകീയ ഐക്യത്തിനു നവ സമവാക്യം എഴുതുന്ന കർമ്മ പദ്ധതി ഈ സെമിനാറോടെ രൂപപ്പെടും, രൂപപ്പെടണം. അതിനുള്ള വഴി കാട്ടിയാണ് ഈ റിപ്പോർട്ട്. തീർച്ചയായും മഹത്തായ പ്രതീക്ഷകൾ സഫലീകരിക്കാൻ നമുക്ക് കഴിയുമെന്ന പ്രത്യാശയോടെ ഈ സമഗ്ര വികസനരേഖ മടിക്കൈ ഗ്രാമപഞ്ചായത്ത് വികസന സെമിനാറിനു മുമ്പിൽ വിശദമായ ചർച്ചയ്ക്കും, വിലയേറിയ നിർദ്ദേശങ്ങൾക്കും പൂർത്തീകരണത്തിനും വേണ്ടി സമർപ്പിക്കുന്നു.

നാളിതുവരെയുള്ളവർ

ചരിത്രത്തെ വ്യാഖ്യാനിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ

നമുക്ക് ചരിത്രത്തെ മാറ്റി മറിക്കണം


കേരളം
കർണാടക
തമിഴ്നാട്
കാസർഗോഡ്